# അറിഞ്ഞതും അറിയേണ്ടതും

## ജോസഫ് മറ്റപ്പള്ളി

അടയാളങ്ങളുടെ ലോകം
ഊർജ്ജ പഥങ്ങൾ
ഊർജ്ജത്തിന്റെ പ്രകൃതി
ഊർജ്ജത്തിന്റെ വിന്യാസം
ആശയ വിനിമയം
ഊർജ്ജം സമാഹരണം
ഊർജ്ജ വലയങ്ങൾ
ചക്രാകൾ
ഊർജ്ജ മോഷണം
കൈവെയ്പ്പു ശുശ്രൂഷ
ചക്രാകളുടെ പ്രവർത്തനം
ഊർജ്ജ മാലിന്യങ്ങൾ
ചിന്തകളുടെ ലോകം
എങ്ങിനെ ചിന്തിക്കണം?
എങ്ങിനെ പ്രാർഥിക്കണം?

ഭൌതിക ലോകത്തിന്റെ തിളക്കത്തിൽ, പഞ്ചേന്ദ്രിയങ്ങളിൽ കൂടി വിവേചിക്കാൻ കഴിയുന്നത് മാത്രമാണ് ജീവിതം എന്ന് കരുതുന്നവർക്ക് വേണ്ടിയുള്ളതല്ല ഈ ലേഖന പരമ്പര. മനുഷ്യ മനസ്സിന്റെയും ശരീരത്തിന്റെയും പ്രവർത്തനം നിയന്ത്രിക്കുന്ന സൂഷ്മ രഹസ്യങ്ങളുടെ സാദ്ധ്യതകളിലേക്ക് ശാസ്ത്രിയമായി വെളിച്ചം വീശുന്നത് വഴി അന്വേഷണത്തിന്റെ നൂതനമായ ഒരു മാർഗ്ഗം തിരഞ്ഞെടുക്കാൻ വെമ്പുന്ന സാധാരണക്കാർക്കാണ് ഇത് പ്രയോജനപ്പെടുക.

# അറിഞ്ഞതും അറിയേണ്ടതും

## 1

ഒരിക്കലല്ല, പലപ്രാവശ്യം ഒരു കുഞ്ഞനുജൻ എന്നോടാവശ്യപ്പെട്ടു, സാറ് മനുഷ്യ ശരീരത്തിലെ സൂഷ്മമേഖലയെപ്പറ്റി എഴുതണം. ഇക്കാര്യത്തിൽ എത്ര ചെറിയ അറിവാണ് എനിക്കുള്ളത് എന്നല്ല ഞാൻ ചിന്തിച്ചത്, ഉള്ളത് പങ്കു വെയ്ക്കുന്നതിനെപ്പറ്റിയായിരുന്നു.

സംശയങ്ങൾ ആർക്കും ഉണ്ടാവും; സംശയങ്ങൾ ഉള്ള മിക്കവരും അത് ആരോടെങ്കിലും ചോദിക്കുകയും കേൾക്കുന്നത് ഉത്തരമായി കരുതി ജീവിക്കുകയും ചെയ്യും. സംശയങ്ങളിൽ നിന്ന് ജിജ്ഞാശയും (curiostiy), ആകാംക്ഷയും (enthusiasm) ജനിക്കുന്നു. ജിജ്ഞാശ അപകടകാരിയാണ്, ഒരേ ഒരു പാപം ഇതാണെന്നും വാദിക്കുന്നവരുണ്ട്. ആകാംക്ഷ പക്ഷേ നിരുപദ്രവകാരിയാണ്. ഞാൻ ജിജ്ഞാശയുടെ പിന്നാലെയാണ് പോയത്, ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം തേടി അതാണ് ജീവിതത്തിൻറെ ആത്യന്തിക ലക്ഷ്യം എന്നതു പോലെ.

അറിവിൻറെ ഖനിയാണ് ഭാരതീയ പ്രാമാണിക ഗ്രന്ഥങ്ങളെന്നത് ലോകം മുഴുവൻ സമ്മതിക്കുന്ന ഒരു സത്യമാണ്. സെമറ്റിക് മതങ്ങൾ ഭാരതത്തിൽ വന്നതിനു ശേഷമാണ് നമ്മുടെ അറിവുകൾ തമസ്ക്കരിക്കപ്പെടാൻ തുടങ്ങിയത്. താന്താങ്ങളുടെ വി. ഗ്രന്ഥങ്ങളുടെയും വചനങ്ങളുടെയും പിൻബലത്തിൽ ശാസ്ത്ര സത്യങ്ങളെ അനാചാരങ്ങളുടെ പട്ടികയിൽപ്പെടുത്തുന്നതിൽ അവർ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. ഭാരതത്തിൽ നിലനിന്നിരുന്ന ആചാരങ്ങളുടെ ശാസ്ത്രം അറിഞ്ഞവർ പക്ഷെ, ഈ വലയിൽ വീണില്ല. അവർ നോക്കിയപ്പോൾ ബൈബിളും ഖുറാനുമൊക്കെ തികഞ്ഞ ശാസ്ത്ര ഗ്രന്ഥങ്ങൾ. അതുകൊണ്ട് തന്നെ അവരാരും സെമെറ്റിക് മതങ്ങളുടെ കടന്നു കയറ്റത്തെ കാര്യമായി എതിർത്തില്ല. സിദ്ധ കബീർ മുതൽ വിവേകാനന്ദൻ വരെ യേശുവിനെയും പ്രവാചകനായ നബിയേയുമൊക്കെ ബഹുമാനിച്ചു, ആദരിച്ചു.

സെമെറ്റിക് മതങ്ങളിലെ ഊർജ്ജസ്വലരായ ആദ്യകാല മഹത്തുക്കൾക്ക് സത്യം കാണാനുള്ള ശേഷി ഉണ്ടായിരുന്നെങ്കിൽ, അത്തരക്കാരെ ഒതുക്കിയുള്ള ഒരു പ്രസ്ഥാനവത്കരണമാണ് ആധുനിക ലോകത്തിലെ സെമെറ്റിക് മതങ്ങളുടെ മുന്നേറ്റത്തിൽ നാം കണ്ടത്. ഉൾക്കാഴ്ചയോടെ വി. ബൈബിൾ വായിക്കുന്നവർക്ക് അത് എന്നും ഒരു മഹത്തായ ശാസ്ത്ര ഗ്രന്ഥമായിരിക്കുമെന്നതിൽ ഒരു സംശയവുമില്ല, അവർ പരീക്ഷണശാലകളിൽ തൂക്കാവുന്നതോ അളക്കാവുന്നതോ ആയി ഊർജ്ജത്തെ പരിമിതപ്പെടുത്തുന്നുമില്ല. സാധാരണങ്ങളായ ചില വസ്തുതകൾ വിലയിരുത്തിയാൽ പോലും മതങ്ങൾ (പ്രത്യേകിച്ചും സെമെറ്റിക്) എന്തുമാത്രം അന്ധകാരത്തിലാണെന്ന് അവരുടെ അനുഗാമികളെ കൊണ്ട് പോകുന്നതെന്ന് കാണാൻ കഴിയും. ഉദാഹരണത്തിന് ജ്യോതി ശാസ്ത്രം എടുക്കുക. പ്രപഞ്ചത്തിലെ നിസ്സാരമെന്നു കരുതുന്ന ചന്ദ്രൻ സമുദ്രത്തിൽ വേലിയിറക്കത്തിനും വെലിയേറ്റത്തിനും കാരണമാവുന്നു. മനുഷ്യ ശരീരത്തിൽ 60 ശതമാനത്തിലേറെയും ജലമാണ്. ഈ ജലവും ചന്ദ്രൻറെ സ്വാധീനത്തിൽ പെട്ടതാണ്. ശരീരത്തിൽ ചന്ദ്രൻ ഉണ്ടാക്കുന്ന മാറ്റം മാനസിക സന്തുലിതാവസ്ഥ തെറ്റിക്കുന്നു. അതുകൊണ്ടാണ് മാനസിക രോഗികളെ ലുനാറ്റിക്സ് (ലൂണാറുമായി ബന്ധപ്പെട്ടത്) എന്ന് വിളിക്കുന്നത്. നാം തീർത്തും നിസ്സാരമെന്നു കരുതുന്ന നക്ഷത്രങ്ങളും ഭൂമിയിൽ ശ്രദ്ധേയമായ വ്യത്യാസങ്ങൾ വരുത്തുന്നു എന്നത് ശാസ്ത്രം തെളിയിച്ചു കഴിഞ്ഞു. അതായത്, നാളുകളിലും നക്ഷത്രങ്ങളിലും കാര്യമുണ്ട് എന്നത് തന്നെ. പക്ഷെ, ഈ ശാസ്ത്രം മാത്രമല്ല ഒരാളുടെ ഭാവി നിർണ്ണയിക്കുന്നത് എന്നതും സത്യം. ക്രിസ്ത്യാനികൾ ജ്യോതി ശാസ്ത്രത്തിൻറെ പ്രസക്തി അപ്പാടെ തള്ളിക്കളയുന്നു എന്ന് ശ്രദ്ധിക്കുക, ഈ ജ്യോതി ശാസ്ത്രം ഇല്ലായിരുന്നെങ്കിൽ രാജാക്കന്മാർ ഒരിക്കലും ബേതലഹേമിൽ എത്തുകയില്ലായിരുന്നുവെന്ന സത്യം അവഗണിക്കുകയും ചെയ്യുന്നു. ജ്യോതിശാസ്ത്രം

തെറ്റാണെന്ന് യേശു പറഞ്ഞിട്ടില്ലാ എന്നത് ഒരു വസ്തുതയാണ്. പക്ഷെ, ഞാൻ ഉദ്ദേശിക്കുന്നത് എല്ലാവരും ജാതകം എഴുതിക്കണമെന്നല്ല.

ഒരു വികട ദൈവശാസ്ത്രം ഉയർത്തിപ്പിടിച്ചുകൊണ്ട് വിശ്വാസികളെ പറ്റിക്കാൻ മതാധികാരികൾക്ക് കഴിയുന്നത് , ഇത്തരം ഗൂഢ സത്യങ്ങൾ സ്ഥൂലശാശ്ത്രത്തിൻറെ പരിധിയിൽ വരാത്തതുകൊണ്ടാണ്. ഇതല്ല ശരിയെന്ന് പറയുന്നവർക്കും ഒരു പരീക്ഷണശാലയിലൂടെ അത് തെളിയിക്കാൻ കഴിയില്ലെന്ന് അവർക്കറിയാം. കിഴക്കോട്ട് തല വെച്ച് കിടക്കണം അല്ലെങ്കിൽ പഠിക്കണം എന്ന് പറയുന്നതിലോ ദിക്കുകളുടെ പ്രത്യേകതകളിലോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നില്ല. കിടപ്പിനെക്കുറിച്ചു ഒരു നാട്ടു ചൊല്ലുണ്ട്, 'ആവാം തെക്കോട്ട്, അരുതേ പടിഞ്ഞോട്ട്, വർജ്ജ്യം വടക്കോട്ട്, ഉത്തമം കിഴക്കോട്ട്' എന്നാണത്. സൂര്യൻ ഉദിക്കുന്നത് കിഴക്കായതുകൊണ്ടല്ല കിഴക്കിന് ഇത്ര പ്രാധാന്യം വന്നത്. തെക്ക് നിന്ന് വടക്കോട്ടും, കിഴക്കുനിന്നു പടിഞ്ഞോട്ടുമായി ഭൂമിക്കു ചുറ്റും രണ്ടു കാന്തിക വലയങ്ങൾ ഉണ്ട്. ഇത് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. സൂര്യനും ഗ്രഹങ്ങളുമെല്ലാം തങ്ങളുടെ ഊർജ്ജ രശ്മികൾ ഈ വലയങ്ങളിലൂടെയാണ് ഭൂമിയിൽ പ്രസരിപ്പിക്കുന്നത്. ഇത് പ്രയോജനപ്പെടണമെങ്കിൽ വീടിൻറെ ദർശനവും ഇരിപ്പിൻറെയും കിടപ്പിൻറെയും ദിശയും അതിനുപകരിക്കുന്ന രീതിയിൽ ആകേണ്ടതുണ്ട്. ഈ സത്യത്തെ അവഗണിക്കണമെന്ന് പറയുന്നത് വി. ഗ്രന്ഥങ്ങളല്ല, അജ്ഞരായ മതാധികാരികളാണ്. സത്യം അറിയാനും ഉപയോഗിക്കാനും മുന്നിൽ ഏറെ സാധ്യതകളുള്ളപ്പോൾ, 'വേണ്ട ഇവർ പറയുന്നത് മതി എനിക്ക്' എന്ന് കരുതി സത്യത്തിനു നേരെ കണ്ണടക്കുന്നവരോട് ദൈവം കരുണ കാണിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, ഈ നിയമങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരിക്കുന്നതും അതെ ദൈവം തന്നെയാണല്ലോ.

മതാധികാരികളുടെ ഈ കെണിയിൽ വീഴുന്നവർ കരുതുന്നത് ആ വഴിയും ഈ വഴിയെയുമൊക്കെ പോയാൽ ദൈവവിശ്വാസം നഷ്ടപ്പെടുമെന്നാണ്. സത്യത്തിൽ സംഭവിക്കുന്നത് മതവിശ്വാസം ഇല്ലാതാവുകയും ദൈവവിശ്വാസം വർദ്ധിക്കുകയും ചെയ്യുമെന്നതാണ്. എൻറെ അനുഭവം അങ്ങിനെയാണ്, അതുകൊണ്ടാവണം 'ശാസ്ത്രത്തിൻറെ അവസാനം ദൈവമാണെന്ന്' പറയപ്പെടുന്നതെന്ന് ഞാൻ കരുതുന്നു. ഇവിടെ മനുഷ്യൻ ആവശ്യപ്പെടുന്നത് ദൈവവിശ്വാസമല്ല മതവിശ്വാസമാണ് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. തുറന്ന മനസ്സോടെ അറിവിനെ സ്വീകരിക്കാൻ തയ്യാറുള്ളവർക്ക് വേണ്ടി 'എനിക്കറിയാവുന്നത് പങ്കു വെയ്ക്കാൻ സന്തോഷമേയുള്ളൂ.

ഈ ലേഖന പരമ്പര ആദ്യമായി പ്രസിദ്ധീകരിച്ചത് പ്രണവം എന്ന ബ്ലോഗ്ഗിലാണ്. അന്ന്. ഈ ലേഖനത്തിനോടൊപ്പം പ്രസിദ്ധീകരിക്കപ്പെട്ട പ്രസക്തമെന്നു തോന്നിയ ചില നിരീക്ഷണങ്ങളും ഒപ്പം പ്രസിദ്ധീകരിക്കുന്നു.

**ജിജോ ബേബി ജോസ്**

ജ്ഞാനത്തിന്റെ അക്ഷയഖനിയായ വേദോപനിഷത്തുക്കൾ സൂക്ഷ്മലോകത്തിന്റെ മഹാശാസ്ത്രമാണ്. പക്ഷേ അവയെ ക്രൈസ്തവലോകം നോക്കിക്കാണുന്നത് കേവലം മന്ത്രവാദത്തിന്റെയും വിഗ്രഹാരാധനയുടെയുമൊക്കെ ഉറവിടങ്ങൾ മാത്രമായാണ്. ഊർജ്ജത്തിന്റെ അടിസ്ഥാന പ്രരൂപങ്ങളിൽ ഒന്നായ ശബ്ദതരംഗങ്ങളുടെ സാദ്ധ്യതകൾ ആണ് മന്ത്രത്തിന്റെ ക്രിയാത്മകത. പല തരംഗ ആവൃത്തികളാൽ സങ്കീർണ്ണമായതും അങ്ങേയറ്റം ക്രിയാത്മകവുമായ ഒരു ideal timbre ആണ് 'ഓംകാരം'. ഇതിലേക്കൊന്നും ഒരു കിളിവാതിൽ പോലും തുറക്കപ്പെടാത്ത നിർഭാഗ്യനാണ് ക്രിസ്ത്യാനി! ഉൽപ്പത്തിയിൽ എന്നപോലെ അറിവിന്റെ കനി ഇപ്പോഴുമവന് വിലക്കപ്പെട്ട കനിയായി തന്നെ തുടരുന്നു!

പുരാതന ഈജിപ്റ്റിൽ നിലനിന്നിരുന്ന അനാചാരങ്ങളാണ് വിഗ്രഹാരാധന വിലക്കപ്പെട്ട ബൈബിൾ പശ്ചാത്തലം. വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുന്നു എന്ന വ്യാജമായ കണ്ടെത്തലിൽ മന്ത്രശാസ്ത്രവിധികൾക്കും വിലക്ക് വീണു. ഈ പ്രതലത്തിൽ നിന്നു തന്നെയാണ് ബൈബിൾ വ്യാഖ്യാനങ്ങൾ ഇപ്പോഴും നടക്കുന്നത്. തന്റെ വി. ഗ്രന്ഥത്തിന്റെ പ്രാമാണികതയ്ക്കപ്പുറം ശാസ്ത്രയുക്തിയുടെതായ ഒരുള്ളടക്കം സത്താപരമായി മനുഷ്യനിലുണ്ടെന്ന് അറിയാത്തപക്ഷം, ചില ഭേദപ്പെട്ട ഭൌതികവിചാരങ്ങൾക്കപ്പുറം സഭാവിജ്ഞാനീയം ഒരിക്കലും ആത്മാവബോധത്തിന്റേതല്ല, അതിന് യാതൊരു ലക്ഷണങ്ങളുമില്ല. ആത്മബോധമുണർന്നവന് സഭാവിശ്വാസം ആത്മവഞ്ചനയാണ്!

**ജോസഫ് മറ്റപ്പള്ളി**

വേദോപനിഷത്തുക്കൾ അറിവിൻറെ സാഗരം തന്നെയെന്നത് ലോകം അംഗീകരിക്കുന്നു. അതുകൊണ്ടാണല്ലോ അനേകം വിദേശ സർവ്വകലാശാലകൾ ഭാരതത്തിലേക്ക് എത്തിനോക്കിയതും സത്യാന്വേഷികളുടെ കേദാരമായി ഭാരതം മാറാൻ ഇടയായതും. ഒരു ക്രിസ്ത്യാനി ഏറെ നിർഭാഗ്യവാനാണെന്ന കാഴ്ചപ്പാടും ശരി തന്നെ. ദൈവത്തെ വെറുമൊരു ഭൂമിയുടെ അധിപനായി നാം ചിത്രീകരിക്കുന്നുവെന്നതാണ് ദു:ഖകരം. എണ്ണിയാൽ ഒടുങ്ങാത്ത നക്ഷത്ര വ്യൂഹങ്ങൾ ഉള്ള ബ്രഹ്മാണ്ഡകടാഹത്തിൽ ഒരു തരിയുടെ പ്രസക്തിയെങ്കിലും സൌരയൂഥത്തിനുണ്ടോ എന്ന് പോലും നമുക്ക് നിശ്ചയമില്ല. അതിലെ ഒരു ഗ്രഹമായ ഭൂമിയുടെ ചലനത്തെ ആസ്പദമാക്കിയുള്ള കാലക്രമമാണ് ഒരു ക്രിസ്ത്യാനിയുടെത് എന്ന് കാണുമ്പോൾ എത്ര സങ്കുചിതമാണ് അത് എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ശാസ്ത്രത്തിലേക്ക് കടന്നു ചെല്ലുന്ന ഒരു കൊച്ചു കുട്ടിക്ക് പോലും അറിയാം, നാം കാണുന്നതും അറിയുന്നതുമെല്ലാം ഊർജ്ജത്തിൻറെ വത്യസ്ഥ ഭാവങ്ങൾ മാത്രമാണെന്ന്. അതിനാൽ തന്നെ ഈശ്വരനെയും സർവ്വോന്നത ഊർജ്ജമായെ (Highest Consciousness) പരിഗണിക്കാനാവൂ. ഊർജ്ജം, അതെന്തായാലും അതിനും ഒരടിസ്ഥാനം ഉണ്ടായിരിക്കുമല്ലോ. ഈ അടിസ്ഥാനം ഊർജ്ജത്തിന്റെ അതി സൂഷ്മഭാവം ആയിരിക്കുമെന്നത് യുക്തി കൊണ്ട് മനസ്സിലാക്കാവുന്നതേയുള്ളൂ. പക്ഷേ, ഊർജ്ജത്തിന് പരമാവധി കുറഞ്ഞത് കൂടിയത് എന്നിങ്ങനെയുള്ള ഒരു തിരിവ് ഒരിക്കലും സാദ്ധ്യമല്ലായെന്നുള്ള സത്യം ശാസ്ത്രകാരന്മാരെ കുഴപ്പിക്കുന്നുമുണ്ട്. നിത്യത കൊണ്ട് സാധാരണ മനുഷ്യർ ആ അഗ്രങ്ങൾ പൂരിപ്പിക്കുന്നു. സ്വന്തം ഗ്രഹണശേഷിയിലൂടെ അതിലെ ശൂന്യതയെപ്പറ്റിയും അതിന്റെ സിദ്ധി സാദ്ധ്യതകളെപ്പറ്റിയും അറിഞ്ഞവരാണ് മനുഷ്യനെ നയിക്കാൻ കെൽപ്പുള്ള ഗുരുക്കന്മാർ. അവരാണ് നമുക്കില്ലാത്തത്; ഭൂമിയിൽ ഇല്ലായെന്നല്ല ഞാൻ പറഞ്ഞത്. അറിയുവാനും വളരുവാനും ആഗ്രഹിക്കുന്നവർ അതിനുള്ള യോഗ്യത ആർജ്ജിക്കുമ്പോൾ ഇത്തരം ഗുരുക്കന്മാർ മുമ്പിൽ പ്രത്യക്ഷപ്പെടുമെന്നുള്ളത് ഒരു വസ്തുതയാണ്. മനസ്സിൽ വ്യവസ്ഥകളുടെയും മുദ്രണങ്ങളുടെയും ഭാണ്ഡകെട്ടുകളുമായി നിരങ്ങിയും നീങ്ങിയും മുന്നേറുന്ന മനുഷ്യർക്ക് അവകാശപ്പെട്ടതല്ല ഈ ഗുരുക്കന്മാർ. ഇവിടെയാണ് മതങ്ങൾ മനുഷ്യന്റെ ശത്രുവായി മാറുന്നത്. മതങ്ങൾ പറയുന്നത്, ഒരുമിച്ച് നിന്നില്ലെങ്കിൽ ഈശ്വരൻറെ നിലനിൽപ്പ് തന്നെ അപകടത്തിലാവുമെന്നാണ്; ഈശ്വരനെ ഇവിടെ രക്ഷിക്കുന്നവരെയേ അപ്പുറത്ത് ഈശ്വരനും രക്ഷിക്കുകയുള്ളൂ എന്ന വാദഗതി അപഹാസ്യം തന്നെ. അങ്ങിനെ ഒരു വൈകാരികാവശ്യവുമായി ഒത്തു ചേരുന്നവർ സ്വന്തം നിലനിൽപ്പാണ് അപകടത്തിലാക്കുന്നത് എന്നതാണ് വസ്തുത. സത്യം വാഗ്ദാനം ചെയ്തിക്കുന്ന സ്വാതന്ത്ര്യം ആർക്കും വേണ്ടാത്ത അവസ്ഥയായി മാറ്റുന്നതിൽ വ്യക്തിക്ക് തന്നെയാണ് ഉത്തരവാദിത്വം. ഇവിടെ മതങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

**അനൂപ്**

അയൽക്കാരനായ കരിസ്മാറ്റിക് കൌൺസിലറുടെ വീടുപണി നടക്കുന്നു .മരം മുറിക്കുന്നതിനെപ്പറ്റി ചർച്ച വന്നപ്പോൾ പക്കം നോക്കി മുറിയ്ക്കുന്നതാവും നല്ലത് എന്ന് ഞാൻ അഭിപ്രായം പറഞ്ഞു . 'ഞാൻ വിശ്വാസിയാണ് ,എനിക്ക് വാവും പക്കവുമൊന്നും നോക്കേണ്ട കാര്യമില്ല' എന്നു പറഞ്ഞു പ്രാർത്ഥനക്കാരൻ ചേട്ടൻ പിണങ്ങി. പക്കം നോക്കാതെ മുറിച്ച മുളയേണി ചെറിയകാലയളവിൽ നശിച്ചു പോയ കാര്യവും, തേൻ ശേഖരിക്കുന്നത് വാവ് നോക്കിയാണെന്നുമൊക്കെ പറഞ്ഞു നോക്കി .ഒരു കാര്യവുമുണ്ടായില്ല.

സ്വർഗസ്ഥനായ പിതാവായ ദൈവവും,മാതാവായ ഭൂമിയും എസ്സീൻ ജൂതന്മാരുടെ ദൈവ സങ്കല്പമാണ് . കാലുറപ്പിച്ചിരിക്കുന്ന ഭൂമിയെ മറന്നു ആകാശത്തിലെ ദൈവത്തെ തേടുന്നതല്ലേ എല്ലാ പ്രശ്ങ്ങൾക്കും കാരണം

**ജോസഫ് മറ്റപ്പള്ളി**

ഈ അബദ്ധം മിക്ക അന്ധ വിശ്വാസികൾക്കും പറ്റുന്നതാണ്. ശരിയായ ദൈവ വിശ്വാസം ഉള്ളവർക്ക് പക്കവും വാവുമൊന്നും നോക്കേണ്ട കാര്യമില്ലായെന്ന് ഞാൻ പറയും. അത്തരക്കാർ ദൈവത്തിൻറെ സന്ദേശം എപ്പോഴും ശ്രവിച്ചുകൊണ്ടാണ് ജീവിക്കുന്നത്. അവർ കാര്യങ്ങൾ ചെയ്യുന്നത് അവർക്ക് തോന്നുന്നതുപോലെയായിരിക്കും.

എന്തുകൊണ്ടാണ് അപ്പോൾ അങ്ങിനെ ചെയ്യുന്നതെന്ന് അവർക്ക് ഒരു വിശദീകരണവും കാണണമെന്നുമില്ല. പ്രത്യേകത എന്താണെന്ന് വെച്ചാൽ അവർ കണ്ണുമടച്ചു ചെയ്യുന്ന മിക്കതും ഏറ്റവും അനുകൂല സ്ഥലത്തും സമയത്തിലുമായിരിക്കും എന്നതാണ്. അതായത് നാം ചെയ്യുന്ന എല്ലാം സമയത്തും സ്ഥലത്തും കൃത്യമായി സംഭവിക്കാം. പക്ഷെ, ആധുനിക ഈശ്വര വിശ്വാസി ബുദ്ധികൊണ്ടാണ് ഈശ്വരനെ മനസ്സിലാക്കുന്നത്. ഇതാണ് അപകടം. ഈ അപകടത്തിൽ ചെന്ന് ചാടുന്നവരെ അബദ്ധത്തിൽ പോലും ദൈവം സംരക്ഷിച്ചേക്കാനുമിടയില്ല.

മറ്റൊരു കാര്യം ഇവിടെ ചിന്തിക്കാനുള്ളത്, എങ്ങിനെ ചെയ്താലും പൂർണ്ണമായും നല്ലതായൊരവസ്തയില്ലായെന്നതാണ്. പക്കം നോക്കാതെ മുള മുറിച്ചവന്റെ ദോഷം മുളയിൽ സംഭവിക്കുകയും അത് വേറൊരു നല്ലതിലേക്ക് നയിക്കുകയുമാവാം. നല്ലതും ചീത്തയും എവിടെയും ഒരേ അളവിൽ ഉണ്ടാവും. അതിൽ നല്ലതിനെ പ്രയോജനപ്പെടുത്തുകയും ചീത്തയെ അവഗണിക്കുകയും ചെയ്യുന്ന രീതിയിലാണ് വാസ്തുവാണെങ്കിലും ഫെന്ഗ് ഷുയി ആണെങ്കിലും പ്രവർത്തിക്കുന്നത്. കൃത്യമായി ഇതൊക്കെ നോക്കി ജീവിച്ചവർക്ക് വലിയ അബദ്ധങ്ങളായിരിക്കും മുന്നിൽ ഉണ്ടായിരിക്കുക. നാം എന്തിനാണോ ഇവിടെ ആയിരിക്കുന്നത് അത് ഒഴിവാക്കാൻ നാം ശ്രമിച്ചാൽ ദുരന്തം ആയിരിക്കും ഫലം. വിധി മറ്റൊരു രീതിയിൽ നമ്മുടെ ജീവിതത്തിലേക്ക് വരുക തന്നെ ചെയ്യും.

ഞാനിപ്പറഞ്ഞത് വാവിനെയും പക്കത്തെയുമൊക്കെ പൂർണ്ണമായി അവഗണിക്കണമെന്നോ ആശ്രയിക്കണമെന്നോ ഉള്ള അർത്ഥത്തിലല്ല. ഇതൊക്കെ സാമാന്യ ശാസ്ത്രങ്ങളായി പരിഗണിച്ചു കൊണ്ട് തന്നെ സാമാന്യ ബുദ്ധി ഉപയോഗിച്ചു ജീവിക്കണം എന്നാണ്. അനൂപ് പറഞ്ഞത് ദൈവ വിശ്വാസത്തിന്റെ പേരിൽ ഇതിനെയൊക്കെ അവഗണിക്കുന്ന കപടഭക്തരെപ്പറ്റിയാണ്. വ്യസനപൂർവ്വം പറയട്ടെ, അവർ തിരഞ്ഞെടുക്കുന്നത് മിക്കവാറും ഭാവിയുടെ ചീഞ്ഞ ഭാഗം തന്നെയാവും. അറിവിനെ അവഗണിച്ചു കൊണ്ട് വിശ്വാസത്തിൽ മുന്നെറാമെന്നു വിശ്വസിക്കുന്നത് മൌഢ്യം ആയിരിക്കുമെന്ന് ഞാൻ കരുതുന്നു.

**ഇമ്മാനുവേൽ ടോം**

ജീവിതത്തെ വിശകലനം ചെയ്താൽ അറിയാം എല്ലാം ചാക്രികം ആണെന്ന്. ഓഷോ പറയുന്നത് പോലെ ‘തുടങ്ങിയടത്തു തന്നെയാണ് ഒത്തിരിയേറെ അലച്ചിലുകൾക്കും പഠനങ്ങൾക്കും അറിവുകൾക്കും ശേഷം നാം എത്തിച്ചേരുന്നത്‘. ശൈശവത്തിൽ നിന്ന് അറിവിന്റെയും യുക്തിയുടെയും തലത്തിലൂടെ യൗവനത്തിലെക്കും വാർധക്യത്തിലെക്കും നീങ്ങുന്ന മനുഷ്യരാശിയോട് ഗുരുക്കന്മാർ പറയുന്നത് വീണ്ടും ശിശുക്കളെ പോലെ ആകാനാണ്. എന്നാൽ ആദ്യത്തെ ശൈശവം ബോധത്തിലേക്ക് ഉണരുന്നതിനു മുൻപേ ആണ്. രണ്ടാമത്തേത് നിത്യ ബോധത്തിലേക്ക് ഉണർന്നതിനു ശേഷം ആണ്. ഇത് പോലെ നാം അനുഷ്ഠിക്കുന്ന, ചെയ്യുന്ന ഏതു കാര്യത്തിനും രണ്ടുതലം ഉണ്ട്. ബോധോധയത്തിനു മുന്പും പിന്പും, അത് പക്കം നോക്കലായാലും ജ്യോതിഷമായാലും പ്രാർത്ഥന ആയാലും. ജീവിതത്തെയും എല്ലാത്തിനെയും നേർരേഖ മാത്രം ആയി കണ്ടു ശീലിച്ച നമ്മുടെ മത വിശ്വാസങ്ങൾക്ക് ഇത് മനസ്സിലാകാൻ ബുദ്ധിമുട്ടാണ്. അറിവിൽ നിന്നും ബോധത്തിലേക്ക് ഉണരാൻ മത വിശ്വാസങ്ങൾ നമ്മെ അനുവദിക്കുന്നില്ല. വിശുദ്ധ ഗ്രന്ഥങ്ങൾ അറിയാനും പഠിക്കാനും മാത്രം ശീലിപ്പിച്ച നമ്മുടെ മതബോധന ക്ലാസുകൾ ആഴമേറിയ അവബോധത്തിൽ അവയെ ഉൾകൊള്ളാൻ നമ്മെ പഠിപ്പിച്ചിട്ടില്ല. അത് നാം കണ്ടെത്തേണ്ട വഴിയാണ്.. ധ്യാനം (നമ്മുടെ ധ്യാന കേന്ദ്രങ്ങളിലെ ധ്യാനം അല്ല) ഒരു മാർഗം ആണ്.

# അടയാളങ്ങളുടെ ലോകം

## 2

ചക്രവർത്തി ഒരു സെൻ ഗുരുവിനെ വിളിച്ച്, വിശുദ്ധ ബുദ്ധമത തത്വങ്ങളുടെ ഉന്നതമായ സത്യം എന്താണെന്ന് ചോദിച്ചു. 'അനന്തമായ ശൂന്യത, അതിലൊട്ടും വിശുദ്ധിയില്ല താനും.'' സെൻ ഗുരു മറുപടി പറഞ്ഞു. 'വിശുദ്ധി ഇല്ലെങ്കിൽ താങ്കളാരാണ്, എന്താണ്?' ചക്രവർത്തി ചോദിച്ചു. ഉടൻ വന്നു ഗുരുവിൻറെ മറുപടി, 'എനിക്കറിഞ്ഞു കൂടാ.' സത്യത്തിലേക്ക് വളരുന്നവനായാലും സത്യം അന്വേഷിക്കുന്നവനായാലും ചെന്നെത്തുന്നത് ഇത്തരം ഒരു അസന്നിഗ്ദാവസ്ഥയിലാണെന്നു മനസ്സിലാക്കുന്നത് നല്ലതാണ്. ശൂന്യമായ ബുദ്ധിയുള്ള ഒരു മനസ്സുകൊണ്ട് ചിന്തിച്ചാലെ പ്രപഞ്ചത്തിൻറെ തുടക്കത്തെപ്പറ്റി ഒരു രൂപരേഖ കിട്ടൂവന്നത് തന്നെ വിചിത്രമല്ലേ? പ്രപഞ്ചത്തിലുള്ള വസ്തുവെന്നോ ശക്തിയെന്നോ നാം വിളിക്കുന്ന സർവ്വതും അടിസ്ഥാനപരമായി ഊർജ്ജമാണെന്ന് ശാസ്ത്രം തെളിയിച്ചു; ഈ ഊർജ്ജം തരംഗങ്ങളായാണ് നിലനിൽക്കുന്നതെന്ന് നമുക്കറിയാം. പ്രസിദ്ധമായ ബിഗ് ബാംഗ് തിയറി പറയുന്നത്, സമയത്തിൻറെ ഒരു ഘട്ടത്തിൽ (13.5 ബില്ല്യൻ വർഷങ്ങൾക്കു മുമ്പ്) സർവ്വ ഊർജ്ജവും ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ചിരുന്നു എന്നാണ്. ഭാരതത്തിലെ ഏതാനും പൌരാണിക പ്രാമാണിക ഗ്രന്ഥങ്ങളിൽ ഏതാനും ചിലതേ ആൽബെർട്ട് ഐൻസ്റെയിൻ കണ്ടിരിക്കാനിടയുള്ളു. മനസ്സിലാക്കിയത് വെച്ച് അദ്ദേഹം പറഞ്ഞു, 'പരമാണുവിനെ സംബന്ധിച്ചുള്ള ഈ അറിവുകൾ നേരത്തെ ഞാൻ അറിഞ്ഞിരുന്നെങ്കിൽ' എന്ന്. അത്ര കൃത്യമായി നമ്മുടെ ആചാര്യന്മാർ പ്രപഞ്ചത്തിൻറെ നിഗൂഡ രഹസ്യങ്ങൾ കണ്ടിരുന്നു. സർവ്വതും അടങ്ങിയിരുന്ന ആ ബിന്ദുവിൽ അവർ കണ്ടത് സ്വസ്വരൂപ ഭൂതമായ പ്രണവത്തെയാണ്.

പ്രണവ മന്ത്രമാണ് ഓം എന്ന് പറയുന്നത്. ഓം എല്ലാ ക്രിയകൾക്കും കൃതികൾക്കും മുമ്പ് തന്നെ ഉണ്ടായിരുന്നുവെന്ന് സ്പഷ്ടം. അത് ഹിന്ദുവിൻറെതുമല്ല യഹൂദരുടെതുമല്ല. ഓം ശബ്ദം വളരെ പ്രാചീനമായ പല സംസ്കാരങ്ങളും ഉപയോഗിച്ചിരുന്നു (ഇന്ത്യയും നേപ്പാളും മാത്രമല്ല) എന്നതിന് തെളിവുണ്ട്. ഓം ചിഹ്നം ഹിന്ദു പ്രസ്ഥാനങ്ങൾ സ്വന്തം മതത്തിൻറെ ചിഹ്നമായി വ്യാപകമായി ഉപയോഗിച്ചതാണ് അത് ഹിന്ദുക്കളുടെതായി കരുതപ്പെടാൻ കാരണം. എസ്സക്കിയേൽ പ്രവാചകൻ ദൈവത്തിൻറെ സ്വരം കേട്ടു എന്ന് അവകാശപ്പെടുന്നുണ്ട്. ആയിരം സമുദ്രങ്ങളുടെ ഇരമ്പലിനോടാണ് ആ ശബ്ദത്തെ പ്രവാചകൻ ഉപമിച്ചത്. ഇത് വലിയൊരു ഓം ആയിരിക്കാനെ സാധ്യതയുള്ളൂവെന്ന് ഞാൻ കരുതുന്നു. ബൈബിൾ പല ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടും അപ്രകാരമായിരിക്കട്ടെ എന്നർത്ഥം വരുന്ന ആമ്മേൻ എന്ന പദം തർജ്ജമ ചെയ്യപ്പെടാതെ പോയത് അതിലെ ഓം സമാനമായ ശബ്ദം സംരക്ഷിക്കാനായിരിക്കാനെ വഴിയുള്ളൂ. ഓം നെ സംബന്ധിച്ച് അകാരണമായ ഒരു ഭയമാണ് ഭാരതത്തിലെ ക്രൈസ്തവ സഭകൾ വിശ്വാസികളിൽ വിതച്ചത്. പക്ഷെ, ലത്തിൻ റീത്തിൽ പെട്ട മിഷനറി വൈദികർ മാത്രമല്ല ഇപ്പോൾ ഓം അംഗീകരിക്കുന്നവരുടെ ഗണത്തിൽ ഉള്ളത്. ഓം ൻറെ അംശങ്ങൾ എവിടെ നിന്ന് വന്നുവെന്നോ ഓം എന്താണ് അർത്ഥമാക്കുന്നതെന്നോ ഒക്കെ അന്വേഷിക്കുന്നതിനു മുമ്പ് ഓം ൻറെ ഘടന എന്തായിരിക്കാം എന്ന് നോക്കാം.

ഓം നാമവും രൂപവുമുള്ള ഒരു മന്ത്രമാണ്. ഇതിനൊരു നിർവ്വചനമായി ഒരു പരാമർശം കാണണമെങ്കിൽ നചികേതസ്സ് എന്ന ബ്രാഹ്മണ കുമാരനോട് യമൻ പറയുന്ന കഠോപനിഷത്തിലെ ഒരു ഭാഗമേ എടുത്തു കാണിക്കുവാൻ ഉണ്ടാവൂ. 'സകല വേദങ്ങളും ഏതുപദത്തെക്കുറിച്ച് പ്രതിപാദിക്കുന്നുവോ, തപസ്സനുഷ്ഠിക്കുന്നവരെല്ലാം എന്തിനെക്കുറിച്ച് പറയുന്നുവോ, എന്ത് ഇച്ഛിച്ചു കൊണ്ട് ബ്രഹ്മചര്യം അനുഷ്ഠിക്കപ്പെടുന്നുവോ, അതേ പദത്തെ സംഗ്രഹിച്ച് പറഞ്ഞു തരാം ഓം എന്നാണത്' എന്നാണ് അവിടെ പ്രതിപാദിച്ചിരിക്കുന്നത്. തുടങ്ങിയിടത്തു തന്നെ എല്ലാം ഒരിക്കൽ എത്തിച്ചേരേണ്ടതുണ്ട്. ഓം ൽ നിന്ന് ഉയിരാർജ്ജിച്ചത് ഓം ൽ തന്നെ ഒടുങ്ങണം. ഈ ഓം ൽ ലയിക്കാനായിരുന്നിരിക്കണം സമ്പൂർണ്ണ ശുദ്ധീകരണത്തിൻറെതായ ഒരു പാത ഭാരതീയ ആചാര്യന്മാർ തിരഞ്ഞെടുത്തത്. ഈ വേദകാല കാഴ്ച്ചപ്പാടിനനുസരിച്ചാണെങ്കിലും തുടക്കത്തിൽ ഉണ്ടായിരുന്നത് ഒരു ഊർജ്ജശ്രോതസ്സ് മാത്രം. ഊർജ്ജത്തിൻറെ തരംഗഭാവത്തെപ്പറ്റി തന്നെയായിരിക്കണമല്ലോ, ജലത്തിനെ മീതേ ചലിച്ചുകൊണ്ടിരുന്ന

അരൂപിയെപ്പറ്റി പറയുമ്പോൾ ഉൽപ്പത്തിയുടെ പുസ്തകവും അർത്ഥമാക്കുന്നത്. ആർക്കും ഗ്രഹിക്കാനോ ചിന്തിക്കാനോ പോലും സാധിക്കുന്നതിനപ്പുറമുള്ള അതിസൂക്ഷ്മമായ ഒരു തരംഗസ്ഥിതിയിൽ നിന്നാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത്.

ക്വാണ്ടം ഫിസിക്സ് പറയുന്നത് ഊർജ്ജം സൂക്ഷ്മമാവുമ്പോൾ അതിൻറെ തരംഗ ദൈർഘ്യം ആനുപാതികമായി കുറഞ്ഞു കൊണ്ടിരിക്കും എന്നാണ്. മനുഷ്യൻറെ മനുഷ്യനുപോലും കണക്കു കൂട്ടാവുന്നതിലും അപ്പുറമുള്ള അന്ത്യമില്ലാത്ത ഒരന്ത്യത്തിലേക്കാണ് ഇത് നമ്മെ കൊണ്ട് പോവുക. ഈ അന്ത്യം, തുടക്കത്തിലുണ്ടായിരുന്ന ചലിച്ചുകൊണ്ടിരുന്ന അരൂപിയിലോ അല്ലെങ്കിൽ എല്ലാം തുടങ്ങിയ പ്രണവത്തിലോ അല്ലെങ്കിൽ കാലത്തിൻറെ സമയക്രമത്തിൽ എല്ലാം ഉൾക്കൊണ്ടിരുന്ന ഒരു ബിന്ദുവിലോ ആയിരിക്കാം അവസാനിക്കുക. തരംഗങ്ങളുടെ ഗുണിതങ്ങൾക്കും ഹരിതങ്ങൾക്കും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. സ്വരങ്ങളിൽ ഓരോന്നും ഏതു സ്ഥായിയിൽ വന്നാലും അതേപേരിലുള്ള സ്വരങ്ങൾ തന്നെ. ഇതാണ് ഓംകാരാലാപനത്തിൻറെ രഹസ്യം. കൃത്യമായും ഓമിൻറെ മന്ത്ര ഭാഗത്തിനുള്ള തരംഗദൈർഘ്യത്തിൻറെ ഒരു ഹരിത സ്ഥായിയിൽ തന്നെ അത് ആലാപനം ചെയ്യുമ്പോൾ മൂല മന്ത്രത്തിൻറെ ശക്തിജ്വാല ആവഹിക്കാനാവും എന്നത് തികച്ചും ശാസ്ത്രീയമായ ഒരു വസ്തുത. ഏതു മന്ത്രവും ഉഛരിക്കുന്നത് അതിനു നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ തന്നെ ആയിരിക്കേണ്ടതുണ്ട് എന്ന് പറയുന്നതിൻറെ രഹസ്യം ഇതാണ്. തെറ്റായ രീതിയിലുള്ള പ്രയോഗം ദോഷം ചെയ്യുമെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. ക്രൈസ്തവർ ആമ്മേൻ ആവർത്തിക്കുമ്പോൾ ഇത് ശ്രദ്ധിച്ചു തുടങ്ങിയിട്ടുണ്ട്, അർഥം മനസ്സിലാക്കാതെയാണെങ്കിലും. ആദിയിലുണ്ടായിരുന്ന വചനത്തിൻറെ ശബ്ദ ഭാഗം എങ്ങിനെയിരിക്കുമെന്നതിനെപ്പറ്റി പഴയ നിയമവും പുതിയ നിയമവും ഒന്നും പറഞ്ഞിട്ടില്ല.

മന്ത്രത്തിൻറെ യന്ത്ര (ശരീര) ഭാഗവും ഇതുപോലെ നിർണ്ണായകമാണ്. മന്ത്രയ്ക്ക് ചേർന്നതായിരിക്കണം യന്ത്രം. ഓം ൻറെ ശരീര ഭാഗവും അതുപോലെ യഥേഷ്ടം മാറ്റാവുന്ന ഒന്നല്ല. കാലഘട്ടത്തിനനുസരിച്ച് ഇതിൽ മാറ്റങ്ങളുണ്ടാവുന്നുവെന്നൊരു വസ്തുതയും ഉണ്ട്. ഭാരതീയ ഭാഷകളെല്ലാം തന്നെ ഈ മന്ത്രയന്ത്ര ബന്ധമുള്ള അക്ഷരങ്ങൾ കൊണ്ട് രൂപികരിക്കപ്പെട്ടവയാണ്. അ എന്ന ശബ്ദത്തിൻറെ ശരീരം അ എന്ന അടയാളമാണ്. ലിപിയും ശബ്ദവും ചേർന്നുണ്ടായ ഈ ഘടകത്തെ അക്ഷരം (ക്ഷയമില്ലാത്തത്) എന്ന് തന്നെ വിളിക്കുന്നത് അതുകൊണ്ടാണ്. നാം ഉപയോഗിച്ചാലും ഇല്ലെങ്കിലും അ യുടെ ശബ്ദത്തിനും രൂപത്തിനും മാറ്റമില്ല. പക്ഷെ, അ ശബ്ദത്തിന് മലയാളത്തിലുള്ള ഈ ഒരു രൂപം മാത്രമാണെന്ന് കരുതരുത്. ഇതുപോലൊരു വ്യത്യാസമാണ് ഓം ൻറെ കാര്യത്തിലും ഉണ്ടാവാം എന്ന് പറയുന്നത്. ഓം നെപ്പോലെ ശക്തിദായകങ്ങളായ അനേകം അടയാളങ്ങൾ നിഗൂഢ ശാസ്ത്രങ്ങളിൽ ഉണ്ട്. വിവിധ ആവശ്യങ്ങൾക്കായി അവ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. കുരിശും ഇതുപോലൊരു ശക്തിദായകമായ അടയാളമാണ്. ആദ്യകാല മിസ്റ്റിക്കുകൾ ഇത് മനസ്സിലാക്കിയിരുന്നു. ആ വിശിഷ്ട അടയാളം യേശുവിൻറെ മരണവുമായി ബന്ധപ്പെടുത്തിയാണെങ്കിലും വിശ്വാസികൾ ഉപയോഗിച്ചും വന്നു. ആ കുരിശു മാറി മറ്റൊരു രൂപം അടയാളമായി വന്നപ്പോൾ അതിൻറെ ശക്തിയും അന്യമായി.

ഇത് പോലുള്ള അടയാളങ്ങൾ അനവധിയുണ്ട്. **അന്തകരാണാ** എന്നൊരു അടയാളത്തിൻറെ വകഭേദമാണ് കൈരളി ടി വി യുടേത്. യിൻ യാംഗ് ദ്വയത്തിൻറെ രൂപമാണ് ദൂരദർശൻറെത്. ഇതുപോലുള്ള ഗൂഢ അടയാളങ്ങളാണ് ഏലസ്സുകളുടെ രൂപത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നതും. ഇതിൽ സദ് ചിഹ്നങ്ങളുമുണ്ട് ദുർ ചിഹ്നങ്ങളുമുണ്ട്. ദുർചിഹ്നങ്ങൾ സാത്വികോർജ്ജത്തെ അകറ്റി നിർത്തുന്നതിലൂടെ നാശത്തിനു വഴിതെളിക്കും, അതുപയോഗിക്കുന്നത് പ്രസ്ഥാനങ്ങളായാലും വ്യക്തികളായാലും. പ്രത്യേക ലക്ഷ്യമുള്ള അടയാളങ്ങളിൽ ഒന്നാണ് താലി. അത് ഹൃദയ ചക്രയുടെ മുകളിൽ വരത്തക്ക പോലെ (നെഞ്ചിൻറെ മദ്ധ്യത്തിൽ) വേണം അണിയാൻ. ഈ അടയാളങ്ങളെ അതിൻറെ വലിപ്പവുമായി ബന്ധപ്പെടുത്തി ഊർജ്ജ സംഭരണ ശേഷിയെ വിലയിരുത്തരുത്. ശിവലിംഗം പ്രതിനിധീകരിക്കുന്ന രൂപത്തിനാണ് ഏറ്റവും കുറഞ്ഞ വലിപ്പം കൊണ്ട് ഏറ്റവും കൂടുതൽ ഊർജ്ജത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ളത്. ലോകത്തുള്ള ആണവ റിയാക്റ്ററുകൾ മുഴുവൻ തന്നെ ശിവലിംഗ ആകൃതിയിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്ന് കാണുക. അടയാളങ്ങളുടെ അദ്ഭുതം കാണണമെങ്കിൽ ക്ഷേത്രങ്ങളിലെ ധ്വജങ്ങളെ നിരീക്ഷിച്ചാൽ മതി. ഒരെണ്ണത്തിനു പോലും ഇടിമിന്നലേറ്റ ചരിത്രമില്ല. ഊർജ്ജത്തിൻറെ സൂക്ഷ്മസ്ഥിതിയെപ്പറ്റി ഒരറിവുമില്ലാതെ സൂക്ഷ്മ ശരീരത്തെപ്പറ്റി വായിച്ചതുകൊണ്ട് എന്ത് കാര്യം?

**സക്കറിയാസ് നെടുങ്കനാൽ**

മുദ്രകളെയും മന്ത്രങ്ങളെയും പ്രതീകങ്ങളാക്കി ആശയവിനിമയം നടത്തുന്നതിൽ പ്രഗത്ഭരാണ് ഭാരതീയർ. എനിക്കറിഞ്ഞുകൂടാത്ത പലതും ഈ വിഷയത്തിൽ മറ്റപ്പിള്ളി സാറിനറിയാമെന്ന് ഈ ലേഖനം തെളിയിക്കുന്നു. ഹൈന്ദവചിന്തയിലെ പുനർജനനമരണങ്ങൾ ഇത്തരമൊരു പ്രതീകമാണെന്നും അതിന്റെ അന്തരാർഥം ആധുനിക മനുഷ്യന് നിരസിക്കാനാവാത്ത ഒന്നായി വിലയിരുത്തിയത് ആധുനിക ഭൗതികശാസ്ത്രമാണെന്നും എത്രപേർക്കറിയാം? എല്ലാ ലോകമതങ്ങളിലെയും ചിന്തകരിൽ ആർഷഭാരതത്തിലെ നമ്മുടെ പൂർവികർ മാത്രമാണ് വിശ്വപ്രപഞ്ചം എണ്ണമിലലാത്ത സൃഷ്ടിസംഹാരങ്ങളിലൂടെ (creation and destruction OR beginning and end) കടന്നുപോകുന്നുണ്ട് എന്ന ആശയത്തിൽ മുറുകെപ്പിടിച്ചത്. ഹൈന്ദവ സമയസങ്കല്പം യാദൃശ്ചികമായിട്ടാണെങ്കിലും ആധുനിക ഭൌതികശാസ്ത്രത്തിന്റെ കണ്ടെത്തലുകളുമായി സാധർമ്യം പുലര്ത്തുന്നു എന്നത് ഒരദ്ഭുതംതന്നെയാണ്. ബ്രഹ്മയുഗം എന്ന വാക്കിൽ ഈ ആശയമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആധ്നിക വാനശാത്രത്തിൽ ഒരു ബ്രഹ്മയുഗത്തിന്റെ വ്യാപ്തി 8.64 ബില്ല്യൻ വർഷമാണ്. അത് ഭൂമിയുടെയും സൂര്യന്റെയും ഇതുവരെയുള്ള പ്രായത്തെക്കാൾ അധികവും Big-Bang എന്ന സിദ്ധാന്തം സങ്കല്പിക്കുന്ന സമയത്തിന്റെ തുടക്കം തൊട്ട് ഇന്നുവരെയുള്ളതിന്റെ ഏതാണ്ട് പകുതിയുമാണ് എന്ന് കാറൽ സാഗൻ സ്ഥിരീകരിച്ചിട്ടുണ്ട്. (If you're a layman in modern cosmology, there's no better book to read than Carl Sagan's 'Cosmos'.)

ഇന്ത്യാക്കാർക്ക് ഓരോ പ്രകൃതിശക്തിയെയും പ്രതിനിധീകരിക്കാൻ ഓരോ ദൈവമുണ്ട്. അതിൽ ചോളരാജവാഴ്ചയുടെ കാലത്ത്, പതിനൊന്നാം നൂറ്റാണ്ടിൽ, നിർമ്മിതമായ പ്രതിമകൾ ശിവന്റെ പല അവതാരങ്ങളെ പ്രതിനിധീകരിക്കുന്നു. അതിൽ ശിവതാൺഡവത്തെ പ്രത്യക്ഷീകരിക്കുന്ന നടരാജപ്രതിമ ലോകമെങ്ങും എന്നും പ്രത്യേക ശ്രദ്ധയാർജ്ജിച്ചിട്ടുണ്ട്. നടരാജന് നാല് കൈകളുണ്ട്. അതിൽ വലത്ത്, മുകളിലുള്ള കൈയിൽ ഒരു മദ്ദളമാണ് പിടിച്ചിരിക്കുന്നത്. അതിന്റെ സ്വരം യുഗാരംഭത്തിന്റെ, സൃഷ്ടിയുടെ ആദി നിമിഷത്തിന്റെ, സ്വരമായിട്ടാണ് കരുതപ്പെടുന്നത്. അതായത്, ഓം. ഇടത്ത് മുകളിലെ കൈയിൽ കാണുന്ന തീനാളംകൊണ്ട് ഉദ്ദേശിക്കുന്നത്, കോടാനുകോടി വർഷങ്ങൾക്കുശേഷം വരാനിരിക്കുന്ന ഇപ്പോഴത്തെ ദൃശ്യപ്രപഞ്ചത്തിന്റെ നാശമാണ്.

ആധുനിക ഭൌതികശാസ്ത്രം മുന്നോട്ടു വച്ച Big-Bang theory നമ്മുടെ പ്രപഞ്ചത്തിന്റെ ആരംഭത്തെ സൂചിപ്പിക്കാൻവേണ്ടിയാണെങ്കിലും അത് അതേ സമയം ഇതിനു മുമ്പുണ്ടായിരുന്ന ഒരു പ്രപഞ്ചത്തിന്റെ അവസാനവും ആകാം. അല്ലെങ്കിൽ ആദ്യസ്ഫോടനം എന്നയാശയത്തിൽ യുക്തിയില്ല. ഈ കണ്ടെത്തൽ അയ്യായിരം വർഷങ്ങൾക്ക് മുമ്പ് ഭാരതത്തിൽ ആവർത്തന ജനനമരണങ്ങൾ എന്നവിശ്വാസത്തിലൂടെ പ്രതിധ്വനിച്ചു എന്നത് ചില്ലറക്കാര്യമല്ല. ബൈബിൾ വാച്യാർത്ഥത്തിൽ മനസ്സിലാക്കുന്നവർ പ്രപഞ്ചത്തിന് (ചുരുങ്ങിയത് ഭൂമിക്ക്) ഏറിയത് കുറേ ആയിരം കൊല്ലങ്ങളുടെ പ്രായം അനുവദിക്കുമ്പോൾ തത്സ്ഥാനത്ത് മായൻ സംസ്കാരം അത് കോടികളാണെന്നും, ഭാരതീയർ അത് കോടാനുകോടികൾ ആണെന്നും എത്രയോ ആയിരം വർഷങ്ങള്ക്ക് മുമ്പേ ഉറച്ചുവിശ്വസിച്ചിരുന്നു!

**ജോസഫ് മറ്റപ്പള്ളി**

ഭാരതീയ ജ്ഞാന ഗ്രന്ഥങ്ങളോ ശാസ്ത്രമോ അൽപ്പം കൂടുതൽ ഗ്രഹിച്ചിട്ടുണ്ടെന്നുള്ള ഒരു ചിന്തയോടെയല്ല ഞാനിതെഴുതുന്നത്. വേദങ്ങൾക്ക് തന്നെ അനേകം ശാഖകൾ ഉണ്ട് (ഋഗ്വേദത്തിനു 25, യജുർ വേദത്തിനു 108, സാമവേദത്തിന് 100, അഥർവ്വ വേദത്തിനു 52). ഇത് കൂടാതെ പ്രധാനപ്പെട്ട 14 ബ്രാമണങ്ങൾ, 4 ആരണ്യകങ്ങൾ, 108 ഉപനിഷത്തുകൾ, 18 പുരാണങ്ങൾ, 18 ഉപ പുരാണങ്ങൾ, 6 ദർശനങ്ങൾ, 5 ഉപവേദങ്ങൾ, രണ്ട് ഇതിഹാസങ്ങൾ, അനേകം ശിക്ഷാഗ്രന്ഥങ്ങൾ ഇവയെല്ലാം തൊട്ടു തീരുന്നതിനു മുമ്പേ അറ്റു പോകുന്നതേയുള്ളൂ നമ്മുടെ ജീവിതം. സമയക്രമത്തെ പ്പറ്റി ഭാരതീയർ കണ്ടെത്തിയിരിക്കുന്നത് തെറ്റാണെന്ന് ആരെങ്കിലും എന്നെങ്കിലും തെളിയിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.

ഭൂമിയുടെ ചലനത്തെ ആസ്പദമാക്കി നാം ഒരു ദിവസത്തെ നിർവ്വചിക്കുമ്പോൾ വലിപ്പം എന്ത് മാത്രമെന്ന്

അറിയില്ലാത്ത ബ്രഹ്മാണ്ഡ കടാഹത്തിന്റെ സ്പന്ദനം അടിസ്ഥാനമാക്കിയാണ് ഭാരതീയജ്ഞാനികൾ സമയത്തെ കണ്ടത്. അതിലൊരുവനും ബ്രഹ്മ ചൈതന്യത്തെ നിർവ്വചിക്കാൻ തുനിഞ്ഞിട്ടില്ലാ എന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു.

ബിഗ് ബാംഗ് പറയുന്ന ബിന്ദു, മറ്റൊന്ന് ഒടുങ്ങിയപ്പോൾ ഉണ്ടായതാണോ എന്ന സാക്കിൻറെ സംശയം അസ്ഥാനത്തല്ല. ഒരു ബ്രഹ്മാണ്ഡം അസ്തമിച്ചാൽ മറ്റൊന്നുണ്ടാവും. ഇത് തുടർന്നു കൊണ്ടേയിരിക്കുമെന്നു ചിന്തിക്കാവുന്നതേയുള്ളൂ. അതായത് ഇനിയും ഇതേ പോലെ നാമെല്ലാം കണ്ടെത്തേണ്ടതുണ്ട് എന്ന് തന്നെ. ജീവജാലങ്ങളുടെ കാതൽ ജീവനാണ്. ഇതിനെപ്പറ്റി നമ്മുടെ ഗവേഷണങ്ങൾ ഒരിടത്തും എത്തിയിട്ടില്ല. പ്രഷർ ഇല്ലാതെ കംപ്രസ്സ് ചെയ്യാൻ സാധ്യമല്ലാത്ത കാർബൺ ഡയോക്സൈഡിനെ പ്രഷർ ഇല്ലാതെ ഇലകൾ എങ്ങിനെ കംപ്രസ്സ് ചെയുന്നുവെന്നു പോലും നമുക്കറിവില്ല, കൃത്യമായി. ഏതെല്ലാം ദിശയിൽക്കൂടി നാം ഇവയെ പഠിച്ചാലും ഒരേ ഊർജ്ജത്തിൽ എത്തിച്ചേരുമെന്നാണ് ഞാൻ കരുതുന്നത്. ബിഗ് ബാംഗ് കാർ ആദ്യം വാതകങ്ങളാണ് തുടർന്നു ജലം ഇങ്ങിനെയാണ് ഉണ്ടായതെന്ന് കരുതുന്നു. ഇവരുടെ ക്രമമനുശരിച്ചു പഞ്ചഭൂതങ്ങളിൽ നിന്നാണ് ജീവജാലങ്ങൾ ഉണ്ടായതെന്ന് കാണാം. മത്സ്യ കൂർമ്മ വരാഹശ്ച .... എന്നിങ്ങനെ പോകുന്ന ദശാവതാരം ജലത്തിൽ നിന്നും തുടങ്ങുന്നു. വി. ബൈബിൾ ആകട്ടെ ജലത്തിന് മീതേ ചലിച്ചുകൊണ്ടിരുന്ന ഒരു ആത്മാവിൽ നിന്ന് തുടങ്ങുന്നു. അവിടെ ആദ്യം കർത്താവ് സൃഷ്ടിച്ചത് പ്രകാശത്തെയാണ്. പ്രകാശം എന്നത് കൊണ്ട് ഇപ്പോഴും ശാസ്ത്രം അർത്ഥമാക്കുന്നത് ഊർജ്ജ രശ്മികളുടെ ഒരു വിന്യാസമാണ്. ഈ പ്രകാശത്തിൽ നിന്ന് എന്തും സൃഷ്ടിക്കാമെന്നാല്ലെ ഐൻസ്റ്റൈനും പറഞ്ഞത്? അദ്ദേഹം ഒരു പടി കൂടി കടന്ന് സ്ഥലവും സമയവും മിഥ്യയാണെന്നും കൂടി പറഞ്ഞു. ഇത് മനസ്സിലാക്കണമെങ്കിൽ ലോകം അൽപ്പ കാലം കൂടി സഞ്ചരിക്കേണ്ടി വരും.

ഹൈന്ദവരുടെ പ്രതീകാത്മ ആചാരങ്ങളുടെ കഥ ഇവിടം കൊണ്ടൊന്നും അവസാനിക്കുന്നില്ല. വിഗ്രഹത്തിൽ ഈശ്വരനെ കാണണമെന്നല്ല, വിഗ്രഹത്തിലൂടെ ഈശ്വരനെ കാണണം എന്നാണ് അവരുടെ മതം. ഭാരതീയ ചിന്തകളെ അവഗണിച്ചുകൊണ്ടുള്ള ഒരു മത സംസ്കാരം ആപൽക്കരമാണെന്നു സെമെറ്റിക്കുക്കാർക്കും തോന്നിത്തുടങ്ങിയിട്ടുണ്ട്.



# ഊർജ്ജ പഥങ്ങൾ
## 3

ഒരിക്കലൊരു വിദ്യാർത്ഥി ഗുരുവിനോട് പറഞ്ഞു, 'ഈ ധ്യാനമെന്നു പറയുന്ന പരിപാടി ഭയങ്കരം! ഒന്നുകിൽ എനിക്ക് ഏകാഗ്രത കിട്ടുകയില്ല, അല്ലെങ്കിൽ കാലു വേദനിക്കും ഒന്നുമല്ലെങ്കിൽ ഉറക്കം വരും.' ഗുരു അക്ഷോഭ്യനായി മറുപടി പറഞ്ഞു, 'അത് മാറിക്കൊള്ളും.' ഒരാഴ്ച കഴിഞ്ഞ് ഈ വിദ്യാർത്ഥി വീണ്ടും ഗുരുവിൻറെ പക്കലെത്തി പറഞ്ഞു, 'ഇപ്പോൾ ധ്യാനിക്കുമ്പോൾ നല്ല സുഖം തോന്നുന്നു.' ഗുരു പറഞ്ഞു, 'അതും മാറിക്കൊള്ളും.' വിപ്ലവകരമായ വളർച്ചയുടെ പാതയിൽ വിചിത്രമായ അനേകം പടികളുണ്ട്. ഉള്ളത് തുറന്ന് പറഞ്ഞാൽ, ആദ്യത്തെ ഒന്നോ രണ്ടോ പടിയെ സ്വയം നടക്കാനാവൂ. പിന്നങ്ങോട്ട് ഒരു സഹായി വേണം. അവിടെയാണ് ഗുരുവിൻറെ പ്രസക്തി. ഗുരു ഇരുൾ മാറ്റുന്നവൻ മാത്രമല്ല, വെളിച്ചത്തിലേക്ക് നയിക്കാൻ കെൽപ്പുള്ളവനുമാണ്. എവിടെ നിന്നാണ് ഗുരുവിൻറെ ഈ കഴിവുകൾ? അതയാൾ അനേക വർഷങ്ങളിലെ പഠന ഗവേഷണങ്ങളിലൂടെ ആർജ്ജിച്ചതാണെന്ന നിഗമനം അപ്പാടെ തെറ്റാണ്. സ്വന്തം ഭൌതിക കഴിവുകളിലല്ല ഒരു  യഥാർത്ഥ ഗുരു നങ്കൂരമുറപ്പിക്കുക. പ്രണവത്തിൽ തുടങ്ങി ശിക്ഷ്യൻ വരെയുള്ള ഒരു ചങ്ങലയിൽ ഒരു കണ്ണിയായി ഗുരു കാണും; ഗുരു ഒരിക്കലും മരിക്കുന്നുമില്ല. ഗുരുവിലൂടെ ഒഴുകുന്ന വരങ്ങളും ആദിഗുരുവിൻറെ പക്കൽ നിന്നെത്തുന്നത് മാത്രമായിരിക്കും.

അധികമായാൽ അമൃതും വിഷമാകും. ഒന്നും വിഷമാകാതെ വേണ്ടത് വേണ്ട സമയത്തു ലഭിക്കണമെങ്കിൽ ഒപ്പം ഗുരു വേണം. യോഗ്യരായ ശിക്ഷ്യന്മാർ എവിടെയുണ്ടോ അവിടെ പ്രത്യക്ഷപ്പെടുകയാണ് ഗുരുക്കന്മാർ ചെയ്യുന്നത്. പണ്ട്, ആശാനിൽ നിന്ന് അക്ഷരം പഠിക്കുന്ന ഒരു സമ്പ്രദായമാണ് നമുക്കുണ്ടായിരുന്നത്. ചിന്തം വെച്ചു ദക്ഷിണയും വെച്ച് കളരിയോടു സലാം പറയുമ്പോൾ നാം ഉറപ്പിക്കുന്നു, പഠിച്ച അക്ഷരങ്ങൾ ഒരിക്കലും വിനാശകാരിയായി പോകില്ലായെന്ന്. വളർച്ചയുടെ എല്ലാ ഘട്ടത്തിലും, ആശാൻ നൽകിയ ഈ ലയവത്കരണം (Attunement) യോഗ്യനായ ഒരു ശിക്ഷ്യൻ മറക്കാനും ഇടയില്ല. അക്ഷരങ്ങൾ ഉപയോഗിക്കാൻ ലയവത്കരണം വേണോ? വേണം. പഠിക്കുന്ന അക്ഷരങ്ങൾ ശരിയായ വളർച്ചക്ക്  പ്രയോജനപ്പെടാൻ യോഗ്യനായ ഒരു ഗുരുവിൽ നിന്ന് ലയവത്കരണത്തിലൂടെ ദീക്ഷ എടുത്തിരിക്കണം. എല്ലാ ക്രിയകൾക്കും, കർമ്മങ്ങൾക്കും ലയവത്കരണം ആവശ്യമില്ലായെന്നും ഓർമ്മിക്കുക.

ലയവത്കരണത്തിന് മൂന്നു ഘടകങ്ങളാണ് ആവശ്യം, ഈശ്വരന്,  മാധ്യമം  സ്വീകർത്താവ്. ഇത് മൂന്നും ഒരേ നിരയിൽ വന്നാൽ ലയവത്കരണമായി. ഇത് സത്യത്തിൽ ആഘോഷിക്കേണ്ടത് തന്നെയാണ്. അതിനു ചേർന്ന രീതിയിലാണ് ഈ കർമ്മം പലപ്പോഴും ചിട്ടപ്പെടുത്തിയിരിക്കുന്നതും. ഇവിടെ ഗുരുവിൻറെ ഭൌതിക യോഗ്യത ഒരു പ്രശ്നമേയല്ല, ഇങ്ങിനെ ഒരു മാധ്യമം ആയി നിൽക്കാൻ അയാളെ മുകളിലുള്ള ഒരു കണ്ണി ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നത് മാത്രമേ നോക്കേണ്ടതുള്ളൂ. യേശു പരിശുദ്ധാത്മാവിനാൽ ശിക്ഷ്യന്മാരെ ലയവത്കരിക്കുകയാണ് ചെയ്തത്. ഈ പ്രക്രിയക്ക് മറ്റൊരു മകുടോദാഹരണമാണ് ക്രൈസ്തവ സഭകളിലെ മാമ്മോദീസാ. മാമ്മോദീസാ എന്ന ചടങ്ങിലൂടെ ഒരു ശിശുവിന് കുരിശടയാളം ചാർത്തിക്കൊടുക്കുകയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. കുരിശെന്ന അടയാളം ശക്തിയേറിയ ഒരു ഗുരു ചിഹ്നമാണ്, അതിന് ഇതുപോലൊരു ലയവത്കരണം ആവശ്യവുമാണ് (യേശുവിനെ ക്രൂശിച്ചത് ആ രൂപത്തിലുള്ള ഒന്നിലല്ലായെന്നാണ് ഗവേഷകർ പറയുന്നത്). പക്ഷേ, അതിലും ശക്തിവത്തെന്നു കരുതപ്പെടുന്ന ഓം, ലയവത്കരണം ഇല്ലാതെയും ഉപയോഗിക്കാം.

കുരിശടയാളം ആ കുഞ്ഞിനെ സംരക്ഷിക്കും എന്ന വിശ്വാസത്തിനും അടിസ്ഥാനമുണ്ട്. ഈ കർമ്മത്തിൽ കുഞ്ഞിൻറെ ശുദ്ധചക്രാകളിലാണ് വൈദികൻ കുരിശടയാളം വരക്കുന്നത്. മൂർദ്ധാവിലും, നെറ്റിയിലും, കഴുത്തിലും, നെഞ്ചിൻറെ നടുവിലും ആ അടയാളം രേഖപ്പെടുത്തപ്പെടുന്നു; 'വിശുദ്ധ കുരിശിൻറെ അടയാളത്താലെ' എന്ന മന്ത്രത്തോടൊപ്പം ശുദ്ധചക്രാകളുടെ ശക്തിവത്കരണം ഒരു ക്രൈസ്തവൻ ആവർത്തിക്കുകയും ചെയ്യുന്നു. ഈ ക്രിയയും സമ്പ്രദായവും ഉദ്ദേശിക്കുന്ന അർത്ഥം ആധുനിക തലമുറയ്ക്ക് മനസ്സിലാകുന്നില്ല, അതുകൊണ്ടാണ് മാമ്മോദീസാ എന്നാൽ ഉത്ഭവപാപ നിവാരണിയായും മതപ്രവേശന ദീക്ഷയായുമൊക്കെ മാത്രം വ്യാഖ്യാനിക്കപ്പെടുന്നത്.

ലയവത്കരണത്തെപ്പറ്റി വളരെ ചുരുക്കമായി ചില കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. ആശാനും ശിക്ഷ്യനുമായുള്ള ബന്ധം ആയുഷ്കാലം മുഴുവൻ ചൂടോടെ നിലനിർത്താൻ കഴിഞ്ഞാൽ നന്ന്. പക്ഷെ, ഒരു ലയവത്കരണ പ്രക്രിയയും ആയുഷ്കാല ഭൌതിക ബന്ധം അനിവാര്യമായിരിക്കണമെന്ന് ആവശ്യപ്പെടുന്നില്ല. ഗുരുവിൽ നിന്ന് ലഭിച്ചതിന് പ്രതിഫലം നൽകി ആ ബന്ധത്തിന് വിരാമമിടാനും ശിക്ഷ്യൻ സ്വാതന്ത്ര്യമുണ്ട്. ആ പ്രതിഫലം ദക്ഷിണയാവാം പറഞ്ഞുറപ്പിച്ച പണമാവാം വസ്തുവാവാം, പ്രയത്നമാവാം ഗുരു നിർദ്ദേശിച്ചാൽ ഒന്നും വേണമെന്നുമില്ല. എന്തായാലും, കിട്ടിയ അനുഗ്രഹം എന്ന് വേണമെങ്കിലും (ചില നിയന്ത്രിത സാഹചര്യങ്ങൾ ഒഴിച്ച്) ശിക്ഷ്യന് ഉപയോഗിക്കാൻ അധികാരവും അവകാശവുമുണ്ടായിരിക്കും. അതായത്, പള്ളിയിൽ നിന്ന് പുറത്തായാലും കുരിശുപയോഗിക്കാനുള്ള ഒരു ക്രിസ്ത്യാനിയുടെ അവകാശം ഇല്ലെന്നാകില്ലായെന്നു തന്നെ. അടയാളങ്ങൾ ഉപയോഗിക്കാനുള്ള അവകാശം ഒരാൾ അവകാശപ്പെടുത്തുമ്പോൾ അയാൾക്ക് അത് എങ്ങിനെയൊക്കെ ഉപയൊഗിക്കണമെന്നുള്ളതിനു വ്യക്തമായ മാർഗ്ഗ രേഖകളുമുണ്ട്. കുരിശിനു സ്ഥലകാലാതീതമായി പ്രവർത്തിക്കാൻ ശേഷിയുണ്ട്; പക്ഷെ, അങ്ങിനെ ആ അടയാളം ഉപയോഗിക്കാൻ വൈദികൻ മുതൽ മേൽപ്പോട്ടുള്ള സ്ഥാനക്കാർക്കെ അധികാരമുള്ളൂ. എല്ലാം പ്രവൃത്തിക്കുന്നത് അനാദിയിൽ നിന്ന് വരുന്ന ഊർജ്ജശേഷിയിൽ തന്നെ, മനുഷ്യൻ വെറും ഉപകരണങ്ങൾ മാത്രം. എല്ലാം ശൂന്യത നിയന്ത്രിക്കുന്ന ബോധ തലങ്ങൾ മാത്രം.

സൌരയൂഥത്തിൽ ഗ്രഹങ്ങൾക്കിടയിൽ ശൂന്യതയുണ്ട്. ഈ ശൂന്യത എന്തെങ്കിലും കൊണ്ട് നിറച്ചിരുന്നെങ്കിലോ? ഈ സൌരയൂഥം അന്നേ അവസാനിച്ചേനെ. സൌരയൂഥം ഇതുപോലെ പ്രവർത്തിക്കാൻ വേണ്ട ബുദ്ധി ഏതെങ്കിലും പ്രത്യേക ഒരു കേന്ദ്രത്തിലുള്ളതല്ല. അത് ഈ ആകമാന ശൂന്യതയിൽ ഒളിച്ചിരിക്കുന്നു. സൌരയൂഥത്തിലെ ആകമാന ശൂന്യതയിലും, ഗ്രഹങ്ങളുടെ അടിസ്ഥാനമായുള്ള കണികകളുടെ ഉള്ളിലുള്ള സമാനമായ ശൂന്യതയിലും എല്ലാം ഈ ബുദ്ധി (Consciousness) നിറഞ്ഞിരിക്കുന്നു. ആറ്റമുകൾക്കുള്ളിലുള്ള ശൂന്യതക്കാണ് ബുദ്ധികൂടുതൽ എന്ന് കണ്ടുപിടിക്കാൻ മാത്രം ബുദ്ധി മനുഷ്യനുണ്ടായിയെന്നത് കൊണ്ട് മനുഷ്യനാണ് കൂടുതൽ ബുദ്ധി എന്ന് പറയാനാവില്ല. അവൻ പറഞ്ഞത്, സൌരയൂഥത്തിലുള്ള ഗ്രഹങ്ങളെ വിഭജിച്ചാൽ ആറ്റമുകൾ കിട്ടുന്നതുപോലെ, ആറ്റമുകളെ സൌരയൂഥങ്ങളെപ്പോലെ കരുതി വിഭജിച്ചാൽ വീണ്ടും ഇത്തരം നിരവധി മേഖലകൾ ഉണ്ടാവും എന്നാണ്. മാത്രമല്ല, കാര്യങ്ങൾ കൂടുതൽ സൂക്ഷ്മമാവുമ്പോൾ ഈ ശൂന്യതയുടെ ബൌദ്ധിക ശേഷിയും അപാരമായി വർദ്ധിക്കുന്നുവെന്നും മനുഷ്യൻ കണ്ടെത്തി. നാം പിണ്ഡമെന്നു കരുതുന്ന കണികകൾ അടിസ്ഥാനപരമായി ഒരു ഊർജ്ജ തരംഗം മാത്രമാണെന്നും പറഞ്ഞത് ഗവേഷകർ തന്നെ. സബ് ആറ്റമിക് തലത്തിനു താഴേക്കുള്ള ഗവേഷണം പിണ്ഡത്തെപ്പറ്റിയല്ല, ശുദ്ധമായ ഊർജ്ജത്തെപ്പറ്റിയാണ്, ബൌദ്ധിക ശേഷി അചിന്തനീയമായ ഒരു മേഖലയിലേക്ക് പോവുന്ന ഒരു ഊർജ്ജമേഖലയെപ്പറ്റി. ഗവേഷകർ അതിനെ അതിബോധതലം എന്ന് വിളിച്ചു. ഒപ്പം ഒരു കാര്യം പറയട്ടെ, സൌരയൂഥത്തിന് മുകളിലേക്കുള്ള ക്ഷിരപഥം തുടങ്ങിയ ക്രമങ്ങളിൽ ശൂന്യതയുടെ ബുദ്ധിശേഷി ആനുപാതികമായി കുറയുന്നു എന്ന അഭിപ്രായം എനിക്കില്ല. മാക്രോ അഗ്രത്തും മൈക്രോ അഗ്രത്തും അതിബോധ തലങ്ങൾ തന്നെയെന്നു കാണുക തന്നെ വേണം. വിശദീകരിക്കാൻ ആവാത്ത ദുരൂഹത, അങ്ങിനെയെ ഇതിനെപ്പറ്റി പറയാൻ പറ്റൂ.

ഇവിടെ, ആറ്റമുകൾ മുതൽ താഴേക്ക് അതിസൂക്ഷ്മ ഊർജ്ജതലത്തിലേക്ക് കടക്കുമ്പോൾ ആദ്യം വരുന്ന ഊർജ്ജ മേഖലയെ മാനസികോർജ്ജം എന്ന് വിളിക്കുന്നു. മനസ്സിൻറെ വ്യാപാരങ്ങൾ ഈ നേർത്ത മേഖലയിലാണ് സംഭവിക്കുന്നതെന്ന് കാണാം. ശക്തി സിദ്ധികളുടെ അനേകം മേഖലകൾ കടന്ന് ഇതിൻറെ കേന്ദ്രത്തിൽ എത്തുമ്പോൾ സൃഷ്ടിസ്ഥിതിസംഹാര ശേഷിയുള്ള മൂല ശക്തിബിന്ദുവിൽ എത്തും. ഈ അതിസൂക്ഷ്മ മേഖലയുടെ വലയങ്ങളും അതിസ്ഥൂല മേഖലയുടെ വലയങ്ങളും എല്ലാം ഓരോ കണികയുടെയും ചുറ്റും ഉണ്ട്. ഇതാണ് ഓരോ ജീവ കോശത്തിൻറെ കാര്യമെടുത്താലും സംഭവിക്കുക. അതി സൂക്ഷ്മമായ മൂല ഊർജ്ജം ഘനീഭവിച്ച് ആറ്റമായും നാം കാണുന്ന പിണ്ഡമായും മാറുന്നതെങ്ങിനെയെന്നു ചിന്തിക്കാൻ കഴിഞ്ഞാൽ ഓരോ ജീവിയും അടിസ്ഥാനപരമായി മൂല ഊർജ്ജത്തിൻറെ മറ്റൊരു സ്ഥായീഭാവമാണെന്നും കാണാവുന്നതെയുള്ളൂ. സ്ഥൂലത കൂടുമ്പോൾ സൂക്ഷ്മതയുടെ ബലം കുറഞ്ഞേക്കാം. എന്തായാലും, അതിസൂക്ഷ്മ ശക്തിയായ (Highest Consciousness) ദൈവമെന്ന കേന്ദ്രത്തിൻറെ അവിഭാജ്യ ഘടകമാണ് പ്രപഞ്ചത്തിലുള്ള സർവ്വതും. നാം അടിസ്ഥാനപരമായി എല്ലാത്തിനെയും പോലെ ദൈവവുമാണ്, ദൈവപുത്രരുമാണ്. നമ്മിലെ നാമവും ഗുണവും ഭാവവും രൂപവും വൈഭവവും ഇല്ലാതാവുമ്പോൾ നാം ദൈവം തന്നെയായി അവശേഷിക്കുകയും ചെയ്യും. ഭാരതീയ പഠനം അനുസരിച്ച്, മൂല കോശത്തെ

(ആനന്ദമയം) ജ്ഞാന, മനോ, പ്രാണ, അന്ന മയ കോശങ്ങൾക്കൊണ്ട് ആവരണം ചെയ്യുമ്പോൾ മനുഷ്യനായി. ഇതല്ലാതെ ആകണമെങ്കിൽ ശൂന്യതയെന്നത് നമ്മിൽ കാണാനേ പാടില്ല. എന്ത് ചെയ്യാം, ഓരോ കോശത്തിലും കൂടുതൽ ഉള്ളത് ശൂന്യത തന്നെ. ഇതെല്ലാം മനസ്സിലാക്കിയത് കൊണ്ടാണ് ഐൻസ്റൈയിൻ പറഞ്ഞത്, പിണ്ഡം എന്ന് പറയുന്നത് യാഥാർത്യമല്ലെന്ന്. എവിടെ തുരന്നാലും, കാന്തിക രേഖകൾ വിഭജിച്ചാലും കിട്ടുന്നത് ശൂന്യതയാണെങ്കിൽ അങ്ങിനെയല്ലേ പറയാൻ പറ്റൂ.

**അനൂപ്**

T ആകൃതിയിലുള്ള കുരിശാണ് പണ്ട് ഉപയോഗിച്ചിരുന്നതെന്നാണ് ചരിത്രഗവേഷകർ പറയുന്നത് .അപ്പോൾ കുരിശ് എന്ന പുരാതന മുദ്രയ്ക്ക് യേശുവുമായി ബന്ധമൊന്നുമില്ല.

പുരോഹിതൻ ചെയ്യുന്ന കാട്ടിക്കൂട്ടലുകൾ എന്നല്ലാതെ മാമ്മോദീസയ്ക്ക് ഊർജ്ജതലത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ കഴിയുന്നുണ്ടോ ? വീട്ടു മാമ്മോദീസയും അനുവദിച്ചിട്ടുണ്ടല്ലോ .അതായതു അല്മായർക്കും മാമ്മോദീസ കൊടുക്കാം. സ്നാപകയോഹന്നാൻ സ്നാനം കൊടുത്തത് ഒരു പ്രത്യേക അറ്റ്യുൻമെന്റ് ആയിരിക്കാം,

യോഹന്നാന്റെ സ്നാനം കടമെടുത്ത സഭ യേശുവിനു പരിഛെദനം ചെയ്തിരുന്നു എന്ന കാരണം പറഞ്ഞു ആ ആചാരം പിന്തുടരാത്തത് എന്തു കൊണ്ടായിരിക്കും ?

**ജോസഫ് മറ്റപ്പള്ളി**

എൻറെ സംശയങ്ങൾക്ക് മറുപടി കിട്ടിയത്, റീഡേഴ്സ് ഡൈജസ്റ്റ് പ്രസിദ്ധീകരിച്ച **മിസ്ടറീസ് ഓഫ് ദി ബൈബിൾ** എന്ന ബ്രഹത് ഗ്രന്ഥത്തിൽ നിന്നാണ്. ഒരുപാട് കാലം മുമ്പ് ഇല്ലാത്ത കാശുണ്ടാക്കി മേടിച്ച ആ പുസ്തകം ഇന്നും ഞാൻ സൂക്ഷിക്കുന്നു. ഏതാണ്ട് 300 ലേറെ ഗവേഷകരുടെ അഭിപ്രായങ്ങൾ പരിഗണിച്ച അവർ പറയുന്നത്, കുരിശിൻറെ ആകൃതി അങ്ങേയറ്റം പോയാൽ T ആകൃതിയുള്ളതായിരിക്കാം എന്നേയുള്ളൂ. ആ അടയാളത്തിന് യേശുവുമായി ബന്ധമില്ലാ എന്നാണ് എൻറെ അഭിപ്രായം. കത്തോലിക്കാ സഭയുടെ തുടക്കം എങ്ങിനെയായിരുന്നെങ്കിലും ഉൾക്കാഴ്ച ഉണ്ടായിരുന്ന അനേകം മിസ്ടിക്കുകൾ അതിലൂടെ കടന്നു പോയിട്ടുണ്ട്. സഭയുടെ സാമൂഹ്യ പശ്ചാത്തലത്തിൽ പ്രയോജനപ്പെടുന്നവരെ സഭ അംഗികരിച്ചു ഒറിഗനെ പ്പോലുള്ള ജ്ഞാനികളെ അവഗണിച്ചു. ജ്ഞാന ദൃഷ്ടി ഉണ്ടായിരുന്ന ക്രൈസ്തവർ പറഞ്ഞ കാര്യങ്ങളായിരിക്കാം അനുഷ്ഠാനങ്ങളായി ആചാരങ്ങളിൽ കടന്നു കൂടിയത്. പക്ഷേ, ഇവക്കു കൊടുത്ത വിശദീകരണങ്ങൾ വെറും ബുദ്ധിക്കു നിരക്കുന്ന രീതിയിലായിപ്പോയി. ജ്ഞാനസ്നാനം എന്നാ പദത്തെപ്പറ്റി പുതിയ നിയമത്തിനു മുമ്പ് കാര്യമായ പരാമർശം ഉണ്ടായിരുന്നില്ല. സ്നാപക യോഹന്നാനാണ് പരി. ആത്മാവിനാൽ നിങ്ങളെ സ്നാനപ്പെടുത്തുന്നവൻ വരുന്നുവെന്ന് ആദ്യം വിളിച്ചു കൂവിയത്. അതൊരു Attunement ആയിരിക്കാനാണ് സാധ്യത. പിന്നീട് യേശുവും ഇതിനു വിധേയനായതായും ഗുരുവും ശിക്ഷ്യന്മാരുമെല്ലാം ഇതാവർത്തിച്ചതായും നാം കാണുന്നു. വി. പൌലോസിന് ഇത് കിട്ടിയിട്ടില്ല. ജനിക്കുന്നതിനു മുമ്പേ അതദ്ദേഹത്തിനു കിട്ടിയിരുന്നുവെന്ന് അദ്ദേഹം അവകാശപ്പെടുന്നുണ്ട്, പക്ഷെ, അതിലും വലിയ ജന്മമായിരുന്നിട്ടും യേശുവിന് അതാവശ്യമായിരുന്നു എന്ന വസ്തുതയുമായി തട്ടിച്ചു നോക്കിയാൽ, ഒത്തു പോകുന്നില്ല. ഈ അഭൌലിലാലിഃ ജെരൂസലേം ദേവാലയത്തിൽ പോയി എടുക്കാനല്ലേ യാക്കൂബ് അപ്പസ്തോലൻ വി. പൌലോസിനെ ജെരൂസലെമിൽ വിളിച്ചു വരുത്തി ആവശ്യപ്പെട്ടത്? Atuunement ഇല്ലാതിരുന്നതുകൊണ്ടല്ലേ യേശു പഠിപ്പിച്ച വചനങ്ങളിൽ നിന്ന് വ്യത്യസ്തമായ അനേകം കാര്യങ്ങൾ വി. പൌലോസിന് പറയേണ്ടി വന്നത്. പൌലോസ് നോക്കിയപ്പോൾ ജ്ഞാനസ്നാനം ഉത്ഭവ പാപം നീക്കാനാണെന്നല്ലേ കണ്ടത്.

മാമ്മൊദീസാ ഒരു Attunement ആണെങ്കിൽ ഊർജ്ജതലത്തിൽ അത് വത്യാസവും വരുത്തുന്നുണ്ട്. കുരിശെന്ന അടയാളത്തെ പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ഊർജ്ജ ശരീരം പരുവപ്പെടുന്നുണ്ട്. അവിടെ വൈദികൻ കാട്ടിക്കൂട്ടുന്നവയിലൊന്നുമല്ല കാര്യം. Attunementനു ദാതാവും, മാധ്യമവും സ്വീകർത്താവും നേർ രേഖയിൽ വന്നാൽ മാത്രം മതി. പക്ഷേ, പലരും അവകാശപ്പെടുന്നതുപോലെ കൂദാശകൾ 7 ഉം Attunementകളല്ല.

അനൂപ് വീട്ട് മാമ്മൊദീസായെപ്പറ്റി ചോദിച്ചത് പ്രസക്തമാണ്. രസകരമായ ഒരു കാര്യം, ഒരു ശിശു ജനിക്കുന്നത് യാതൊരു Attunement ഉം ഇല്ലാതെ ജീവിക്കാൻ കെൽപ്പുള്ള അതിശക്തമായ ഒരവസ്ഥയിലാണ്. ശിശുക്കളെപ്പോലെ ആവാൻ യേശു ആവശ്യപ്പെടുമ്പോൾ ഇതും പരിഗണിച്ചിട്ടുണ്ടാണം. ശിശുവിൻറെ വളർച്ചയിൽ ഒപ്പം കൂടുന്ന നിരവധി തരത്തിലുള്ള മാലിന്യങ്ങൾ സൂഷ്മോർജ്ജ മേഖലയെ വികലമാക്കുന്നുണ്ട്. അതുകൊണ്ടാണ് Initiation കൾ ആവശ്യമായി വരുന്നത്. ശിശുക്കൾ പൂർണ്ണമായും മാലിന്യ വിമുക്തരായി ആണ് ജനിക്കുന്നതെന്ന് ഞാൻ പറഞ്ഞില്ല.

പരിഛേദനം എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ പിന്തുടരാതിരുന്നതെന്ന് പറയാൻ എനിക്ക് സാധിക്കുന്നില്ല. ശിഷ്യന്മാർ തമ്മിലും ഇക്കാര്യത്തിൽ യോജിപ്പുണ്ടായിരുന്നില്ലല്ലോ. കാലക്രമേണ ഒരു പരിഛേദന സംസ്കാര മത സമൂഹത്തിൽ നിന്ന് വേറിട്ട് നിൽക്കാൻ സഭ ആഗ്രഹിച്ച് കാണണം. അല്ലെങ്കിൽ വി. പൌലോസിന്റെ സ്വാധീനം അവിടെയും ഉണ്ടായിരുന്നിരിക്കണം.

**ജിജോ ബേബി ജോസ്**

അനൂപും മറ്റപ്പള്ളിസാറും കുറിച്ചവയിൽനിന്ന് വ്യത്യസ്തമായ ഒരു ദിശയിലേയ്ക്ക് നോക്കാൻ എന്നെ അനുവദിക്കുമല്ലോ.

ഓരോ നിമിഷവും വികസിച്ചുകൊണ്ടിരിക്കുന്ന ഒരദ്ഭുതമാണ് ഈ പ്രപഞ്ചം. അതിൽ മനുഷ്യബുദ്ധിയെ ഏറ്റവും അന്ധാളിപ്പിക്കുന്ന കാര്യം എന്താണെന്നാൽ, അതിന്റെ ഏറ്റവും വലിയ വിസ്തൃതിയിലും ഈ അണ്ഡകടാഹവും അതിലെ ഏറ്റവും ചെറിയ പരമാണുവും തത്ത്വത്തിലും പ്രവൃത്തിയിലും സമാനമാണെന്നതാണ്. നമ്മുടെ ശരീരം മൊത്തത്തിലെടുത്താലും hundred trillion cells അതിലെ ഓരോ കോശമെടുത്താലും അവയും ഈ പ്രപഞ്ചത്തെപ്പോലെതന്നെ നിരന്തരമായ മാറ്റത്തിന് വശംവദമാണ്. എപ്പോഴും പുതിയ രൂപമെടുത്തുകൊണ്ടിരിക്കുക എന്നത് ഒരു കോശത്തെ സംബന്ധിച്ചും ക്ഷീരപഥങ്ങളെ സംബന്ധിച്ചും ഏറ്റവും സ്ഥിരതയുള്ള ഏക സത്യമാണ്. മാറ്റം സംഭവിക്കുക എന്നാൽ ഊർജ്ജപ്രസരം നടന്നുകൊണ്ടിരിക്കുക എന്നുതന്നെയാണ്. നമ്മുടെ ശരീരകോശങ്ങൾക്ക് കണ്ണുണ്ടായിരുന്നെങ്കിൽ അവയിൽ ഓരോന്നും ബാക്കി ശരീരഭാഗങ്ങളെ ഓരോ ഗാലക്സിയായി കാണുമായിരുന്നു എന്ന് കാറൽ സാഗൻ പറഞ്ഞിട്ടുണ്ട്. അവയുടെ ഭൌതികമായ സംഘബലത്തെക്കാൾ വിപുലവും ഫലപ്രദവുമാണ് അവയുടെ മൊത്തത്തിലുള്ള അസ്തിത്വമികവ് എന്ന തിരിച്ചറിവും ആ കാഴ്ചയിലുൾപ്പെടും.

**സക്കറിയാസ് നെടുങ്കനാൽ**

ഏതു പദാർഥത്തെയുമെന്നപോലെ, മനുഷ്യനുൾപ്പെടെ ഏതു ജീവിയേയും വെട്ടിനുറുക്കി, ഓരോ കഷണത്തെയും പിന്നെയും വീണ്ടും നുറുക്കിക്കൊണ്ടിരുന്നാൽ അവസാനം നമ്മൾ പരമാണുവിൽ ചെന്നുനില്ക്കും. ഓരോ അണുവും ശൂന്യമായ ഇടമാണെന്ന് ശാസ്ത്രം സ്ഥിരീകരിക്കുന്നു. അങ്ങനെയെങ്കിൽ രണ്ടുവസ്തുക്കൾ അല്ലെങ്കിൽ രണ്ടുപേർ നേർക്കുനേർ അടുക്കുമ്പോൾ എന്തുകൊണ്ടാണ് വഴി തടയപ്പെടുന്നത്, എന്തുകൊണ്ട് അവയ്ക്ക് പരസ്പരം നുഴഞ്ഞുകടന്ന് അപ്പുറത്തെത്തിക്കൂടാ? അല്ലെങ്കിൽ, എന്തുകൊണ്ടാണ് ദൃശ്യമായ ഒരു വസ്തുവും ഭൂമിയുടെ അഗാധതയിലേയ്ക്ക് താനേ താഴ്ന്നിറങ്ങിപ്പോകാത്തത്?

ശൂന്യമെങ്കിലും ഓരോ കണത്തെയും പൊതിഞ്ഞു നില്ക്കുന്ന വൈദ്യുതോർജ്ജമാണ് ഇതിനു പിന്നിലെ കാരണം. ഓരോ അണുവിന്റെയും മദ്ധ്യത്തിനു (nucleus) ചുറ്റും ഇലെക്ട്രോണുകൾ ഉണ്ട്, അവയുടെ ഊർജ്ജം, ഋണാത്മകമാണെങ്കിലും (negative) ബലമേറിയതാണ് താനും. ഓരോ വസ്തുവിലെയും ഇലെക്ട്രോണുകൾ പരസ്പരം ചെറുത്തുനിൽക്കുന്നു. അങ്ങനെയല്ലായിരുന്നെങ്കിൽ, (ഈ ഇലെക്ട്രിക്കൽ ശക്തിയെ ഉന്മൂലനം ചെയ്യാമെങ്കിൽ) എല്ലാം, ഈ ബ്രഹ്മാണ്ഡം പോലും, അദൃശ്യമായ വെറും പൂഴിയായി മാറും.

എന്നാൽ അതൊരിക്കലും സംഭവിക്കുകയില്ല. പകരം, സുനിശ്ചിത നിയമങ്ങൾക്കു വിധേയമായി വികസിച്ചും ചുരുങ്ങിയും പ്രസരിച്ചുകൊണ്ടിരിക്കുന്ന ഈ ഊർജ്ജസംഹിതയിൽ, ഏതോ ഘടനാസവിശേഷതമൂലം

അവബോധത്തിലെത്തിച്ചേർന്ന ജൈവസാന്നിദ്ധ്യങ്ങളായി നമ്മൾ നമ്മെത്തന്നെ തിരിച്ചറിയുന്നു. നമ്മുടെആരംഭത്തെയും അവസാനത്തെയുംപറ്റി അന്വേഷിക്കാനുള്ള ത്വര നമ്മിൽ സംജാതമാകുന്നു. കോടാനുകോടി വർഷം പഴക്കമുള്ള താരഭസ്മത്തിൽനിന്ന് ഉരുവായ hundred trillion cells അവയുടെ ഊർജ്ജത്തെ അനന്യോന്യം സമഞ്ജസമാക്കി ഏകതാളത്തിലാകുമ്പോൾ (attunement) തങ്ങളുടെ സൃഷ്ടിക്കുള്ള മൂലപദാർഥമായ പരമാണുവിന്റെ തന്നെ സ്വഭാവത്തെപ്പറ്റി അന്വേഷിക്കാൻ ശക്തിയുള്ള ഒരു പ്രതിഭാസമായി അത് വളർന്നിരിക്കുന്നു! വിശ്വമഹാപ്രപഞ്ചത്തിന്റെതന്നെ ഉദ്ദേശ്യം ഇതായിരുന്നെങ്കിൽ, നമ്മൾ തന്നെയല്ലേ എക്കാലത്തെയും ഏറ്റവും വലിയ അദ്ഭുതം?

**ജോസഫ് മറ്റപ്പള്ളി**

വ്യത്യസ്തമായ ഒരു മേഖലയിലേക്കല്ല ഈ വിശ്ദീകരണം പോയിരിക്കുന്നത്. ഖര പദാർഥങ്ങൾ എന്തുകൊണ്ട് പരസ്പരം നുഴഞ്ഞു കടക്കുന്നില്ലായെന്ന വസ്തുതയിലേക്ക് ഒരു വിശദീകരണം ഇതുപോലെ ലളിതമായി ഞാൻ ആദ്യമായി കേൾക്കുകയാണ്. ഒത്തിരി നന്ദി. സാക്ക് പറഞ്ഞ മറ്റൊരു കാര്യം ഓരോ കോശവും ഓരോ ആറ്റവും പ്രപഞ്ചത്തിന്റെ ഒരു മോഡൽ ആണെന്നുള്ളതാണ്. ഈ പ്രപഞ്ചത്തിന്റെ സൌന്ദര്യം എന്ന് പറയുന്നത്, ഓരോ കണികയും ഈ പ്രപഞ്ചത്തിന്റെ കേന്ദ്രത്തിലാണെന്ന് അവയ്ക്ക് അനുഭവപ്പെടുന്ന രീതിയിലാണ് സർവ്വതും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് തന്നെയാണ്. ഞാൻ നോക്കുമ്പോൾ പ്രപഞ്ചം മുഴുവൻ എനിക്കുവേണ്ടിയെന്ന പോലെയാണ് പ്രവർത്തിക്കുന്നത്. ഓർത്താൽ തല മരച്ചു പോവുകയയുള്ളൂ. സമയം കൊണ്ടും സ്ഥലം കൊണ്ടും ഓരോ പരമാണുവിനെയും ഉള്ളം കയ്യിൽ വെച്ചു താലോലിക്കുന്ന ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച മഹാബോധതലത്തിന്റെ മുമ്പിൽ ആർക്കു തല കുനിക്കാതിരിക്കാനാവും?

സാക്ക് പറഞ്ഞ മറ്റൊരു കാര്യവും ശ്രദ്ധയർഹിക്കുന്നു. സ്ഥൂല ലോകത്തും സൂഷ്മ ലോകത്തും അതിന്റേതായ നിയമങ്ങൾ ഉണ്ട്. അത് സ്ഥാപിച്ച ശക്തി അത് ഒരിക്കലും ഭേദിക്കുകയുമില്ല. സദാ വികസിച്ചുകൊണ്ടിരിക്കുന്ന ഈ പ്രപഞ്ചത്തിൽ നാമും വികസിക്കുക, അറിവിലും പെരുമാറ്റത്തിലും.

**ജിജോ ബേബി ജോസ്**

മനുഷ്യന്റെ വ്യാവഹാരിക ബുദ്ധിക്ക് ഗഹനമായ വിഷയങ്ങളാണ് മറ്റപ്പള്ളി സാറിന്റെ ലേഖന പരമ്പരയിലെ 'ഊർജ്ജ പഥങ്ങൾ' എന്ന മൂന്നാം ഭാഗം. പ്രപഞ്ചത്തെ അപരിമേയ ബോധത്തിന്റെ രൂപഭാവ സാക്ഷാത്കാരമായി നിരീക്ഷിക്കുന്ന യുക്തിയുക്തമായ വിശദീകരണങ്ങൾ എന്നെയെന്നും അത്യധികമായി ആകർഷിക്കാറുണ്ട്. എങ്കിലും മറ്റപ്പള്ളി സാർ കുറിച്ച കുറച്ചു കാര്യങ്ങളിൽ ഞാൻ സന്ദേഹിയാണ്. പ്രപഞ്ചത്തിലെ ഓരോ ഘടകവസ്തുവിലേയും ഊർജ്ജസ്ഥിതി വ്യത്യസ്തമാണെങ്കിലും ചില പ്രത്യേക അടയാളങ്ങളിലും രൂപങ്ങളിലും പ്രപഞ്ചസംവിധാനം ഊർജ്ജത്തിന്റെ ഉയർന്ന ഉത്തേജിതാവസ്ഥയിൽ ആണെന്ന് സങ്കൽപ്പിക്കേണ്ടി വരുന്നത്, മനുഷ്യന്റെ വ്യാവഹാരിക യാഥാർത്ഥ്യങ്ങളിലെ കേവലമായ 'അത്ഭുതങ്ങൾ' മാത്രമല്ലേ എന്നതാണ് ആ സന്ദേഹം. അതിനനുപ്പുറമുള്ള ഒരു ബോധതലത്തിലേക്കാണല്ലോ പരമാണുവിലൂടെ നാം ചെന്നെത്തുക!

'അണു എങ്ങനെയോ അങ്ങനെയാണ് പ്രപഞ്ചസംവിധാനവും' എന്ന വേദാന്തദർശനത്തിൽ തന്നെയാണ് ക്വാണ്ടം ഫിസിക്സിന്റെ അറിവുകളും എത്തിനിൽക്കുന്നത്. ആറ്റത്തിന്റെ മൊത്തം പരിമാണത്തിന്റെ 99.99% വും ശൂന്യതയാണ് (free space) എന്ന തിരിച്ചറിവിൽ പുതിയ ഗവേഷണങ്ങൾ നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു. മറ്റപ്പള്ളി സാർ ലേഖനത്തിൽ സൂചിപ്പിച്ചപോലെ, ആറ്റത്തിന്റെ രൂപഭാവ സംവിധാനത്തിലെ ശിലേഹഹശ ഴലിരല (പ്രജ്ഞ) ഒളിഞ്ഞിരിക്കുന്നത് ഈ ശൂന്യതയിലാണെന്ന് പ്രഖ്യാപിക്കുന്നത് ശാസ്ത്രസാഹിത്യ കൃതികളിലൂടെ പ്രശസ്തയായ ഡാന സോഹർ ആണ്. തന്റെ 'ക്വാണ്ടം ആത്മാവ്' എന്ന പുസ്തകത്തിൽ, ഒരാറ്റത്തിലെ ഇലെക്ട്രോണുകൾ എന്ന ഋണാത്മക ഊർജ്ജക്ഷേത്രത്തിനും അതിന്റെ ന്യൂക്ലിയസ്സിനുമിടയിലുള്ള ഈ ശൂന്യതയെ 'ക്വാണ്ടം ശൂന്യത' (quantum vaccum) എന്നാണവർ വിളിക്കുന്നത് . ശുദ്ധശൂന്യതയിൽ നിന്ന് എന്തെങ്കിലും പൊട്ടിപ്പുറപ്പെടുക അനുഭവത്തിനു വിരുദ്ധമാണെങ്കിലും അവർ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത് ക്വാണ്ടം ശൂന്യത ജഡമല്ലെന്നും അതിനു ബോധമുണ്ടെന്നുമാണ്.

ശാന്തമായ സമുദ്രമാണ് ക്വാണ്ടം ശൂന്യത എന്നു സങ്കൽപ്പിക്കുക. അതിൽ പ്രത്യക്ഷപ്പെടുന്ന തിരമാലകളാണ് പ്രാപഞ്ചികവസ്തുക്കൾ. ഇതിന്റെ ആദ്യപടിയെന്നോണം ഹിഗ്ഗ്സ് ഫീൽഡ് (higgs field) വെളിപ്പെടുന്നു. ചലനാത്മകമായ ഊർജ്ജപ്രരൂപങ്ങളുടെ സ്രോതസ്സ് ഈ ഹിഗ്ഗ്സ് ഫീൽഡ് ആണ്. അതിന്റെ ബലവാഹികളായ അതിസൂക്ഷ്മ കണമാണ് ഹിഗ്ഗ്സ് ബോസോൺ (higgs boson). ഒരു പാർട്ടിക്കിൾ സെക്കന്റിനുള്ളിൽ (10^23) ഉത്ഭവിച്ച് 'കർമ്മം ചെയ്ത്' അപ്രത്യക്ഷമാകുന്ന ഈ കണം 'ദൈവകണം' എന്നാണ് അറിയപ്പെടുന്നത്. ദ്രവ്യത്തിന് 'ദ്രവ്യമാനം' എന്ന ഗുണം നൽകുന്ന വ്യവസ്ഥയാണിത് എന്ന് കരുതപ്പെടുന്നു. പ്രപഞ്ചത്തിലെ നാല് അടിസ്ഥാന ആകർഷണബലങ്ങളുടെയും മറ്റെല്ലാ ഉപകണങ്ങളുടെയും സ്രോതസ്സ് ഈ വ്യവസ്ഥയിൽ നിന്നാകുന്നു.

Uncertaitny Priciple പ്രകാരം സൂക്ഷ്മതലങ്ങളിൽ കണങ്ങളുടെ സ്ഥാനവും പ്രവേഗവും ഒരേസമയം തിട്ടപ്പെടുത്താൻ ആവില്ല. അലങ്കോലപ്പെട്ടതും കുറെ ആകസ്മികതകളുടെയും രംഗവേദിയാണ് സൂക്ഷ്മാണുതലം എന്നാണ് മനുഷ്യന്റെ ശാസ്ത്രബോധം ഗ്രഹിച്ചിരിക്കുന്നത്. പക്ഷേ, സൂക്ഷ്മതലങ്ങളിലെ ഈ 'വൈരുധ്യങ്ങൾക്ക്' അതിൽത്തന്നെ ലക്ഷ്യബോധം ഉണ്ടെന്ന് സുവ്യക്തമാണല്ലോ; അതാണ് നാമുൾപ്പെടുന്ന ജൈവപ്രകൃതിയും സ്ഥൂലമഹാപ്രപഞ്ചവും. അങ്ങനെ നോക്കുമ്പോൾ ക്വാണ്ടം ശൂന്യത ജഡമല്ല എന്നുതന്നെയാണ് അന്തിമ നിഗമനം. ആത്മാവബോധമുണർന്നവർ ബോധമയമായ ഈ മഹാനിശ്ചലതയെ 'ബ്രഹ്മം' എന്ന് ഉള്ളിൽ അറിഞ്ഞനുഭവിക്കുന്നു.

'കോടാനുകോടി വർഷം പഴക്കമുള്ള താരഭസ്മത്തിൽനിന്ന് ഉരുവായ hundred trillion cells അവയുടെ ഊർജ്ജത്തെ അന്യോന്യം സമഞ്ജസമാക്കി ഏകതാളത്തിലാകുമ്പോൾ (attunement) തങ്ങളുടെ സൃഷ്ടിക്കുള്ള മൂലപദാർഥമായ പരമാണുവിന്റെതന്നെ സ്വഭാവത്തെപ്പറ്റി അന്വേഷിക്കാൻ ശക്തിയുള്ള ഒരു പ്രതിഭാസമായി അത് വളർന്നിരിക്കുന്നു! വിശ്വമഹാപ്രപഞ്ചത്തിന്റെതന്നെ ഉദ്ദേശ്യം ഇതായിരുന്നെങ്കിൽ, നമ്മൾ തന്നെയല്ലേ എക്കാലത്തെയും ഏറ്റവും വലിയ അദ്ഭുതം?'. ഇതിൽ കവിഞ്ഞു മറ്റൊന്നും എനിക്കും അറിയില്ല......



# ഊർജ്ജത്തിന്റെ വിന്യാസം

## 4

ഊർജ്ജത്തെ ഞാൻ പോസിറ്റിവും നെഗറ്റിവും എന്ന് വേർതിരിക്കുകയാണ്. സർവ്വതും, പോസിറ്റിവ് മാത്രമായിരിക്കുന്ന അടിസ്ഥാന ഊർജ്ജത്തിൽ നിന്നും പരുവപ്പെട്ടത് തന്നെ. ഈ അടിസ്ഥാനോർജ്ജത്തെയാണ് ദൈവം എന്നും വിളിക്കുന്നത്. ചിന്തകരും ഗുരുക്കന്മാരും ഗവേഷകരും എല്ലാം ദൈവം എന്ന പദം വ്യാപകമായി ഉപയോഗിക്കാറില്ല, പകരം ഏന്തെങ്കിലും പര്യായ പദങ്ങളാണ് അവർക്കിഷ്ടം. ദൈവം എന്ന് പറയുന്നതുകൊണ്ട് ഒരു ദ്രവ്യശരീരമുള്ള ശക്തിയെന്നാണ് ആരുടേയും മനസ്സിലേക്ക് ആദ്യം ഒഴുകിയെത്തുന്നത്; ഇതൊഴിവാക്കുകയാണ് ഒരു ലക്ഷ്യം. ഈ ഊർജ്ജത്തിന് ലളിതമായ ഭാഷയിൽ ഒരു പേരുണ്ടെങ്കിൽ അത് 'സ്നേഹം' എന്നാണ്. ഇവിടെ നെഗറ്റിവ് എന്ന് ഞാൻ ഉദ്ദേശിക്കുന്നത് പോസിറ്റിവിറ്റി വളരെ കുറഞ്ഞ ഒരു തലത്തെയാണ്. ചൂടിൻറെ തന്നെ കുറഞ്ഞ അവസ്ഥയെ നാം തണുപ്പെന്നു വിളിക്കുന്നതുപോലെയെ ഉള്ളൂ ഇതും. രണ്ടും അളക്കുന്നത് തെർമോമീറ്റർ ഉപയോഗിച്ചാണല്ലോ.

അടയാളങ്ങളും ആകൃതികളും, ഊർജ്ജത്തിൻറെ സംഭരണ ശേഷിയും ഗുണനിലവാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാത്വികൊർജ്ജം സമൃദ്ധമായി പ്രസരിപ്പിക്കുന്ന അനേകം ഇടങ്ങളുണ്ട് ഭൂമിയിൽ. അവ തേടി കണ്ടുപിടിച്ചു വീട് വെയ്ക്കുകയെന്നതും നമ്മുടെ പാരമ്പര്യത്തിൽ അന്യമായിരുന്നില്ല. ചില ഇടങ്ങളിൽ ചെല്ലുമ്പോൾ നമുക്ക് ഒരു നല്ല സുഖം തോന്നിയിട്ടില്ലേ? കാരണം ഇത് തന്നെ. കടലോരത്ത് ചെന്നുപെട്ടാൽ നമുക്ക് മടങ്ങി പോരാനെ തോന്നില്ല; പഞ്ച ഭൂതങ്ങളും സന്നിഹിതമാകുന്ന സ്ഥലമാണ് കടൽത്തീരം. ഇത്തരം സാഹചര്യങ്ങളിൽ ശരീരത്തിൽ ഉണ്ടാകുന്ന ഊർജ്ജ വിന്യാസം രോഗശാന്തിക്ക് കാരണമാകും. താപസ്സന്മാർ പ്രധാനമായും കന്യകാവനങ്ങളെ തിരഞ്ഞെടുത്തുവെങ്കിൽ ഒരു കാരണം ഇതാണ്. യേശുവും കൂടുതൽ സമയം ചിലവഴിച്ചത് കടലോരങ്ങളിലും കുന്നിൻ ചെരുവുകളിലുമായിരുന്നല്ലോ. ചുറ്റുപാടുകളുടെ സഹായവും അവരുടെ വളർച്ചക്ക് അവർ പ്രയോജനപ്പെടുത്തി. ചന്തക്കു പോയി വരുന്നവൻ ക്ഷീണിച്ചു പരവശനായി വരുമ്പോൾ ക്ഷേത്രത്തിൽ നിന്ന് മടങ്ങുന്നവൻ ഉന്മേഷവാനായിരിക്കും. ചന്തയിൽ പോയപ്പോൾ ഉള്ളത് കൂടി നഷ്ടപ്പെട്ടു, ക്ഷേത്രത്തിൽ  പോയപ്പോൾ ഏറെ ഊർജ്ജം കിട്ടി. പ്രതികൂല സാഹചര്യങ്ങളെ നേരിട്ട് നേടുന്ന ആത്മീയ വളർച്ചക്ക് പത്തര മാറ്റിൻറെ തിളക്കമുണ്ട്. അത് കൊണ്ടാണ്, ഒരു ഗ്രഹസ്ഥൻ ഒരു താപസ്സനെക്കാൾ മൂന്നു മടങ്ങ് അനുഗ്രഹീതനാണെന്നു പറയപ്പെടുന്നത്.

സൂഷ്മോർജ്ജത്തെ അളക്കാനുള്ള മാർഗ്ഗങ്ങൾ ഇന്നുണ്ട്. മണ്മറഞ്ഞ പല സംസ്കാരങ്ങളുടെയും സാത്വികോർജ്ജ പ്രഭവകേന്ദ്രം നാം ഇങ്ങിനെ കണ്ടെത്തിയിട്ടുമുണ്ട് (ഉദാ: AD 66 ൽ മഹാബലിപുരത്തുണ്ടായിരുന്ന ക്ഷേത്രം കണ്ടെടുത്തപ്പോൾ തയ്യാറാക്കിയ statestics report). ഊർജ്ജത്തിൻറെ മൂലഭാവങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ ദായനികളായ വ്യത്യസ്ഥ ആകൃതികളെപ്പറ്റി ഭാരതീയ ശാസ്ത്രങ്ങൾ പറയുന്നു. അതുകൊണ്ടാണ് ഹിന്ദുക്കളുടെ വിഗ്രഹങ്ങൾക്ക് കൌതുകകരമായ രൂപങ്ങൾ ലഭിക്കുന്നത്. ഒരു മനുഷ്യൻറെ മുഖത്ത് ദുഃഖം മാറി സന്തോഷം വരാൻ വെറും ഒരു ചുളിവു പോരെ? വിഗ്രഹങ്ങൾ പരുവപ്പെടുത്തുമ്പോൾ അതീവജാഗ്രത വേണം. വിവിധ മാർഗ്ഗങ്ങളിലൂടെ ഓരോ വിഗ്രഹത്തെയും ചൈതന്യ ദായനികളായി മാറ്റുകയാണ് അവർ  ചെയ്യുന്നത്. ഇവിടെ, ഒരു ഹൈന്ദവനും വിഗ്രഹത്തിലൂടെ ലഭിക്കുന്ന ചൈതന്യത്തിൻറെ ശ്രോതസ്സ് വിഗ്രഹം തന്നെയാണെന്ന് അവകാശപ്പെടുന്നില്ല. വിഗ്രഹങ്ങളിലൂടെ ഈശ്വരനെ കാണുമാറാകട്ടെയെന്നു പ്രാർഥിക്കുന്നതിൻറെ കാരണം ഇതാണ്. മൂർത്തിയല്ല ഈശ്വരനെന്ന് വേദങ്ങൾ സ്പഷ്ടമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രൈസ്തവനും ഹിന്ദുവിനുമൊക്കെ അടി തെറ്റുന്നില്ലെയെന്നുള്ള സംശയം അസ്ഥാനത്തല്ല താനും. തത്വത്തിൽ പ്രതീകങ്ങളായതുകൊണ്ട് ഹിന്ദുക്കൾ നടത്തുന്നത് വിഗ്രഹാരാധനയാണെന്നും പറയാനാവില്ല. ഒരു വിഗ്രഹത്തിൻറെ വലുപ്പം നോക്കി അതിനു പ്രസരിപ്പിക്കാൻ കഴിയുന്ന സാത്വികൊർജ്ജത്തിൻറെ അളവ് തിട്ടപ്പെടുത്തുന്നത് മൌഢ്യം ആയിരിക്കും. വെറുമൊരു ആറ്റമിൻറെ ശേഷി (ഉദാ: ആറ്റം ബോംബ്) നമുക്ക് ഊഹിക്കാൻ കഴിയുമല്ലോ.

ശ്രീകോവിലിനെ വലം വെയ്ക്കുമ്പോൾ ഒരു ചാലകം ഊർജ്ജ രശ്മികളെ ഭേദിക്കുമ്പോൾ സംഭവിക്കുന്നതുപോലെ ശരീരത്തിൽ ഊർജ്ജ പ്രവാഹം ഉണ്ടാകും. എല്ലാ ഹൈന്ദവാചാരങ്ങളുടെ പിന്നിലും

ശക്തമായ ഒരു ശാസ്ത്രമുണ്ട്. ഊർജ്ജ പ്രസരണത്തിന് സിമട്രി നല്ലതല്ലാത്തതുകൊണ്ടാണ് ക്ഷേത്രങ്ങളിലെ കൊടിമരം മദ്ധ്യത്തിൽ നിന്ന് അൽപ്പം മാറ്റി സ്ഥാപിക്കുന്നത്. യാഗശാലയിലെ പ്രതിഷ്ഠയും ശാലയുടെ മദ്ധ്യത്തിലല്ല സ്ഥാപിക്കുന്നത്. ഹൈന്ദവ ശാസ്ത്രപ്രകാരം മന്ത്രങ്ങളും പതിയെ ചൊല്ലേണ്ടതാണ് (മനനാൽ ത്രായതേ, ഇതി മന്ത്രാ). വാചികം (ഉച്ചത്തിൽ ചെല്ലുന്നത്) ഉപാംശം (പതിയെ മന്ത്രിക്കുന്നത്) മാനസം (മനസ്സിൽ ചെല്ലുന്നത്) ഇങ്ങിനെ മൂന്ന് രീതികളിൽ പ്രാർഥനകളും ചൊല്ലാം. ഏറ്റവും ശക്തിയേറിയത് മാനസം തന്നെ. എങ്ങിനെയാണ് പ്രാർഥിക്കേണ്ടതെന്ന് യേശുവിനോട് ശിക്ഷ്യർ ചോദിച്ചപ്പോൾ മുറിയിൽ കയറി നിശ്ശബ്ദനായി പിതാവിനോട് സംവദിക്കാനാണ് യേശു ആദ്യം പറഞ്ഞത്. മന്ത്രങ്ങളുടെയും പ്രാർഥനകളുടെയും

മുഴുവൻ ശേഷിയും പ്രയോജനപ്പെടണമെങ്കിൽ അത് ചൊല്ലുന്നതിനു സമയവും കാലവുമുണ്ട്. രാമായണപാരായണത്തിന് ഉത്തമമായിട്ടുള്ളത് കർക്കിടക മാസമാണ്. ഭൂമിയിലൂടെ കടന്നു പോവുന്ന ഊർജ്ജ രശ്മികളുടെ സ്വഭാവത്തിലുള്ള വ്യതിയാനങ്ങളാണ് കാരണം. വേദങ്ങളും ഇതിഹാസങ്ങളുമൊക്കെ എഴുതപ്പെട്ടത് ഈ കലിയുഗത്തിലുള്ളവർക്ക് വേണ്ടിയല്ല എന്നൊരു വാദഗതിയുണ്ട്. പകൽ അദ്ധ്വാനവും കഴിഞ്ഞ് വെളിച്ചം മാറുന്നതിനു മുമ്പ് അത്താഴവും കഴിഞ്ഞ് ഈശ്വര നാമവും ജപിച്ച് ഉറങ്ങാൻ പോകുന്ന ഒരു ദിനചര്യയാണ് പ്രകൃതി ഉദ്ദേശിക്കുന്നത്. സൂര്യപ്രകാശം ഉള്ളപ്പോൾ ആഹാരം കഴിച്ചാൽ ദഹനം എളുപ്പമാവും എന്നുള്ളത് ശാസ്ത്ര സത്യമാണ്. മുസ്ലീമുകളുടെ റമദാൻ പകൽ നോയമ്പ് തികച്ചും ശാസ്ത്രിയമാണ്; വലിച്ചു വാരി തിന്നുകൊണ്ടുള്ള നോമ്പുതുറ അശാസ്ത്രിയവുമാണ്. ഉപബോധതലത്തിലേക്ക് ഉറക്കത്തിലൂടെ ഊളിയിടുന്നത് ഈശ്വര ചിന്തയോടെ ആയിരിക്കുന്നത് കൊണ്ടുമുണ്ട് ഏറെ ഗുണങ്ങൾ.

വീടുകൾ നിർമ്മിക്കുമ്പോൾ അതിൻറെ ആകൃതിയിലോ നിർമ്മിതിയിലോ ദർശനത്തിലോ ഒക്കെ വരുന്ന ചെറിയ മാറ്റങ്ങൾ പോലും സാത്വികോർജ്ജത്തെ ആകർഷിക്കുന്നതിലോ നിലനിർത്തുന്നതിലോ ഒക്കെ കാര്യമായ വ്യത്യാസം ഉണ്ടാക്കും. വാസ്തുശാസ്ത്രം ഇത്തരം കാര്യങ്ങൾ വിശകലനം ചെയ്യുന്നു. കൃത്യമായ വാസ്തു അസാദ്ധ്യമാണ്, കൃത്യമായിരിക്കണമെങ്കിൽ വാസ്തു വിലയിരുത്തുന്നവന് ഏറെ ഉൾക്കാഴ്ചയും ഉണ്ടായിരിക്കേണ്ടതുണ്ട്. തിരക്കേറിയ നഗരങ്ങളിൽ വാസ്തു പ്രായോഗികവുമല്ല, അവിടെ അതിനൊഴിവുകൾ കല്പ്പിക്കുന്നുണ്ടെന്നത് മറക്കുന്നുമില്ല. എന്തായാലും, സാത്വികോർജ്ജത്തെ സ്വീകരിക്കാൻ കഴിയുന്ന കല്ല് മണ്ണ് തടി ഇല തുടങ്ങിയ പ്രകൃതിദത്ത സാമഗ്രികൾ കൊണ്ട് നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളിലെ വാസ്തു പരമാവധി പ്രയോജനപ്പെടാൻ സാധ്യതയുള്ളു. സിമൻറ്, കമ്പി തുടങ്ങിയ മൃതവസ്തുക്കൾ സൂഷ്മോർജ്ജത്തെ നിർവ്വിര്യമാക്കാൻ പോന്നതാണ്. പ്രകൃതിയിലുള്ള ഊർജ്ജ പ്രവാഹത്തിൽ നാമും ആയിരിക്കുന്നില്ലെങ്കിൽ (ഉദാ: സ്ഥിരമായി വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ) അത് ശരീരത്തിൽ ഉണ്ടാക്കുന്ന കാന്തിക പ്രതിഭാസം നടുവ് വേദനയായും കൈകാൽ വേദനകളായിട്ടുമൊക്കെ മാറാം. ഇവിടെ മാഗ്നറ്റിക് തെറാപ്പിയാവും ഉചിതമാതും. വാസ്തു അനിവാര്യമല്ലെന്നു പറയുന്നവരും ധാരാളം ഉണ്ട്. എന്തായാലും, ഒരാളുടെ ജന്മോദ്ദേശ്യം വാസ്തുവിലൂടെ മാറ്റാൻ കഴിയും എന്നുള്ള ചിന്ത മൌഢ്യം; നല്ലത് മാത്രമായി ഒരവസ്ഥ അസാദ്ധ്യവുമാണ്. പോസിറ്റിവിനെയും നെഗറ്റിവിനെയും തുല്യമായി നിലനിർത്തി പോസിറ്റിവിനുള്ളതും നെഗറ്റിവിനുള്ളതും അതാതിന് മികച്ച ദൌത്യത്തിനായി വേർതിരിച്ചു പ്രയോജനപ്പെടുത്തുന്ന രീതി വീടുകളുടെ കാര്യത്തിൽ എന്തായാലും അസ്ഥാനത്തല്ല. ഓരോരുത്തർക്കും ഉചിതമായതെന്തെന്നു പ്രകൃതി എപ്പോഴും മന്ത്രികൊണ്ടിരിക്കുന്നു ചിലപ്പോൾ സൂചനകളിലൂടെ. ഉൾപ്രേരണയുടെ പിന്നാലെ പോയാൽ അവൻ ചെയ്യുന്നത് ഏറ്റവും മികച്ചതായി മാറാം. ഒരാകൃതിക്ക്, അത് വീടായാലും വസ്ത്രമായാലും വളരെ പ്രസക്തിയുണ്ടെന്ന് പറയുക മാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ. എത്ര കൃത്യമായ വാസ്തുവായാലും അതിനുമുണ്ട് ബാല്യവും കൌമാരവും. ഒരാകൃതിയുടെ വാർദ്ധക്യത്തിൽ അതിനു ലഭിക്കേണ്ട ഊർജ്ജം അതുതന്നെ തിന്നു തീർക്കും. കറ തീർന്ന വാസ്തു കരവിരുത് കാട്ടിയിട്ടുള്ള കൊട്ടാരങ്ങളിൽ നാമാവശേഷമാകാതെ ഒന്നും അവശേഷിക്കുന്നില്ലല്ലോ!

സെമറ്റിക് മതങ്ങളൊന്നും ഇത്തരം നിയമങ്ങൾ നോക്കിയല്ല അവരുടെ ആരാധനാലയങ്ങൾ നിർമ്മിക്കുന്നത്. പക്ഷെ, ഉദ്ദേശശുദ്ധി (Intention) കൊണ്ട് അവ ഊർജ്ജവത്കരിക്കപ്പെടുന്നു. സ്ഥിരമായി പ്രാർത്ഥനകൾ നടക്കുന്നതിലൂടെ പള്ളികൾ സാത്വികോർജ്ജദായനികളായി മാറുന്നുണ്ടല്ലോ. ഇത് പ്രാർത്ഥനകളുടെയും കാര്യത്തിൽ പ്രസക്തമാണ്. ഒരു പ്രാർത്ഥന അനേകം പേർ അനേകം കാലങ്ങളായി എന്തുദ്ദേശത്തോടെ ആവർത്തിക്കപ്പെട്ടോ ആ ഊർജ്ജപ്രവാഹത്തിൽ എത്തിച്ചേരാൻ ആ പ്രാർത്ഥന അതുപോലെ ഉരുവിട്ടാൽ മതി. 'തമസ്സോ മാ ജ്യോതിർ്ഗ്ഗമയാ ....' എന്ന് തുടങ്ങുന്ന ശ്ലോകം ഉരുവിടുന്നവരെല്ലാം അത് ചൊല്ലിക്കൊണ്ടിരുന്ന സാത്വികരുടെ ഊർജ്ജഭാവത്തിലേക്ക് എളുപ്പത്തിൽ കടന്നു ചെല്ലും. പുതിയ

പ്രാർഥനകൾക്ക് ഒരിക്കലും പഴയതിൻറെ ശൌര്യവും വീര്യവും കാണില്ല. പുതിയ അടയാളങ്ങൾ തിരഞ്ഞെടുക്കുമ്പോഴും ഇത് തന്നെയാണ് സ്ഥിതി. ഓം ഉരുവിടുമ്പോൾ ഒരു പ്രത്യേക അനുഭൂതി ലഭിക്കുന്നുണ്ടല്ലോ. മന്ത്രങ്ങൾ സൂഷ്മോർജ്ജതലത്തിൽ മാത്രമല്ല പ്രവൃത്തിക്കുന്നത്. ഒരു ഗ്ലാസ് പ്രതലത്തിൽ പൂഴി മണൽ നിരത്തി ഓം അനേകം പ്രാവശ്യം മന്ത്രിച്ചപ്പോൾ മണൽ ഓംകാരത്തിൻറെ ആകൃതിയിൽ മാറുന്നുവെന്നത് ഗവേഷകർ പരീക്ഷിച്ച് ബോദ്ധ്യപ്പെട്ടതാണ്. സത് മന്ത്രങ്ങളും ദുർമന്ത്രങ്ങളും പ്രവൃത്തി ചെയ്യും, അത് സത്യമാണ്.

**അനൂപ്**

സന്ദർശകർക്ക് സാത്വികൊര്ജ്ജം നൽകാനായി രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ളവയായ എല്ലാ ആരാധനാലയങ്ങൾക്കും ഇപ്പോൾ അത് ചെയ്യാനാവുന്നുണ്ടോ? 'മലയാളം വാരിക' യിൽ കുറച്ചു വർഷങ്ങൾക്കു മുൻപ് ഒരു ലേഖനം വന്നിരുന്നു. ജീവജാലങ്ങളുടെ ഊർജ്ജശരീരത്തെയും ഊർജ്ജ ത്തിന്റെ ഒഴുക്കിനെയും നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിവുള്ള ഒരാളായിരുന്നു അത് എഴുതിയത്. മിക്ക ആരാധനാലയങ്ങളും അവിടം സന്ദർശിക്കുന്നവരുടെ ഊർജ്ജം വലിച്ചെടുക്കുന്നതായിട്ടാണ് അദ്ദേഹം കണ്ടത്.

യൂറോപ്പിലെ പഴയപള്ളികളെല്ലാം തന്നെ നല്ല ലൊകെഷനുകളിലാണ്, ആയിരക്കണക്കിനു വർഷങ്ങൾ പ്രാർത്ഥനകൾ നടന്നിരുന്നു സ്ഥലങ്ങൾ കൈയ്യേറിയാണ് അവ നിർമ്മിച്ചിരിക്കുന്നത് എന്നത് തന്നെ കാരണം . പാഗൻ ജനതയുടെ Holy wells കുരിശുനാട്ടി സഭ സ്വന്തമാക്കി . സ്വാതി കോർജ്ജം കൂടുതൽ അനുഭവപ്പെടുന്ന Thin places നെ പറ്റിയും, Leylines നെക്കുറിച്ചും Knights of Templar പോലെയുള്ള ക്രൈസ്തവവിഭാഗങ്ങൾക്ക് അറിവുണ്ടായിരുന്നു .

**ജോസഫ് മറ്റപ്പള്ളി**

അനൂപിൻറെ ചോദ്യം വളരെ അർത്ഥവത്താണ്. രണ്ട് ഊർജ്ജ മേഖലകൾ അടുത്തു വന്നാൽ ഊർജ്ജസ്ഥിതി രണ്ടും തുല്യമാകുന്നതു വരെ പുന:ക്രമീകരിക്കപ്പെടും. സാത്വികനായ ഒരാൾ തമസികരായ ആളുകളുമായി ഇടപഴകുമ്പോൾ അയാളുടെ സാത്വിക സ്ഥിതി അപരന്റെ ഊർജ്ജസ്ഥിതി യുമായി സമരസപ്പെടും. ഊർജ്ജച്യുതി അനുഭവിക്കുന്ന കെട്ടിടങ്ങൾ സന്ദർശകരുടെ ഊർജ്ജം വലിച്ചെടുക്കും. പഴയ കെട്ടിടങ്ങൾ താമസ യോഗ്യമല്ലെന്ന് പറയുന്നതിൻറെ കാരണം ഇതാണ്. രണ്ട് വ്യത്യസ്ഥ പോളാരിറ്റികളിലുള്ള കമ്പികൾ യോജിപ്പിച്ചാൽ സംഭവിക്കുന്നതെന്തോ അത് തന്നെയാണ് ഇവിടെയും സംഭവിക്കുക. ചില ആളുകളുടെ അടുത്തു നിൽക്കുമ്പോൾ ഒരു സുഖം തോന്നാറില്ലേ? അവരുടെ പക്കൽ നിന്നും സാത്വികൊർജ്ജം നമുക്ക് ലഭിക്കുന്നതുകൊണ്ടാണ് അത് സംഭവിക്കുന്നത്. ഒരാളുടെ അടുത്തോ ഒരു സ്ഥലത്തോ നിൽക്കുമ്പോൾ നമുക്ക് അസ്വസ്ഥത തോന്നുവെങ്കിൽ ആ സാഹചര്യം ഒഴിവാക്കുക. അത് സൂചിപ്പിക്കുന്നത് നമ്മുടെ സൂഷ്മോർജ്ജം നഷ്ടപ്പെടുന്നുവേന്നാണ്. ഇത് അബോധ തലത്തിൽ നടക്കുന്ന ഒരു പ്രവൃത്തിയാണ്. ഒരു രോഗിയുടെ അടുത്തു ഏറെ നേരം ആയിരിക്കുന്നവൻ ക്ഷിണിച്ചവശനായാവും മടങ്ങുക. കൊച്ചു കുട്ടികളെ അപരിചിതരുടെ അടുത്തു വിടാതിരിക്കുന്നതും ഇത് കൊണ്ട് തന്നെ. വ്യാപകമായി നടക്കുന്ന ഈ ഊർജ്ജ മോഷണത്തെപ്പറ്റിയും മറ്റൊരു അദ്ധ്യായത്തിൽ എഴുതാം.

# ഊർജ്ജത്തിന്റെ പ്രകൃതി

## 5

മന്ത്രോപയോഗം കൊണ്ട് അന്യന് ദോഷം ഇശ്ചിക്കാമെങ്കിലും അന്യന് ദോഷം ഭവിക്കണമെന്നില്ല. ഇത് സാധിക്കണമെങ്കിൽ ഇരയുടെ ഊർജ്ജമേഖല പ്രായേണ ദുർബ്ബലമായിരിക്കണം അല്ലെങ്കിൽ അത് സുരക്ഷിതമായി നിർത്താനുള്ള ഇശ്ചാശക്തി അവിടെ ഉണ്ടായിരിക്കരുത്. എല്ലാ ഊർജ്ജവും സ്നേഹത്തിൽ നിന്നാണ് പുറപ്പെടുന്നത് എന്ന് പറഞ്ഞു. ഈ സ്നേഹത്തിൻറെ ശക്തി അപാരമാണ്. ഒരു ശക്തിക്കും ശുദ്ധ സ്നേഹത്തെ തകർക്കാൻ കഴിയില്ല. ആ സ്നേഹ ഊർജ്ജ പ്രവാഹം അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്ന ഒരിടത്തും ദുർമന്ത്രവാദങ്ങൾക്ക് ഒരു പോറലും ഏൽപ്പിക്കാൻ കഴിവില്ല. ഈശ്വരനുമായി സമരസപ്പെട്ട് ആയിരിക്കുന്നത് കൊണ്ട് ഇങ്ങിനെയും ഗുണമുണ്ട്. മന്ത്രങ്ങൾ ഉപയോഗിക്കുന്ന ക്രിയകൾ സദ്ക്രിയകളുമാവാം ദുഷ്ക്രിയകളുമാവാം. ദുർമന്ത്രവാദങ്ങൾ ദോഷകരമാകാം എന്ന് പറഞ്ഞപ്പോൾ സദ്മന്ത്രങ്ങളും ദോഷകരമാവാം എന്ന് കാണാതിരിക്കരുത്. മന്ത്രങ്ങൾ ഹീനസ്വരമായോ ഹീന വർണ്ണമായോ ഉശ്ചരിച്ചാൽ ആ വാക്കാകുന്ന വജ്രായുധം അങ്ങിനെ മന്ത്രിക്കുന്നവനെ ശിക്ഷിക്കും എന്നാണ് പറയപ്പെടുന്നത്. ഗായത്രിമന്ത്രം മാത്രമല്ല മന്ത്രങ്ങളെല്ലാം നിഷ്കർഷിക്കപ്പെട്ട രീതിയിൽ തന്നെ ചൊല്ലിയിരിക്കണം. ക്രിയ ഏതാണെങ്കിലും ആവാഹിക്കുന്ന ഊർജ്ജത്തെ ഉൾക്കൊള്ളാനുള്ള ശേഷിയും സ്വീകർത്താവിന് ഉണ്ടായിരിക്കണം. അല്ലെങ്കിൽ, ഒരു ഹൈടെൻഷൻ ഇലക്ട്രിക് കമ്പിയിൽ പിടിക്കുന്ന അനുഭവമായിരിക്കും ഉണ്ടാവുക. ഒരു തയ്യാറെടുപ്പും കൂടാതെ ദൈവാനുഗ്രഹം സ്വീകരിക്കാൻ ഇറങ്ങുന്നവർ ഇത് ശ്രദ്ധിച്ചേ മതിയാവൂ.

ഊർജ്ജത്തിനു നമുക്കറിയാവുന്ന മൂന്നു തിരിവുകളുണ്ട്, സാത്വികം, രജസ്സികം, തമസ്സികം. ഇതിൽ സാത്വികം എന്ന് പറഞ്ഞാൽ ശുദ്ധ ഊർജ്ജത്തിൻറെ ഭാഗം, രജസ്സികം മദ്ധ്യമം, തമസ്സികം ശുദ്ധത തീരെ കുറഞ്ഞത്. ഈ മൂന്നു ഗുണങ്ങളിലും എല്ലാ ഗുണങ്ങളുടെയും ഭാഗങ്ങളുണ്ട്. സാത്വികാംശമാണ് നാം ഇശ്ചിക്കുന്നതെങ്കിൽ കഴിക്കുന്ന ഭക്ഷണവും, ചെയ്യുന്ന ജോലിയും, കൈകാര്യം ചെയ്യുന്ന ചിന്തകളും സാത്വികമായിരിക്കണം. രജസ്സികത്തിൽ ഭക്ഷിക്കലും ഉറക്കവും ആണ് പ്രധാനം. ഞാനാണ് കർത്താവ് എന്ന ചിന്ത രജസ്സികത്തിലാണ്. ശാന്തമായ മനസ്സും കലങ്ങാത്ത ബുദ്ധിയും ഉള്ളിടത്ത് സാത്വികം പ്രശോഭിക്കുന്നു. മാംസ ഭക്ഷണം, മദ്യം എന്നിവ പൊതുവേ തമസ്സിക ഗണത്തിൽപ്പെടുന്നു, പച്ചക്കറികൾ സാത്വിക വിഭാഗത്തിലും. ഭക്ഷണം മരുന്നാണ് എന്നൊരു പ്രമാണം തന്നെയുണ്ട്. മാംസഭുക്കുകളായ മൃഗങ്ങൾ അക്രമവാസനയുള്ളവയും സസ്യ ഭക്ഷണം കഴിക്കുന്ന മൃഗങ്ങൾ സൌമ്യ സ്വഭാവമുള്ളവയുമാണല്ലൊ. തമസ്സിക ഭക്ഷണവും ചിന്തകളുമായി ജീവിക്കുന്നവർ ഒരിക്കലും സാത്വികരല്ല, ആയിരിക്കാൻ കഴിയുകയുമില്ല. ഇശ്ചാശക്തി തമോഗുണത്തിൽ നിന്നും ക്രിയാശക്തി രജോ ഗുണത്തിൽ നിന്നും ജ്ഞാനശക്തി സത്വഗുണത്തിൽ നിന്നും വരുന്നു. ഈ മൂന്നു ഗുണങ്ങളുമായി ജീവൻ ആത്മതത്ത്വത്തിൽ നിന്ന് അകന്നു കഴിയുന്നു എന്നാണ് പറയപ്പെടുന്നത്. പാശ്ചാത്യം രജോഗുണ സമൃദ്ധവും ഭാരതം സാത്വിക ഗുണാത്മകവും ആണെന്നാണ് കരുതപ്പെടുന്നത്.

ഭൂമിയിൽ ഊർജ്ജത്തിന് പ്രത്യേക നിയമങ്ങൾ ഉണ്ടെങ്കിൽ സൂഷ്മോർജ്ജത്തിന് ആകാശത്തിലുമുണ്ട് നിയമങ്ങൾ. സാത്വികോർജ്ജം ഒരു ശരീരത്തിൽ വർദ്ധിക്കുന്നു എന്ന് പറഞ്ഞാൽ ശരീരം ഭൂമിയിൽ നിന്നും വ്യതസ്ഥമായ ഒരു പോളാരിറ്റിയിലേക്ക് മാറുന്നുവെന്നാണ്. ഇവിടെ ഒരു ഡിസ്ചാർജ് ഉണ്ടാവാതെ നോക്കുക ആവശ്യമാണ്. ഇതുകൊണ്ടാണ് താപസ്സർ മെതിയടി ഉപയോഗിക്കുന്നത്. തപസ്സിരിക്കാൻ പുലിത്തോൽ ഉപയോഗിക്കുന്നത്, അത് ഒരു നല്ല ഇൻസുലേറ്റർ ആയതുകൊണ്ടാണ്. യോഗാ ചെയ്യുന്നവർ വെറും നിലത്തു നിന്നല്ല അത് ചെയ്യുന്നത്. ഉറക്കത്തിലും ശരീരത്തിൻറെ പോളാരിറ്റി വ്യത്യാസം വരും. അത് കൊണ്ടാണ് വെറും നിലത്തു കിടക്കുന്നത് ഒഴിവാക്കണം എന്ന് പറയുന്നത്. ഹിന്ദുക്കൾ എണീൽക്കുമ്പോഴേ 'കരാഗ്രേ വസതെ ലക്ഷ്മി, കരമധ്യെ സരസ്വതി, കരമൂലെ ശതഗൌരി, പ്രഭാതെ കരദർശനം' (ജ്ഞാനത്തെ എടുക്കുന്നതും, കർമ്മശക്തി പ്രകടിപ്പിക്കുന്നതും, ഐശ്വര്യം സ്വീകരിക്കുന്നതുമായ കരങ്ങളാണ് ഇത്) എന്ന ശ്ലോകം ചൊല്ലിയിട്ട് കൈപ്പത്തി നിലത്തമർത്തി ശരീരത്തിലെ പോളാരിറ്റി വ്യത്യാസം ക്രമപ്പെടുത്തിയതിനു ശേഷമാണ് കട്ടിലിൽ നിന്ന് എണീൽക്കുന്നതും, കാലുകൾക്കൊണ്ട് ഭൂമിയെ സ്പർശിക്കുന്നതും. ഉള്ളിൽ സംഭരിച്ചു വെച്ചിരിക്കുന്ന ഊർജ്ജം നഷ്ടമാകാതെ സൂക്ഷിക്കാനും ഭാരതത്തിൽ ഉപായങ്ങൾ ഉപയോഗിച്ചിരുന്നു. ധ്യാനത്തിന് മുമ്പ് പഞ്ചേന്ദ്രിയങ്ങളെയും അവർ നിയന്ത്രിച്ചിരുന്നു. ചന്ദനവും ഭസ്മവുമൊക്കെ

സൂഷ്മോർജ്ജത്തിനെ സംബന്ധിച്ചിടത്തോളം ഇൻസുലേറ്ററുകളാണെന്നു മനസ്സിലാക്കിയ അവർ ശരീരത്തിലെ പ്രധാന പ്രസരണ കേന്ദ്രങ്ങൾ അവ കൊണ്ട് മറച്ചു.. ഋഗ്വേദത്തിൻറെ കാലത്ത് ബിംബങ്ങളോ, ക്ഷേത്രങ്ങളോ ജാതിയോ മതമോ ഒന്നും ഉണ്ടായിരുന്നില്ല. പിന്നീട്, ആചാരങ്ങളില്ലാതെ എന്ത് വേദമെന്നായി, ആചാരങ്ങൾ അറിയുന്നവനും ആചരിക്കുന്നവനും ഉപദേശിക്കുന്നവനുമായി ആചാര്യന്മാരും ഉണ്ടായി. ഷഡ്ദർശനങ്ങളിലാണ് ഭാരതത്തിൽ മതത്തെപ്പറ്റിയുള്ള ആദ്യ പരാമർശം തന്നെ. മനുഷ്യന് നിലനിൽക്കാൻ സ്ഥൂലോർജ്ജവും സൂഷ്മോർജ്ജവും വേണമെന്ന് കണ്ട ആചാര്യന്മാർ പരമാത്മാവിനും മനുഷ്യനുമിടയിൽ മാധ്യമങ്ങളെ പരിചയപ്പെടുത്തി, തുടർന്ന് ഉൾക്കാഴ്ച യുക്തി ശാസ്ത്രത്തിന് വഴിമാറുന്നതും നാം കണ്ടു. പ്രപഞ്ചത്തിൽ ഇന്നേവരെ സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ എല്ലാത്തിനെയും പറ്റിയുള്ള ഒരു വിജ്ഞാനശാല അതി ബോധതലത്തിൻറെ ഉയർന്ന ഒരു മേഖലയിൽ ഉണ്ടെന്നു കണ്ട ഭാരതീയ ജ്ഞാനികൾക്ക് ഒരറിവും അന്യമായിരുന്നില്ല. ആക്ഷിക് രേഖകളുടെ മേഖലയെപ്പറ്റി ബുദ്ധിസ്റ്റ് ജ്ഞാനികളും സാക്ഷ്യപ്പെടുത്തുന്നു. അവിടെ നിന്നുള്ള ജ്ഞാനത്തിൻറെ ശീലുകൾ ഓരോരുത്തരിലും എത്തും; ചിലപ്പോൾ മിന്നൽപ്പിണർ പോലെ വന്നുപോകുന്ന ഒരു ചിന്താ രശ്മിയായിട്ടാവും അല്ലെങ്കിൽ സ്വപ്നത്തിൽ കാണുന്ന ഒരു രംഗമായിട്ടാവാം. ഈ വിജ്ഞാനശാല, അതിലെ അറിവുകൾ ദുരുപയോഗം ചെയ്യാൻ സാധ്യതുള്ള ഒരുവൻറെ മുമ്പിലും തുറക്കപ്പെടുകയില്ലായെന്നതും യാഥാർഥ്യം. സർവ്വ അറിവുകളും സമാഹരിച്ചിട്ടുള്ള ഏതോ ഒരു ബോധതലത്തെയായിരിക്കണം ആക്ഷിക് തലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സർവ്വവും ഊർജ്ജമാണെന്നും, ആ ഊർജ്ജം തന്നെ ശൂന്യബോധത്തിൽ നിന്നാണ് തുടങ്ങുന്നതെന്നും ശാസ്ത്രവും ജ്ഞാനികളും പറയുന്നു. യുക്തികൊണ്ട്, ഈ ഊർജ്ജ ലോകത്തിലെ പ്രതിഭാസങ്ങളെപ്പറ്റി ഏറെയൊന്നും ഗ്രഹിക്കാനാവില്ല. ഏതൊരു ദ്രവ്യശരീരവും തന്മാത്രകളാൽ നിർമ്മിതമാണ്, അത് വിഭജിച്ചാൽ ഊർജ്ജ രേഖകളല്ലാതെ മറ്റൊന്നും കണ്ടെത്തുകയുമില്ല. ചെറുതായതുകൊണ്ട് ജീവകോശങ്ങൾക്ക് ബുദ്ധി കുറയുകയല്ല കൂടുകയാണ് എന്ന് വേണം മനസ്സിലാക്കാനും. ഒരമ്മയുടെ ഗർഭപാത്രത്തിൽ രൂപപ്പെടുന്ന Stem Cell സ്വയം വിഭജിച്ചു വത്യസ്ഥ ദൌത്യങ്ങളുള്ള ശരീരഭാഗങ്ങളായി വളർന്ന് നൂറ് ട്രില്ല്യൻ സെല്ലുകളും മൂന്നര ലക്ഷം ഊർജ്ജ വാഹിനികളായ നാഡിവ്യവസ്ഥയുമുള്ള ഒരു മനുഷ്യ ശിശുവായി രൂപപ്പെടണമെങ്കിൽ അതി ചിന്തനീയമായ ഒരു ബൌദ്ധിക ശേഷി ഉപയോഗിക്കപ്പെടണം. ഓരോ കോശവും എപ്പോഴും ശരീരത്തിലുള്ള നൂറ് ട്രില്ല്യൻ സഹ കോശങ്ങളുമായി മാത്രമല്ല സമരസപ്പെടുകൊണ്ടിരിക്കുന്നത്, ചുറ്റുപാടുകളിലുണ്ടാകുന്ന വ്യതിയാനങ്ങളെയും ഇവ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇതിലൊരു കോശം എടുത്തു ക്ലോൺ ചെയ്താൽ അത് നിലനിന്നിരുന്ന ആകെ ശരീരത്തിൻറെ എല്ലാ സ്വഭാവങ്ങളുമുള്ള ഒരു സജീവപതിപ്പ് രൂപപ്പെടുത്താനുമാവും.

ജീവകോശങ്ങൾ പരസ്പരം ബന്ധപ്പെടുന്നത് ഓരോന്നും പ്രസരിപ്പിക്കുന്ന രശ്മികളിലൂടെയാണ്. ഇതിൻറെ ആവൃതി നഗ്നനേത്രങ്ങൾ കൊണ്ട് കാണാവുന്നതിനും മുകളിലാണ്. ഓരോ കോശവും ഏകദേശം പതിനായിരത്തോളം വ്യത്യസ്ഥ ആവൃതിയിലുള്ള രശ്മികൾ പ്രസരിപ്പിച്ചു കൊണ്ടിരിക്കുന്നു. 100 ട്രില്ല്യൻ കോശങ്ങളുടെ എല്ലാ സിഗ്നലുകളും 100 ട്രില്ല്യൻ കോശങ്ങളും സ്വീകരിക്കുകയും അനുനിനിഷം പ്രതിപ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യ ശരീരത്തെപ്പറ്റി ഒന്ന് ചിന്തിച്ചു നോക്കൂ; ഇതിനേക്കാൾ വലിയ അത്ഭുതമായി, ഈ മായാ ലോകത്ത് മറ്റൊന്നുമുണ്ടാവില്ല. ഈ രശ്മികൾ പരസ്പരം വികർഷിക്കുകയും ആകർഷിക്കുകയും കൂടുതൽ ശക്തവും വലുതുമായ പുതിയ പ്രകാശ മേഖലയ്ക്കു രൂപം കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങിനെയാണ് ഏതൊരു ദ്രവ്യശരീരത്തിനും ചുറ്റുമായി ഒരു ഊർജ്ജമേഖല രൂപപ്പെടുന്നത്. ഇതിനെ Aura, Human Energy Field (HEF), Bio-Energy Field ഇങ്ങിനെ വിവിധ പേരുകളിൽ വിളിക്കുന്നു. ശുദ്ധതയിൽ മുന്നിൽ നിൽക്കുന്ന ആളുകളുടെ ഓറാ ഏറെ പ്രകാശ മയവും വിസ്തൃതവുമായിരിക്കും. ഇത് സൂചിപ്പിക്കാനാണ് വിശുദ്ധരുടെ ശിരസ്സിനു ചുറ്റുമായി ഒരു വളയം അടയാളമായി കൊടുക്കുന്നത്. ശരീരത്തിനു ചുറ്റുമുള്ള പ്രകാശ വലയത്തെ ഭൌതികം, മാനസികം എന്നിങ്ങനെയൊക്കെ വേർതിരിക്കുന്നുണ്ടെങ്കിലും ഒന്നിന് പുറത്ത് മറ്റൊന്നായല്ല ഇതിൻറെ സ്ഥാനം. എല്ലാ കോശങ്ങളുടെയും രശ്മികൾ എല്ലാ മേഖലകളെയും തലങ്ങും വിലങ്ങും ഭേദിച്ചുകൊണ്ടിരിക്കും. മനുഷ്യനെ ആവരണം ചെയ്യുന്ന സൂഷ്മോർജ്ജ മേഖലയുടെ ചിത്രം ഭാഗികമായി കാണാൻ സഹായിക്കുന്ന ഒരു സംവിധാനമാണ് കിർലിയൻ ഫോട്ടോഗ്രഫി. നല്ല ഒരു പരിശീലകൻറെ കീഴിൽ എത്തിപ്പെട്ടാൽ നഗ്ന നേത്രങ്ങൾക്കൊണ്ടും ഇതിൻറെ സ്ഥൂലഭാഗം കാണാൻ കഴിയും.

# ഊര്‍ജ്ജത്തിന്‍റെ അതിരുകള്‍

## 6

ഒരാള്‍ സന്തോഷവാനാണെങ്കില്‍ എല്ലാ കോശങ്ങളും അങ്ങിനെ തന്നെയായിരിക്കും. അങ്ങിനെ തന്നെ ആ കോശങ്ങളെ നിലനിര്‍ത്താന്‍ കഴിഞ്ഞാല്‍ രോഗഗ്രസ്തമായ കോശങ്ങള്‍ ആരോഗ്യം വീണ്ടെടുക്കും. ഇതാണ് Laughter therapy യുടെ രഹസ്യം. ഒരു സസ്യത്തിന്‍റെ ഒരു കോശം ടിഷ്യൂ കള്‍ച്ചറില്‍ മീഡിയത്തിന്‍റെ സഹായത്താല്‍ വളര്‍ത്തിയെടുത്താല്‍, ആ മൂല കോശം ആയിരുന്ന സസ്യത്തിന്‍റെ എല്ലാ സവിശേഷ സ്വഭാവ ഗുണങ്ങളും ഉള്ള മറ്റൊന്ന് വളര്‍ത്തിയെടുക്കാറുണ്ടല്ലോ. ഈ തത്ത്വം അടിസ്ഥാനമാക്കി പ്രവൃത്തിക്കുന്ന നിരവധി ചികിത്സാ സമ്പ്രദായങ്ങളുണ്ട്. അവയെയെല്ലാം പൊതുവേ സമ്പൂര്‍ണ്ണ സൌഖ്യദായകം എന്ന അര്‍ത്ഥത്തില്‍ 'ഹോളിസ്ടിക്; എന്നു വിളിക്കാം. ഇവ ഹീലിംഗ് (Healing) സമ്പ്രദായങ്ങളാണ്. ശരീരത്തിന്‍റെ ഒരു ഭാഗത്തുണ്ടാവുന്ന പോരായ്മയെ, ആ ഭാഗത്തെ മാത്രം കേന്ദ്രീകരിച്ച്, ആ ഭാഗം ഒരു യന്ത്രഭാഗം പോലെ കരുതി അലോപ്പതി പോലുള്ള സമ്പ്രദായങ്ങള്‍ നടത്തുന്ന ചികിത്സകള്‍ക്ക് (Curing) വളരെ ദോഷങ്ങള്‍ ശരീരത്തിനു ചെയ്യാന്‍ കഴിയും.

ഭൌതിക ശരീരത്തിന്‍റെ മൂശ പോലെയാണ് ഊര്‍ജ്ജ ശരീരത്തിന്‍റെ പ്രവര്‍ത്തനം. ഊര്‍ജ്ജ ശരീരത്തില്‍ നിന്ന് ഭൌതിക ശരീരം ഉണ്ടാവുകയാണ് സംഭവിക്കുന്നതെന്ന് കരുതാന്‍ കാരണം, ശരീരം നിര്‍ജ്ജീവമായാലും ഊര്‍ജ്ജ ശരീരം നശിക്കുന്നില്ലായെന്ന യാഥാര്‍ത്ഥ്യം തന്നെ. ഊര്‍ജ്ജശരീരത്തിലെ വികിരണങ്ങളില്‍ അനാദിയിലേക്ക് പോലും വിരല്‍ ചൂണ്ടുന്ന അതിസൂക്ഷ്മ തരംഗങ്ങളുമുണ്ട്. ഒരു സമൂഹ സ്വഭാവത്തോടെയാണ് ഊര്‍ജ്ജശരീരങ്ങള്‍ പ്രണവവുമായി ബന്ധപ്പെടുന്നതെന്നും പറയാന്‍ വയ്യ. ഓരോ ഊര്‍ജ്ജശരീരത്തിനും വ്യക്തിഗതമായ ഒരു കേന്ദ്രം മൂല ഊര്‍ജ്ജ പ്രഭവസ്ഥാനത്തുള്ളതുപോലെയാണ് ഇതിന്‍റെ പ്രവര്‍ത്തനം. ഈ സൂക്ഷ്മഅതിസൂക്ഷ്മ ഊര്‍ജ്ജ പ്രതിഭാസത്തെ തന്നെയാണ് ആത്മാവ് എന്ന് വിളിക്കുന്നത്. ആലങ്കാരികമായി, ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്നോ ദൈവത്തില്‍ നിന്ന് മനുഷ്യന്‍ ഉണ്ടായെന്നോ പറയാം. ആത്മസവിശേഷതകള്‍ എന്തൊക്കെയാണോ അതെല്ലാം ഫലമായ ഭൌതിക ശരീരത്തിലും കാണും. ശരീരത്തിലെ കുഴപ്പങ്ങള്‍ക്ക് ആത്മാവിലുള്ള നിബന്ധനകളെയാണ് പഴിക്കേണ്ടത്. ശരീരത്തിന്‍റെ ലക്ഷ്യം അത് ബന്ധപ്പെട്ടിരിക്കുന്ന ആത്മാംശത്തെ ശുദ്ധീകരിക്കുകയെന്നതാണ്. ശരീരത്തിന്‍റെ ഉപകരണമല്ല ആത്മാവ്, പകരം ആത്മാവിന്‍റെ ഉപകരണമാണ് ശരീരം.

ആത്മാംശത്തിന്‍റെ സ്വയം ശുദ്ധീകരിക്കാനുള്ള അഭിവാഞ്ച ശരീരത്തിലൂടെ അത് നിര്‍വ്വഹിക്കുന്നു. ആത്മാവിനെ സംബന്ധിച്ചിടത്തോളം മനുഷ്യ ജീവിതമാണ് വിശുദ്ധീകരണത്തിന് ഏറ്റവും ഉചിതം. ഓരോ ആത്മാവിലും ശരീരം കാരണമാക്കുന്ന വ്യതിയാനങ്ങളുടെ ഫലം സകല ആത്മാവിഷ്കാരങ്ങളെയും ബാധിക്കും. ഒരാള്‍ നന്നായാല്‍ സമൂഹം നന്നാകും എന്ന് പറയാറുണ്ടല്ലോ. കുറെക്കൂടി വ്യക്തമായി പറഞ്ഞാല്‍ ഓരോ ആത്മാവും അതിനു വേണ്ട ശുദ്ധീകരണത്തിന് ഉചിതമായ ശരീരങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇവിടെ, ആത്മാക്കള്‍ തമ്മില്‍ തമ്മിലും അഭിപ്രായസമന്വയം തേടാറുണ്ടെന്നു സമര്‍ഥിക്കുന്നവരുമുണ്ട്. അതായത്, ഓരോ ശരീരത്തിനും വ്യക്തിഗതമായ ഒരു ദൌത്യവും ലക്ഷ്യവും ഉണ്ടായിരിക്കുമെന്ന് തന്നെ. അതില്‍ നിന്ന് മനുഷ്യന്‍ അറിഞ്ഞോ അറിയാതെയോ വഴുതി മാറുമ്പോഴാണ് അവിശ്വസനീയമായ യാദൃശ്ച്യതകള്‍ അരങ്ങത്ത് എത്തുന്നത് തന്നെ.

ബുദ്ധിസ്റ്റ് തത്ത്വശാസ്ത്രങ്ങള്‍ അനുസരിച്ച് ആത്മാവ് ശരീരമില്ലാതെയും ആയിരിക്കും ശരീരം മാറി മാറി സ്വീകരിച്ചു കൊണ്ടുമിരിക്കാം. ഒരു ശരീരം സ്വീകരിക്കുന്നതിന് ഇടയിലുള്ള സമയം മറ്റനേകം കാര്യങ്ങളെ ആശ്രയിച്ച് ഏറിയും കുറഞ്ഞുമിരിക്കും. ബിഥോവന്‍ അഞ്ചാം വയസ്സില്‍ കൊരുത്ത സിംഫണികള്‍ ആരെയും അതിശയിപ്പിക്കും. എവിടെനിന്ന് കിട്ടിയതായിരിക്കും ഈ കരുത്ത്? നാം ചില സ്ഥലങ്ങള്‍ കാണുമ്പോള്‍ ചില വ്യക്തികളെ കാണുമ്പോള്‍ ചില കാര്യങ്ങള്‍ ചെയ്യുമ്പോള്‍ ഒക്കെ പലപ്പോഴും ഒരു മുന്‍ പരിചയം അനുഭവപ്പെടുന്നുവെങ്കില്‍ അത് ആത്മാവ് മുമ്പെങ്ങോ ആര്‍ജ്ജിച്ചതായിരിക്കണം. പലര്‍ക്കും അവരുടെ ശരീരത്തിലുള്ള അടയാളങ്ങള്‍ കടന്നുപോയ ചിലരുമായി ബന്ധപ്പെടുത്താനായിട്ടുണ്ട്. ഇത്തരം അനേകം സാഹചര്യങ്ങള്‍ നമ്മെ അത്ഭുതപ്പെടുത്താറില്ലേ? ഈ സനാതന സത്യങ്ങള്‍ ഉള്‍ക്കൊള്ളാന്‍ ശേഷിയില്ലാത്തവരെ, പുനര്‍ജന്മത്തെയും പരിണാമത്തെയും അവഗണിക്കുന്നുള്ളൂ. ആത്മാക്കള്‍ സംഭരിച്ചു വെച്ചിരിക്കുന്ന അറിവ് അല്ലെങ്കില്‍ അവയ്ക്ക് സമാഹരിക്കാവുന്ന അറിവ് അവയുമായി ബന്ധപ്പെടുന്നതിലൂടെ

ശേഖരിക്കാൻ കഴിഞ്ഞവരുമുണ്ട്, കഴിയുന്നവരുമുണ്ട്. ഇവയും പ്രത്യേക ശാസ്ത്ര ശാഖകളാണിന്ന്. ഹോളിസ്ടിക് ചികിത്സകർ പറയുന്നത് ഊർജ്ജ ശരീരത്തെ ചികിൽസിച്ചാൽ ഭൌതിക ശരീരം സുഖമാകും എന്നാണ്. പ്രാണിക്ക് ഹീലിംഗ്, റെയ്ക്കി മുതലായ സമ്പ്രദായങ്ങൾ ഇതിനു മകുടോദാഹരണങ്ങളാണ്. ഊർജ്ജ ശരീരത്തിലെ ഭൂരിഭാഗം മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യാൻ ഇവക്കു കഴിയും; ഊർജ്ജ ശരീരം ദ്രവ്യ ശരീരത്തിൻറെ അച്ചാണ്. മെഡിക്കൽ ചികിത്സാരംഗം തന്നെ ഊർജ്ജ ശരീരത്തിൻറെ ചിത്രമെടുത്ത് തകരാർ എവിടെയൊക്കെയാണെന്ന് മനസ്സിലാക്കി അത് ഭൌതിക തലത്തിൽ പരിഹരിക്കാവുന്ന ഒരു സമ്പ്രദായം വികസിപ്പിച്ചെടുക്കുന്നതിനെപ്പറ്റിയാണ് ചിന്തിക്കുന്നത്.

ഓരോ ശരീരവും സൂക്ഷ്മോർജ്ജം വഴി മൂലചൈതന്യവുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്ന് പറഞ്ഞു. അക്ഷരാർത്ഥത്തിൽ ജീവൻ ശരീരത്തിലാണ്; പക്ഷേ ഈ ജീവൻറെ കേന്ദ്രം ഓരോരുത്തരുടെയും വളർച്ചക്കനുസരിച്ച് ഈ ചങ്ങലയുടെ മറ്റേതോ ഭാഗത്തായിരിക്കാം. അത് ഭൌതിക മേഖലയിലാണെങ്കിൽ ആ വ്യക്തിയുടെ എല്ലാ ശ്രദ്ധയും ഭൌതികകാര്യങ്ങളിൽ മാത്രമായിരിക്കും. ജീവൻറെ കേന്ദ്രം വളരെ സൂക്ഷ്മവും ഉന്നതവുമായ ഒരു മേഖലയിൽ ഉറപ്പിച്ചിരിക്കുന്ന ഗുരുക്കന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ ശരീരത്തിൻറെ ആവശ്യങ്ങൾ അവരെ അലട്ടുന്ന കാര്യങ്ങളെയല്ല. ഒരാൾ ഏതെല്ലാം കാര്യങ്ങളിലാണ് ശ്രദ്ധ ഊന്നിയിരിക്കുന്നതെന്ന് ശ്രദ്ധിച്ചാൽ അയാൾ ആത്മിയമായി എന്തുമാത്രം വളർന്ന ഒരാളാണെന്നും കാണാവുന്നതെയുള്ളൂ. ഭൌതിക ലോകത്ത് ആർക്കും ആരിലൂടെയും കടന്നു പോകാനാവില്ല; പക്ഷെ, ആത്മാക്കൾക്ക് യാതൊന്നും തടസ്സവുമല്ല. ജീവ കേന്ദ്രത്തിന് അതെവിടെ നങ്കൂരം ഉറപ്പിച്ചിരുന്നാലും മൂല ചൈതന്യത്തിൽ ആയിത്തിരാനുള്ള അടങ്ങാത്ത ഒരു വ്യഗ്രത സ്വതസിദ്ധമായിട്ടുണ്ട്. ഉറക്കത്തിൽ ജീവാത്മാവ് തിരിച്ചൊരു സഞ്ചാരം നടത്താറുണ്ട് എന്നാണ് പറയപ്പെടുന്നത്. ശിശുക്കൾ കൂടുതൽ ഉറങ്ങുന്നതിൻറെ കാരണം ഇതാണെന്ന് പറയുന്നവരുമുണ്ട്. സ്വന്തം ആത്മാവിൻറെ അസ്ഥിത്വചിന്തകൾ ശരീരവും അറിയുന്നുണ്ട്. 'ഞാനാണ് ജോസഫ്' എന്ന് മറ്റൊരാളോട് പറയുമ്പോൾ എൻറെ കൈ നെഞ്ചിൻറെ മദ്ധ്യ ഭാഗത്തേക്ക് അറിയാതെ പോകും. അത് അസ്ഥിത്വത്തിൻറെ കേന്ദ്രം ആണെന്ന് മനസ്സിലാക്കുന്നത് ഇതിനെപ്പറ്റി ഏറെ പഠിക്കുമ്പോൾ മാത്രമായിരിക്കും. കൂടുതൽ സാത്വികോർജ്ജം സ്വന്തമാക്കി പരമാവധി പരിണാമം പ്രാപിക്കുക, ആത്മാക്കളുടെ പരമമായ ലക്ഷ്യം അതായിരിക്കേണ്ടതാണ്.

ബുദ്ധിയും മനസ്സും ഓർമ്മയുമൊക്കെ തല്ക്കുള്ളിലാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചവരാരും കൃത്യമായും അതെവിടെയാണെന്ന് ഇന്നേവരെ പറഞ്ഞിട്ടില്ല, കണ്ടെത്തിയിട്ടുമില്ല. ഈ പ്രവർത്തനങ്ങളെല്ലാം സൂക്ഷ്മോർജ്ജശരീരത്തിലാണ് നടക്കുന്നതെന്നാണ് ഇപ്പോഴത്തെ നിഗമനം. ഭൌതിക ശരീരവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, നമ്മുടെ വികാരങ്ങളും ചിന്തകളും കർമ്മഫലങ്ങളുമെല്ലാം വൃക്ഷങ്ങളിലെ വാർഷിക വലയങ്ങൾ  പോലെ സൂക്ഷ്മോർജ്ജശരീരത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇത് കാണാൻ ശേഷിയുള്ളവർ (Aura readers) ഇതു കാണുകയും ചെയ്യും, ഒരുവനെ മനസ്സിലാക്കുകയും ചെയ്യും. സർവ്വ വികാരങ്ങളും സൂക്ഷ്മോർജ്ജശരീരത്തിൽ അടയാളങ്ങൾ സൃഷ്ടിക്കും. ഈ അടയാളങ്ങൾ നല്ലതുമുണ്ട് ചീത്തയുമുണ്ട്. നല്ലവ സൂക്ഷ്മോർജ്ജശരീരത്തിൻറെ ശോഭയും ശുദ്ധതയും  വർദ്ധിപ്പിക്കും, അല്ലാത്തത് മാലിന്യ മേഘങ്ങളായി അവിടെ അടിഞ്ഞു കൂടും. ഇത്തരം കൂമ്പാരങ്ങൾ ശരീരത്തിൽ രോഗങ്ങളായി പ്രത്യക്ഷപ്പെടും. ഇവിടെയാണ് ഗൌതമ ബുദ്ധൻ നിഷ്കർഷിച്ച വികാരരഹിതമായ മുന്നേറ്റത്തിൻറെ  (Equanimtiy) ശക്തി.

**അനൂപ്**

ശരീരം ആത്മാവിനുള്ളിലാണോ അതോ ആത്മാവ് ശരീരത്തിനുള്ളിലാണോ എന്നൊരു രസകരമായ ചോദ്യത്തിന് സാധ്യത കാണുന്നു.

ഓറ ഫോട്ടോഗ്രഫി യൂറോപ്പിലെ മിക്ക ഹോളിസ്റ്റിക് ചികിത്സാകേന്ദ്രങ്ങളിലും ലഭ്യമാണ് . അസുഖങ്ങൾ ശരീരത്തിൽ പ്രത്യക്ഷപ്പെടുന്നതിനു മുൻപ് ഓറയിൽ അവ കാണാനാവും അങ്ങനെ അസുഖം വരാനുള്ള സാദ്ധ്യതകൾ കണ്ടുപിടിച്ചാൽ ഹോളിസ്റ്റിക് രീതിയിൽ തന്നെ അവ പൂർണ്ണമായി സുഖപ്പെടുതാനുമാവും ., ഓറയുടെ നിറം നോക്കി ആളുടെ സ്വഭാവത്തെപ്പറ്റിയും കുറെയൊക്കെ മനസ്സിലാക്കാം . മൊബൈൽഫോൺ ദേഹത്തുള്ളപ്പോൾ ശരീരത്തിന് ചുറ്റുമുള്ള എനർജിഫീൽഡ് ചുരുങ്ങുകയും വീക്ക് ആവുകയും ചെയ്യാറുണ്ട് . ചിലയിനം ക്രിസ്റ്റലുകൾക്കും കല്ലുകൾക്കും ഓറയെ ശക്തിപ്പെടുതുവാനും കഴിയും.

# ആശയ വിനിമയം

## 7

ഊർജ്ജ ശരീരത്തിലുള്ള ഓരോ തരം മാലിന്യങ്ങളും (Dead Orgone Energy) ഏതെല്ലാം പ്രവർത്തനങ്ങളെയാണ് ബാധിക്കുന്നതെന്നും മനുഷ്യർ നിരീക്ഷിച്ചുറപ്പിച്ചിട്ടുണ്ട്. ലൂയിസാ എൽ ഹേ എഴുതിയ **Heal Your Body** എന്ന ഗ്രന്ഥം മിക്കവാറും എല്ലാത്തരം രോഗങ്ങൾക്കും പ്രതിവിധിയായി വൈകാരിക തലത്തിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. ഈ ബന്ധം മനസ്സിലാക്കാൻ കണ്ണുകളുടെ പ്രവർത്തനം നിരീക്ഷിക്കുക. ചെറുപ്രായത്തിൽ അടുത്തുള്ളവ കാണാൻ വേണ്ടി കണ്ണടകൾ ഉപയോഗിക്കും, വാർദ്ധക്യത്തിൽ അകലെയുള്ളവ കാണാനാണ് കണ്ണാടി പൊതുവേ ആവശ്യമായി വരിക. ചെറുപ്രായത്തിൽ യാഥാർഥ്യം കാണാതെ അകലെയുള്ള സ്വപ്നങ്ങളിലേക്ക് മനുഷ്യൻ കണ്ണു പായിക്കുന്നുവെന്നും, വാർധക്യത്തിൽ യാഥാർത്ഥ്യബോധം വീണ്ടെടുക്കുന്നുവെന്നും കണ്ടാൽ മതി. ചിന്തകളുടെ ഭാരത്താൽ തല കുനിയുന്നത് ശ്രദ്ധിച്ചിട്ടുണ്ടാവണമല്ലോ. ചുറ്റുമുള്ള ഊർജ്ജ ശരീരത്തിൻറെ ഭാവങ്ങൾ മുഖത്തു തന്നെ ശ്രദ്ധിച്ചാൽ കാണാം. മുഖം മനസ്സിൻറെ കണ്ണാടിയാണല്ലോ. കോപവും ദുഖവുമാണ് ശരീരത്തിൽ ഏറ്റവും വ്യാപകമായ നാശം വരുത്തുന്ന വിപത്തുകൾ. വൈരാഗ്യവും നിരാശാബോധവും എപ്പോൾ എടുത്തു കളയുന്നോ അപ്പോൾ തന്നെ അത്ഭുതകരമായ രോഗശാന്തിയും അനുഭവപ്പെടുമെന്നുള്ളത് ഒരു യാഥാർഥ്യമാണ്. ഈ പ്രക്രിയയിൽ മനുഷ്യനെ സഹായിക്കുന്ന തന്ത്രങ്ങൾക്ക് അടിസ്ഥാനപരമായി ഒരു തിയോളജിയും ഫിലോസഫിയും ആവശ്യമില്ല. എല്ലാ മതങ്ങളിലും സമാനമായ അത്ഭുതങ്ങൾ സമൃദ്ധമായി നടക്കുന്നുണ്ട്.

പരബ്രഹ്മം, അതായത് ദൈവം, സൃഷ്ടിക്കുന്നു സൂക്ഷിക്കുന്നു സംഹരിക്കുന്നു. പ്രപഞ്ചത്തിലുള്ള എല്ലാ കണികകളും ചേർന്നതാണ് ദൈവം. അതായത് സൃഷ്ടിക്കാനും സംരക്ഷിക്കാനും സംഹരിക്കാനുമുള്ള ശക്തി എല്ലാ കണികകളിലും ഉണ്ട്. ഇത് മനസ്സിലാക്കാൻ 'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ മുന്തിരി വള്ളികളുമാണ്' എന്ന് യേശു പറഞ്ഞ വചനം ശ്രദ്ധിച്ചാൽ മാത്രം മതി. ദൈവം സൃഷ്ടാവും എല്ലാവരും സഹസൃഷ്ടാക്കളും ആണെന്നാണ് ഇത് അർത്ഥമാക്കുന്നത്. നമ്മെ സജീവമാക്കി നിർത്തുന്ന ജീവൻറെ കേന്ദ്രം കൂടുതൽ സൂഷ്മതയിലേക്ക് മാറ്റിയാൽ സൃഷ്ടിക്കാനും സൂക്ഷിക്കാനും സംഹരിക്കാനുമുള്ള നമ്മുടെ ശേഷിയും വർദ്ധിക്കും. ദൈവത്തിനു പ്രാപ്യമായ എല്ലാ അറിവുകളും ആനുപാതികമായി നമുക്ക് ഗ്രഹിക്കാനുമാവും. ആത്മീയമായ വളർച്ചയുടെ പാതയിൽ സിദ്ധികളുടെ ഈ മേഖലയിലൂടെ എല്ലാ ആത്മാക്കൾക്കും കടന്നു പോവേണ്ടതുണ്ട്. വളരെ ശ്രദ്ധയോടെയും ആത്മസംയമനത്തോടെയും മുന്നേറേണ്ട ഈ പാതയിൽ ഭൂരിഭാഗം തീർത്ഥാടകരും കാലിടറുന്ന ദയനീയമായ കാഴ്ചയാണ് നാം ഇന്ന് കാണുന്നത്. കിട്ടിയ സിദ്ധികൾ (വരങ്ങൾ) പ്രദർശിപ്പിക്കുന്നത് വഴി പഴയതിലും വലിയ തകർച്ചയിലേക്ക് അവർ കൂപ്പുകുത്തുന്നു. ഞാൻ എന്തോക്കെയായിരിക്കുന്നുവോ അതെല്ലാം (ego) പൂർണ്ണമായും ദഹിപ്പിച്ചു കൊണ്ട് മാത്രമേ പരമസത്തയായ ആനന്ദമയ കോശത്തിൽ വിലയം പ്രാപിക്കാൻ കഴിയൂ എന്ന അറിവ് ഇവിടെ പ്രയോജനം ചെയ്യുന്നില്ല. അത്ഭുതകരമായ സിദ്ധികൾ നേടിയ അനേകം സദ്കർമ്മികൾ ഭാരതത്തിൽ ജീവിച്ചിരുന്നു.

സത്യം മനസ്സിലാക്കി നിശ്ശബ്ദതയുടെ ആഴങ്ങളിലേക്ക് ഗുരു സാന്നിദ്ധ്യത്തിൽ മുന്നേറുന്ന അനേകർ ഇപ്പോഴും ഭാരതത്തിൽ ഉണ്ട്. സിദ്ധികൾ അവർക്കുണ്ടെന്ന അറിവ് പോലും അവർ കരിച്ചു കളയുന്നു. ലോകത്തു നടന്നുകൊണ്ടിരിക്കുന്നതെല്ലാം കൃത്യമായ സ്ഥലത്തും സമയത്തുമാണ് സംഭവിക്കുന്നതെന്നാണ് അവരുടെ നിലപാട്. ദൈവത്തെയോ മതത്തെയോ സംരക്ഷിക്കേണ്ട ബാദ്ധ്യതയും അവർ ഏറ്റെടുക്കാറില്ല. അവർ ഒറ്റക്കല്ല വളരുന്നത്. സമൂഹ മനസാക്ഷി (Collective Consciousness/Total Consciousness) എന്നൊരു പ്രതിഭാസമുണ്ട്. ഒരു ബലൂണിൻറെ ഒരു ഭാഗമായി മാത്രം വീർക്കുന്നില്ലായെന്നു പറയുന്നതുപോലെയാണിതും. ഒരാൾ ഏറെ ആത്മബലം ആര്ജ്ജിക്കുമ്പോൾ എല്ലാ ശരീരങ്ങൾക്കും ആനുപാതികമായ ഒരു ബലം കിട്ടും. ഏകാന്തതയിലിരുന്നു ധ്യാനവും പ്രാർഥനയും നടത്തി ജീവിതം മുഴുവൻ ചിലവിടുന്ന വിശുദ്ധന്മാർ ഉണ്ടായിരുന്നില്ലെങ്കിൽ ലോകത്തിൻറെ ഗതി വളരെ ദയനീയമാകുമായിരുന്നു. ഒരു കുരങ്ങൻ കിഴങ്ങ് കഴുകിത്തിന്നാൽ ലോകത്തുള്ള മുഴുവൻ കുരങ്ങന്മാരും ആ വിദ്യ സ്വായത്തമാക്കുമെന്ന് (Hundredth Monkey Syndrome) തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. നീലക്കുറിഞ്ഞിച്ചെടികൾ ഒരേ സമയത്തല്ലേ പൂക്കാറുള്ളത്? ഒരേ സമയം ഒരേ ആവിഷ്കാരങ്ങൾ ഉണ്ടായിട്ടുള്ള സംഭവങ്ങൾ ലോകത്ത് പുത്തരിയല്ല. റേഡിയോ കണ്ടുപിടിച്ചത് ബോസും മാർക്കോണിയും ഒരേ കാലത്തായിരുന്നല്ലോ! പുതു തലമുറ ശിശുക്കളുടെ

ജ്ഞാനതലം (IQ) ഏതാണ്ട് സമാനമാണെന്നും നാം കാണുന്നുണ്ടല്ലോ. ഡോ. റൂപ്പർട്ട് ഷെൽഡ്രേക്കിൻറെ മോർഫിക് റെസോണൻസ് സിദ്ധാന്തപ്രകാരം ഒരു ചെറിയ കണികയിൽ ഉണ്ടാകുന്ന ചെറിയ മാറ്റത്തിന് പോലും അതിനനുസരിച്ചുള്ള പ്രതിപ്രവർത്തനം പ്രപഞ്ചത്തിൽ സൃഷ്ടിക്കാതിരിക്കാൻ ആവില്ല. അതായത്, ഒരിടത്ത് ഒരാൾ ചിന്തിക്കുന്ന കാര്യം പ്രപഞ്ചത്തെ മുഴുവൻ സ്വാധീനിക്കുന്നു എന്ന് തന്നെ.

പ്രപഞ്ചത്തിലെ ഊർജ്ജ ശരീരങ്ങൾ ആശയ വിനിമയം നടത്തുവാൻ വ്യത്യസ്ഥ ഭാഷകളാണ് ഉപയോഗിക്കുന്നത്. ബ്രഹ്മാവിന് ബ്രഹ്മഭാഷ, ദേവന്മാർക്ക് മറ്റൊന്ന്, ഗന്ധർവന്മാർക്ക് മറ്റൊന്ന്, മനുഷ്യന് നാലാമതൊന്ന്. മനുഷ്യൻറെ ഭാഷ ഉപയോഗിച്ചു ദൈവിക കാര്യങ്ങൾ വർണ്ണിക്കാൻ സാദ്ധ്യമല്ല. ഓരോ സൂക്ഷ്മോർജ്ജ മേഖലയിലും അനുയോജ്യമായ ഭാഷ എന്നേ നാം മനസ്സിലാക്കേണ്ടതുള്ളൂ. ഭഗവാൻ കൃഷ്ണൻ അർജ്ജുനനോട് സംവദിച്ചത് സംസ്കൃതത്തിലോ പാലിയിലോ ആയിരുന്നുവെന്നു ഞാൻ കരുതുന്നില്ല. മനുഷ്യ ഭാഷയിലേക്ക് മൊഴിമാറ്റം വന്നപ്പോൾ ഉണ്ടായ 18 അദ്ധ്യായങ്ങളും ഒരാവർത്തി വായിക്കാൻ എടുക്കുന്ന സമയം അവർ എടുത്തിട്ടില്ല. ഗുരുകുല സമ്പ്രദായത്തിൽ ഗുരു മൂലജ്ഞാനം കൈമാറുന്നത് മനുഷ്യഭാഷ ഉപയോഗിച്ചായിരുന്നിരിക്കാനുള്ള സാദ്ധ്യത വളരെ കുറവാണ്.

നേരത്തെ പറഞ്ഞതുപോലെ, ഉറക്കത്തിൽ ജീവകേന്ദ്രം ഉന്നതമായ ഊർജ്ജസ്ഥിതിയിലേക്ക് മാറാറുണ്ട്. അവിടെ ജീവൻ ആ മേഖലയിലുള്ള അറിവുകളും സന്ദേശങ്ങളും നേരിട്ട് സ്വീകരിക്കാറുമുണ്ട്. ചിലർക്കത് ബോധമനസ്സിലേക്ക് പകർത്തി സൂക്ഷിക്കാൻ കഴിഞ്ഞേക്കാം എന്നേയുള്ളൂ. ഭൂരിഭാഗവും അത് അവഗണിക്കുന്നു. ദൈവികമായ പല സന്ദേശങ്ങളും സ്വപ്നത്തിലാണല്ലോ ലഭിക്കുക. ജീവാത്മാവ് ആകാശ സഞ്ചാരങ്ങൾക്ക് ശരീരം വിടുമ്പോഴാണ് ഉറക്കത്തിൽ ശരീരത്തിൽ ഞെട്ടൽ അനുഭവപ്പെടുന്നത്.

ജീവോർജ്ജ ശ്രുംഘല തുടങ്ങുന്നത് സ്നേഹത്തിലാണെന്നു ഞാൻ പറഞ്ഞു; അവസാനിക്കുന്നത് ഭയത്തിലുമാണെന്നു കാണണം. ഭയം സ്നേഹത്തിൽ നിന്നുണ്ടായ ഒരു വികാരമാണ്. പക്ഷെ, സ്നേഹം ഒരു വികാരമല്ല, അത് ശുദ്ധമായ ഊർജ്ജം മാത്രമാണ്. നാം വേർതിരിച്ചിട്ടുള്ള ആയിരത്തോളം തരം വികാരങ്ങൾ എല്ലാം ഭയത്തിൻറെയും സ്നേഹത്തിൻറെയും വ്യത്യസ്ഥ ചേരുവകളാണ്. ഭയം ദുഷ്ടാരൂപികളുടെ മേഖലയായി കരുതുമ്പോൾ സ്നേഹത്തോട് അടുത്തു നിൽക്കുന്ന മാലാഖമാർ വിശിഷ്ടാരൂപികളുമാണ്. ദൈവം മുതൽ ലൂസിഫർ വരെയുള്ള സർവ്വ ഊർജ്ജ മേഖലകളെയും വ്യക്തിവൽക്കരിക്കുന്നത് ഇവയെപ്പറ്റിയൊക്കെ എളുപ്പം മനസ്സിലാക്കാൻ വേണ്ടി മാത്രം. ഒന്നാം ക്ലാസ്സിൽ ഉപയോഗിച്ച സ്ലേറ്റും പെൻസിലും ഉയർന്ന ക്ലാസ്സുകളിൽ നാം പ്രയോജനപ്പെടുത്താറുണ്ടോ? വളർന്ന ഒരു തെങ്ങിന് ചുറ്റുവേലി ആവശ്യമില്ലല്ലോ.

ദൈവവുമായി അല്ലെങ്കിൽ ദൈവികാരൂപികളുമായി ഒരു ബന്ധം സ്ഥാപിക്കണമെങ്കിൽ ഒന്നുകിൽ നാം മുകളിലേക്ക് പോകണം അല്ലെങ്കിൽ ദൈവം താഴേക്ക് വരണം. ദൈവം മനുഷ്യനുമായി ബന്ധപ്പെടാൻ ശ്രമിക്കുമ്പോൾ നാം കൂടുതൽ താഴേക്കാണ് പോവാറ്. പറഞ്ഞു വരുന്നത്, ഉയർന്ന ഊർജ്ജ മേഖലകൾ മനുഷ്യനുമായി ബന്ധപ്പെടാൻ താത്പര്യപ്പെട്ടു താഴേക്ക് വന്നാൽ നാം ആയിരിക്കുന്നതിലും അകലേക്ക് മാറരുത് എന്നാണ്. വി. ബൈബിളിൽ മാലാഖമാർ പ്രത്യക്ഷപ്പെടുന്നുവെന്ന് പറയുന്ന മിക്ക സന്ദർഭങ്ങളിലും 'ഭയപ്പെടരുത്' എന്നാവശ്യപ്പെട്ടുകൊണ്ടാണ് ഇടപെടൽ തുടങ്ങുന്നത്. ഭയം നമ്മെ ദൈവത്തിൽ നിന്നകറ്റും. ഈ സത്യം അറിഞ്ഞുകൊണ്ടാണോ അറിയുന്നില്ലെന്ന് നടിച്ചുകൊണ്ടാണോ പല മതങ്ങളും വിശ്വാസികളിൽ ഭീതി വിതച്ചുകൊണ്ട് അവരെ അനുഷ്ഠാനങ്ങളിൽ പിടിച്ചു നിർത്തുന്നത് എന്നെനിക്കറിയില്ല. ദൈവത്തിങ്കലേക്കുള്ള യാത്ര ഭീരുക്കൾക്കുള്ളതല്ല, ഭയം ദൈവത്തോടായാലും.

# കണ്ണുകൾ മൂന്ന്
## 8

ഒരിക്കൽ ഒരു ഗുരു തൻറെ ഒരു ശിക്ഷ്യന് ബോധജ്ഞാനം ഉണ്ടായിരിക്കുന്നു എന്ന് പ്രഖ്യാപിച്ചു. ഇത് കേട്ട മറ്റൊരു ശിക്ഷ്യൻ ബോധജ്ഞാനം ഉണ്ടായിയെന്ന് പറയപ്പെടുന്നവനോട് ചോദിച്ചു, 'ഇപ്പോൾ എങ്ങിനെയുണ്ട്?' ഉടൻ വന്നു മറുപടി, 'പഴയതിലും പരിതാപകരം.' ആത്മ വിശുദ്ധീകരണത്തിൻറെ പാതയിൽ സഞ്ചരിക്കുന്നവരുടെ ഗതി ഇതാണ്. നാം അറിയുന്ന ഗുരുക്കന്മാരും സഹായികളുമൊക്കെ കുറച്ചു ദൂരം പോകാൻ നമ്മെ സഹായിച്ചേക്കും; തുടർന്നങ്ങോട്ട്, സത്യം സഞ്ചാരിയെ കൊണ്ടുപോകുന്നു. അവിടെ സഞ്ചാരി ഒറ്റക്കായിരിക്കും, അവൻറെ ഭൌതികഗതി വളരെ പരിതാപകരവുമായിരിക്കും. ഒറ്റക്കുള്ള യാത്ര നന്നായിരിക്കണമെന്നുണ്ടെങ്കിൽ അത്തരമൊരു യാത്രക്ക് ഒരുവൻ തുടക്കം മുതലേ സ്വാഭാവിക മാർഗ്ഗങ്ങളിലൂടെ തയ്യാറെടുത്തിരിക്കണം. ഒരു സത്യാന്വേഷി ശ്രദ്ധിച്ചിരിക്കേണ്ട ഒരു വസ്തുതയാണിത്. സർവ്വ അനുഷ്ഠാനങ്ങളും, ആചാരങ്ങളും പ്രത്യയശാസ്ത്രങ്ങളും, നാം ആർജ്ജിക്കുന്ന അറിവുകളും, മനസ്സിൽ സ്വരൂപിക്കുന്ന നിബന്ധനകളും മാർഗ്ഗരേഖകളുമെല്ലാം കുറെ ദൂരം മുന്നേറാനെ ആരെയും സഹായിക്കൂ.

സഹായ സംവിധാനങ്ങൾക്ക് തന്നെ സ്വാഭാവികം കൃത്രിമം എന്നിങ്ങനെ രണ്ടു വകഭേദങ്ങളിലുണ്ട്. സ്വാഭാവിക മാധ്യമങ്ങൾ എന്തെന്നറിയാൻ ഒരു ക്ഷേത്രത്തിൻറെ ശ്രീകോവിൽ വരെ ചെന്നാൽ മതി. വിളക്ക്, പ്രഭ, പുഷ്പം ഇവ കണ്ണിന്; വെടി പഞ്ചവാദ്യം, മണിനാദം, മന്ത്രധ്വനി ഇവയൊക്കെ ചെവിക്ക്; സുഗന്ധ ഇല/പുഷ്പം, ധൂമം ഇവ മൂക്കിന്; ത്രിമധുരവും തീർത്ഥവും പായസവുമൊക്കെ നാക്കിന്; കളഭവും ചന്ദനവും ഭസ്മവുമൊക്കെ ത്വക്കിന് ഇങ്ങിനെ പഞ്ചേന്ദ്രിയങ്ങളെയും ഉദ്ദീപിപ്പിക്കുമാറാണ് അവിടുത്തെ അനുഷ്ഠാനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ മത ചടങ്ങുകളിലും ഇത്തരം ഒരു സമീപനം കാണാം. കല്യാണം, ഭാരതത്തിൽ പഞ്ച വിവാഹമാണ്. മാലയിട്ട്, താലി കെട്ടി, പാണീഗ്രഹണം നടത്തി, പുടവ കൊടുത്തു, ശിരോധാരയോഴിച്ചാണ് ഹൈന്ദവ വിവാഹങ്ങൾ നടത്തപ്പെടുന്നത്. ഇത്തരം മാധ്യമങ്ങളെ പൊതുവേ Props and Koans എന്നു പറയാം. ഞാനാരാണ്? തുടങ്ങിയ ചോദ്യങ്ങളും ആശയങ്ങളും ഉള്ളിലേക്ക് കടത്തി മനസ്സിനെ ചലിപ്പിക്കുന്നവ Koans (പ്രസംഗങ്ങൾ, സൂചനാസ്പദ ധ്യാനങ്ങൾ), പഞ്ചേന്ദ്രിയങ്ങളെ ഉദ്ദീപിപ്പിക്കുന്നവ Props (വെളിച്ചം, ശബ്ദം, ധൂമം മുതലായവ). ഇവയെല്ലാം ഒത്തു ചേരുമ്പോൾ ഒരു സ്വീകർത്താവിന് ലഭിക്കുന്ന അനുഭൂതി ഒരു കഞ്ചാവ് ബീഡി വലിക്കുന്നവൻറെതിനോട് സമമായിരിക്കാം. കഞ്ചാവ് ബീഡി ഇവിടെ കൃത്രിമ മാധ്യമമാണ്. കഞ്ചാവ് ബീഡിയുമായി എത്രദൂരം ഒരുവൻ പോകും? സ്വാഭാവിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ തുടർച്ച സാധ്യമാണ്. എങ്കിലും, മാധ്യമങ്ങൾക്ക് ഒരുവനെ കൊണ്ടു പോകാവുന്നതിനും പരിധിയുണ്ട്. മാധ്യമങ്ങൾ ഒന്നും ഉപയോഗിക്കാതെ തുടക്കം മുതൽ മുന്നേറുന്നവനാകട്ടെ, അവസാനം വരെ പോകാനുള്ള കെൽപ്പുമുണ്ടായിരിക്കും.

ആരാധനാലയത്തിൽ പോയി തൊഴുതു മടങ്ങുന്നവന് ലഭിക്കാവുന്ന തരം ഒരു ഉന്മാദം ലഹരി ഉപയോഗിക്കുന്നവനും കിട്ടും. ആ വസ്തുതയാണ് മനുഷ്യനെ ലഹരിയുടെ അടിമകളാക്കുന്നത്. അസ്തിത്വത്തിൻറെ ജീവകേന്ദ്രം കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് ഉയർത്തണം എന്നതാണ് ആഗ്രഹമെങ്കിൽ ലൌകിക വസ്തുക്കളോടും പെരുമയോടുമൊക്കെയുള്ള നമ്മുടെ ബന്ധം വിഛേദിക്കേണ്ടതുണ്ട്, ഒപ്പം വിശ്വാസ സംഹിതകളെയും ഉപേക്ഷിച്ചേ തീരൂ. ഇതൊക്കെ ഭാരമില്ലാത്ത വെറും സൂക്ഷ്മ സ്ഥിതികളാണെന്നു കരുതി അവഗണിക്കരുത്. നാമരൂപവസ്തു ബന്ധങ്ങൾ അസ്തിത്വത്തിൽ നിന്ന് മുറിച്ചു മാറ്റിയാൽ ശരീരത്തിൻറെ ഭാരം നന്നെ കുറയും. അങ്ങിനെ, ഭാരരഹിത ശരീരാനുഭവത്തിൽ (ഹല്ശ മേശേീ) വരെ എത്താം. ഭൂമിയിൽ കാലുകൾ ഉറപ്പിക്കാൻ വിഷമിച്ച അനേകം വിശുദ്ധരുടെ കഥകൾ ഉണ്ട്. ഒരർത്ഥത്തിൽ നോക്കിയാൽ, യേശു കടലിനു മീതെ നടന്നില്ലെങ്കിലേ അത്ഭുതമുള്ളൂ.

മാർഗ്ഗം എന്തായാലും ജീവാത്മാവിൻറെ കേന്ദ്രം മുകളിലേക്ക് അൽപ്പം നീങ്ങിയാൽ നാം പലതും ഗ്രഹിക്കും. കാണുന്നതൊന്നും പുറം കണ്ണുകൾക്കൊണ്ടായിരിക്കില്ല. ഇങ്ങിനെ കാണുന്നതും അറിയുന്നതും ആറാം ഇന്ദ്രിയം കൊണ്ടാണെന്ന് ശാസ്ത്രം പറയുന്നു. ഇത്തരം പ്രതിഭാസങ്ങളെയാണ് ടെലിപ്പതി, ടെലികൈനോസിസ് എന്നൊക്കെ പറയുന്നത്. സാധാരണ ജീവിതത്തിലാണെങ്കിലും പലർക്കും ഇത് അനുഭവപ്പെടാറുണ്ട്. ഒരു വിരുന്നുകാരൻ വരാൻ പോകുന്നുവെന്ന് വീട്ടമ്മക്ക് തോന്നുന്നതും, ഒരാൾ

മരണപ്പെടുന്ന നിമിഷം ചില സൂചനകൾ ചിലർക്ക് ലഭിക്കുന്നതുമൊക്കെ ഊർജ്ജശരീരത്തിൻറെ ഈ പ്രവർത്തനം മൂലമാണ്. മനസ്സ് ബോധതലത്തിൽ നിന്നും ഉപബോധമനസ്സിലേക്ക് അൽപ്പം മാറിയാൽ ഈ ആറാം ഇന്ദ്രിയം നമുക്ക് അനുഭവവേദ്യമാകാം. വിശ്വാസികളുടെ കൂട്ടായ ബഹളാധിഷ്ഠിത അനുഷ്ഠാനങ്ങൾക്കും ഇങ്ങിനെ ഒരു psychedelic അനുഭവം താത്കാലികമായി സൃഷ്ടിക്കാൻ കഴിയും. മാനസ്സികശാരീരിക രോഗ ശാന്തി അനുഭവങ്ങൾക്ക് വരെ ഇത് കാരണമായെന്നുമിരിക്കും. ശരിയായ വളർച്ചയിലേക്ക് ലക്ഷ്യം വെയ്ക്കുന്നവൻ പുറം കോശങ്ങളുടെ ആരോഗ്യമല്ല ലക്ഷ്യമാക്കുന്നത്. ശ്രീരാമകൃഷ്ണ പരമഹംസരെ അദ്ദേഹത്തിൻറെ ശാരീരികപ്രശ്നങ്ങൾ കൂടെയുള്ളവർ ഓർമ്മിപ്പിക്കേണ്ടി വന്നുവെന്നു കേട്ടിട്ടുണ്ട്. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കാൻ പറ്റാത്ത സൂക്ഷ്മമേഖല മനുഷ്യനായി ജനിച്ച എല്ലാവർക്കും പ്രാപ്യമാണ് എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

ഒരു സദ്ഗുരു പറയുന്ന വാക്കുകൾക്കൊണ്ട് ഉദ്ദേശിക്കുന്നത് പൂർണ്ണമായും മനസ്സിലാക്കാൻ ആ വാക്കുകളുടെ സൂക്ഷ്മശരീരം കാണേണ്ടതുണ്ട്. ആ വാക്കുകളുടെ പ്രസക്തിയും വ്യാകരണവും വിശകലനം ചെയ്തുകൊണ്ട് ജീവിതം പോക്കുന്ന ശിക്ഷ്യനെ വിഡ്ഢി എന്നല്ലാതെ എന്താ വിളിക്കുക? യേശുവിൻറെ വചനങ്ങൾ ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവൻ ആദ്യം യേശുവിൻറെ അരൂപശരീരവുമായി ലയവത്കരിക്കപ്പെടണം. ഗുരു ജീവിച്ചിരിക്കുന്നോ ഉയർത്തോ എന്നുള്ളതല്ല പ്രശ്നം. അന്തർജ്ഞാന ചക്ഷുസ്സ് പ്രകാശിപ്പിച്ച് ആത്മജ്ഞാനിയാകുവാൻ ബാഹ്യ ഇന്ദ്രിയങ്ങൾ നിശ്ചലമാക്കേണ്ടതുണ്ട്. ബാഹ്യമായും ആന്തരികമായും ഉള്ള നിശ്ശബ്ദതയിലൂടെ സാവധാനം ഉള്ളിലേക്ക് പോവുന്ന ധ്യാനങ്ങൾ ഓരോ ഇന്ദ്രിയങ്ങളുടെയും സൂക്ഷ്മതലത്തിലേക്ക് കടക്കാൻ ഏതൊരുവനെയും സഹായിക്കും. അന്തർജ്ഞാനത്തെ ഉദ്ദീപിപ്പിക്കുന്ന ഒരു കേന്ദ്രം ഭൌതിക ശരീരത്തിലുണ്ട്, പുരികങ്ങളുടെ മദ്ധ്യേയായി. ഉത്തരം കിട്ടാതെ വിഷമിക്കുന്ന അവസരങ്ങളിൽ അറിയാതെ പുരികം ചൊറിഞ്ഞിട്ടില്ലാത്തവർ ചുരുക്കം.

ഇത്തരം സൂക്ഷ്മസത്യങ്ങൾ, പ്രസ്ഥാനവത്കരിക്കപ്പെട്ട മതങ്ങളെല്ലാം അനുയായികളിൽ നിന്ന് മറയ്ക്കുന്നു. വ്യക്തിക്ക് ആത്മജ്ഞാനം നേടാനുള്ള വഴി കാട്ടിക്കൊടുത്താൽ പ്രസ്ഥാനം എങ്ങിനെ നിലനിൽക്കും? മതം പ്രസ്ഥാനമായാൽ ഭാരമാവുകയേയുള്ളൂവെന്ന് മുന്നേ കണ്ട ഭാരതീയ ആചാര്യന്മാർ, മതത്തെ ഒരു ജീവിതചര്യയായി മാത്രമേ വിഭാവനം ചെയ്തതുള്ളൂ; ഹിന്ദു എന്ന പദം, ഒരു മതത്തെയല്ല സൂചിപ്പിക്കുന്നതും. ക്രൈസ്തവർ എന്ന് മതമായി മാറിയോ അന്ന് മുതൽ വചനങ്ങൾ വ്യാഖ്യാനിക്കുന്നതിലും തെറ്റ് വരുത്തിക്കൊണ്ടിരുന്നു. വി. മത്തായിയുടെ സുവിശേഷം (6:22) ശ്രദ്ധിക്കുക. "The light of the body is the eye: If therefore thine eye be single, thy whole body shall be full of light." (Bible - King James version). ഈ വചനം നിരവധി കൈകളിലൂടെ ചുറ്റിത്തിരിഞ്ഞ് മലയാളത്തിൽ എത്തിയപ്പോൾ ഇങ്ങിനെയായി: 'കണ്ണാണ് ശരീരത്തിൻറെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും' (KCBC Bible Commission version). ഇവിടെ, ഉള്ക്കണ്ണ്! പ്രകാശിപ്പിക്കുന്നതിനെപ്പറ്റി യേശു പറഞ്ഞു, മറ്റെന്തിനെയോപ്പറ്റി KCBC യും പറയുന്നു. ഇസ്ലാമിലും ഈ പ്രതിഭാസം കാണാം.

ചുറ്റുപാടുകളിൽ നിന്നുള്ള അറിവുകൾ ഗ്രഹിക്കുകയും അതിനനുസരിച്ചു പ്രതികരിക്കുകയും ചെയ്യുന്ന ധാരാളം ആളുകൾ ഉണ്ട്. ഒരുവൻ പറയുന്നതിനു മുമ്പേ പറയാൻ ഉദ്ദേശിക്കുന്നത് മനസ്സിൽ ഒരിക്കലെങ്കിലും തോന്നാത്തവരുണ്ടോ? ഉൾക്കണ്ണ്! ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്ന സമ്പ്രദായം ബുദ്ധമതക്കാരുടെ ഇടയിൽ ഉണ്ടായിരുന്നു. ഈ ദർശനവരവും കൂടി ഉള്ള പണ്ഡിതരായിരുന്നു ആദ്യകാല ജ്യോതിഷികൾ. സമ്പർക്കശേഷി ആർജ്ജിച്ച ഊർജ്ജശരീരങ്ങൾ തമ്മിൽ ബന്ധപ്പെടുമ്പോൾ സംസാരം വളരെ പതിയെ ആയിരിക്കും. ഉച്ചസ്വരത്തിൽ സംസാരിക്കുന്നവർ മറ്റുള്ളവരെ മനസ്സിലാക്കാൻ ശേഷി തീരെ കുറഞ്ഞവർ ആയിരിക്കാനാണ് സാദ്ധ്യത

# ഊർജ്ജം സമാഹരണം

## 9

സ്ഥൂലശരീരം ഊർജ്ജശരീരം  എന്നൊക്കെ കേൾക്കുമ്പോൾ തന്നെ ഇതൊക്കെ വെറും ഭാവനകൾ എന്ന് കരുതരുത്. ചേതന വസ്തുക്കൾക്ക് ചുറ്റുമുള്ള സൂഷ്മോർജ്ജ ശരീരത്തിൻറെ സാന്നിദ്ധ്യം ആർക്കും അറിയാം, വളരെ ലഘുവായ പരീക്ഷണങ്ങളിലൂടെ. അരണ്ട വെളിച്ചത്തിൽ ഇളം ഷേഡുള്ള ഒരു ഭിത്തിയിൽ നിന്നും ഒരടി മാറി ഒരാളോട് അനങ്ങാതെ നിൽക്കാൻ പറയുക. തുടർന്ന്, ഒരഞ്ചാറടി അകലത്തിൽ നിന്ന് കൊണ്ട് ഭിത്തിയോട് ചേർന്ന് നിൽക്കുന്ന ആളിൻറെ ശിരസ്സിലേക്ക് നോക്കുക. ശിരസ്സിനു ചുറ്റുമുള്ള ഊർജ്ജ ശരീരത്തിൻറെ വെളിച്ചം കാണണമെങ്കിൽ കണ്ണുകൾ ഫോക്കസ് ചെയ്യുന്നത് തലയിലായിരിക്കരുത്, പകരം ഭിത്തിയിലായിരിക്കണം. ഇങ്ങിനെ ഓഫ് ഫോക്കസ്സിൽ നോക്കി പരിശീലിച്ചാൽ കൂടുതൽ വ്യക്തമായി ഊർജ്ജ ശരീരം കാണാൻ കഴിയും. ഇപ്പറഞ്ഞതുപോലെ ശിരസ്സിനു ചുറ്റുമുള്ള ഒരു വലയം കാണാൻ കഴിഞ്ഞാൽ, ഭിത്തിയോട് ചേർന്ന് നിൽക്കുന്ന ആളിനോട് ശിരസ്സ് വളരെ സാവധാനം ഇടത്തേക്കും വലത്തേക്കും ചലിപ്പിക്കാൻ പറയുക. നിങ്ങൾ കണ്ട പ്രകാശ വലയം ശിരസ്സിനെ അനുധാവനം ചെയ്യുന്നത് അപ്പോൾ കാണാൻ കഴിയും. എല്ലാവരിലും ഇതാവർത്തിച്ചാലോ, എല്ലാവരും ഇങ്ങിനെ ശ്രമിച്ചാലോ ഫലം ഒന്നായിരിക്കില്ല. ഉള്ളം കൈകൾ നന്നായി ഏതാനും പ്രാവശ്യം ഉരസ്സിയത്തിനു ശേഷം, ഇവ മുഖാമുഖം പിടിച്ചു സാവധാനം അകറ്റുകയും അടുപ്പിക്കുകയും ചെയ്യുക, അപ്പോൾ ഒരു കാന്തിക മേഖലയിലെന്നപോലെ ഇടയിൽ ഒരു ബലം അനുഭവപ്പെടുന്നത് കാണാം.

വസ്ത്രം കൊണ്ട് മറയ്ക്കപ്പെടാത്തതും ഏറ്റവും ശക്തിയായി സൂഷ്മോർജ്ജ പ്രസരണം അനുഭവപ്പെടുന്നതുമായ ഒരു ശരീര ഭാഗമായതുകൊണ്ടാണ് തലക്ക് ചുറ്റുമുള്ള പ്രകാശം എളുപ്പത്തിൽ കാണാൻ കഴിയുന്നത്. അരണ്ട വെളിച്ചത്തിൽ ഓഫ് ഫോക്കസിൽ വൃക്ഷത്തലപ്പുകളുടെ മുകളിൽ നോക്കിയാലും ഒരു പ്രകാശം കാണാൻ കഴിയും. ഭൂഗോളത്തിന് ചുറ്റും കിഴക്ക് നിന്ന് പടിഞ്ഞോട്ടും വടക്ക് നിന്ന് തെക്കോട്ടുമായി സൂഷ്മോർജ്ജ രശ്മികൾ സദാ ചലിച്ചുകൊണ്ടിരിക്കുന്നുവെന്ന് നേരത്തെ പറഞ്ഞിരുന്നുവല്ലോ. ഈ ഊർജ്ജം ശരീരത്തിൽ പരമാവധി പ്രയോജനപ്പെടുത്താനാണ് വിവസ്ത്രരായി സൂര്യസ്നാനം നടത്തുന്നതും, തീവ്ര താപസ്സർ ദിഗംബരരായി ജീവിക്കുന്നതുമൊക്കെ. അന്തരീക്ഷത്തിലൂടെ ലഭിക്കുന്ന സൂഷ്മോർജ്ജത്തിലെ വ്യത്യസ്ഥ തലങ്ങളുമായാണ് സ്ഥൂല ശരീരം പ്രതിപ്രവർത്തിക്കുന്നത്. ശരീരത്തിലെ വിവിധ ഭാഗങ്ങൾ വ്യത്യസ്ഥ നിറങ്ങളിലാണല്ലോ ആയിരിക്കുന്നത്. വിവിധ നിറങ്ങളിലുള്ള കണ്ണാടികളിലൂടെ ചില പ്രത്യേക തരംഗങ്ങൾ മാത്രം കടത്തിവിട്ട് രോഗശമനം സാധ്യമാക്കുന്ന ക്രോമോതെരാപ്പി പ്രായോഗികമായ ഒരു ചികിത്സാ സമ്പ്രദായം ആണ്.

ഒരേ രീതിയിലുള്ള ഊർജ്ജ ശരീരങ്ങളുമായല്ല എല്ലാവരും ജനിക്കുന്നത്. വ്യത്യസ്ഥ കഴിവുകളും വ്യത്യസ്ഥ സിദ്ധികളുമായാണ് ഓരോരുത്തരും ഇവിടെ ആയിരിക്കുന്നത്. വി. ബൈബിളിൽ താലന്തുകളുടെ ഒരുപമയുണ്ട്. യജമാനൻ മൂന്നു സേവകർക്ക് താലന്തുകൾ കൊടുത്തത് ഒരുപോലെയല്ല, അവരത് പ്രയോജനപ്പെടുത്തിയതും ഒരുപോലെയല്ല. പാടുക, പ്രസംഗിക്കുക, അഭിനയിക്കുക, ചിത്രം വരക്കുക തുടങ്ങിയുള്ള 52ഓളം വിശേഷ ശേഷികൾ മന:ശാശ്ത്രജ്ഞന്മാർ വേർതിരിച്ചെടുത്തിട്ടുണ്ട്. ഇതിൽ ഏഴെട്ട് ഇനങ്ങളിലെങ്കിലും ഓരോരുത്തരും പ്രവീണരായിരിക്കുമെന്നും, രണ്ടെണ്ണത്തിലെങ്കിലും അതി മാനുഷികശേഷിയുള്ളവരായിരിക്കും എന്നുമാണ് അവരുടെ നിഗമനം. വ്യക്തിഗതമായ ഇശ്ച അവഗണിച്ച് സമൂഹ ഇശ്ചയുടെ പിന്നാലെ പോകുന്നവരാണ് ഒരിടത്തും മുദ്രകൾ പതിപ്പിക്കാനാവാതെ ജീവിതം ചിലവിടുന്നത്.

വിശേഷ സിദ്ധികളുടെ കാര്യത്തിലും ഈ വേർതിരിവുണ്ട്. സിദ്ധികൾ 32 എന്നാണ് ഭാരതീയ ആചാര്യന്മാർ പറയുന്നത്. ചിലർക്ക് ദർശനവരമായിരിക്കും ജന്മനാ ഉള്ളത്, ചിലർക്ക് പ്രവചന വരമായിരിക്കാം, ചിലർക്ക് രോഗശാന്തി വരമായിരിക്കാം അല്ലെങ്കിൽ ഒന്നിലേറെ സിദ്ധികളായിരിക്കാം ഉള്ളത്. ചിലർക്ക് ഒന്നും ഉണ്ടായിരിക്കണമെന്നുമില്ല.  സിദ്ധികൾ ഉള്ളവർ സാമാന്യ ബോധതലത്തിനപ്പുറമുള്ള ഒരു ബോധമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നർത്ഥം. ഈ സിദ്ധികൾ സ്വന്തം ആത്മനവീകരണത്തിനല്ലാതെ ഉപയോഗിക്കുവാൻ പാടുള്ളതല്ല. വാൻഗോഗ് നക്ഷത്രപഥങ്ങളുടെ ചിത്രം ആൻറിക്ലോക്ക് വൈസ് സ്പൈറൽ

രൂപത്തിൽ വരച്ചപ്പോൾ അന്ന് ഏറെ വിമർശിക്കപ്പെട്ടു. അതാണ് സത്യമെന്ന് മനുഷ്യന് ബോദ്ധ്യമാകാൻ പിന്നെയും ഏറെ ദശാബ്ദങ്ങൾ വേണ്ടി വന്നു. കുണ്ഡലിനി എന്ന ശക്തിസുന്ദരി സർപ്പത്തിനെപ്പോലെ മൂന്നര ചുറ്റുമായി ഈ ദിശാരീതിയിൽ തന്നെയാണ് ശരീരത്തിലെ മൂലാധാരത്തിൽ വിശ്രമിക്കുന്നത്.

പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങൾക്കും വേണ്ട ഊർജ്ജം, അത് സ്ഥൂലമായാലും സൂഷ്മമായാലും ഇവിടെ സമൃദ്ധമായിട്ടുണ്ട്. ദൈവം ആർക്കെങ്കിലും എന്തെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ അത് അളന്നു തിട്ടപ്പെടുത്താൻ മനുഷ്യന് ആയിട്ടുമില്ല, ആവുകയുമില്ല. ശ്വസിക്കാനുള്ള വായുവിൻറെ കാര്യത്തിലാണെങ്കിലും കുടിക്കാനുള്ള വെള്ളത്തിൻറെ കാര്യത്തിലാണെങ്കിലും സ്ഥിതി വിഭിന്നമല്ല. വേണ്ട ഊർജ്ജം യഥേഷ്ടം ആർജ്ജിക്കാനുള്ള മാർഗ്ഗങ്ങളും പ്രപഞ്ചം ഇവിടെത്തന്നെ ഒരുക്കിയിട്ടുണ്ട്. ആ ഊർജ്ജപ്രവാഹത്തിൻറെ തരംഗഭാവത്തിൽ നിന്ന് അകന്നു പോകുന്നവയ്ക്കാണ് ആ ഊർജ്ജം ലഭിക്കാതെ പോകുന്നത്. ഈ പ്രപഞ്ചത്തിലുള്ള സർവ്വതും, അത് ഗ്രഹമോ, ഉപഗ്രഹമോ നക്ഷത്രമോ ജീവനോ പ്രകൃതിയോ എന്തുമാകട്ടെ വ്യത്യസ്ഥ ഋതങ്ങളിൽ പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു, സൂഷ്മതലത്തിലും സ്ഥൂല തലത്തിലും. ഇതിൻറെ താളം തെറ്റുമ്പോഴാണ് പ്രകൃതി ദുരന്തങ്ങളും രോഗങ്ങളും ഒക്കെ ഉണ്ടാവുന്നത്. നവഗ്രഹങ്ങളുടെയും ചൈതന്യത്തെ വിവിധ് കോണുകളിലൂടെ സ്വീകരിച്ചു ഭൂഗോളത്തിന് പ്രയോജനകരമായ രീതിയിൽ വിന്യസിപ്പിക്കുന്ന കൈലാസം പോലുള്ള ജ്യോമെട്രിക്കൽ ആയി നോക്കിയാൽ ഉത്തമമായ നിരവധി കേന്ദ്രങ്ങൾ ഭൂമിയിലുണ്ട്. അന്തരീക്ഷ വായുവിലെ മോളിക്യൂളുകൾ സ്ഥിരമായി പോസിറ്റിവോ നെഗറ്റിവോ ചാർജ്ജുള്ള കണികകളായി വിഭാജിക്കപ്പെടുന്നുവെന്ന് നമുക്കറിയാം. ഇതിനുള്ള ഊർജ്ജം ഇടിമിന്നൽ, കോസ്മിക് രശ്മികൾ, സൂര്യൻ, ജലധാരകൾ എന്നിവയിൽ നിന്നാണ് ലഭിക്കുന്നത്. നെഗറ്റിവ് പോസിറ്റിവ് കണികകളുടെ അനുപാതം തുല്യമായിരിക്കുന്ന പുണ്യ സ്ഥലങ്ങളിൽ കേദാർനാഥ്, ഗംഗോത്രി മുതലായ സ്ഥലങ്ങൾ ഉൾപ്പെടുന്നു. ഭാരതീയർ ക്ഷേത്രങ്ങൾ നിർമ്മിച്ചിരുന്നത് ഈ കാര്യങ്ങളെല്ലാം പരിഗണിച്ചാണ്. നവഗ്രഹോർജ്ജം സമാഹരിക്കുവാൻ സഹായിക്കുന്ന രീതിയിലാണ് ശ്രീകോവിലിൻറെ നിർമ്മാണം. ക്ഷേത്രത്തിൻറെ താഴികക്കുടം നെഗറ്റിവ് അയോണുകളുടെ ശക്തിയേറിയ ഒരു സ്വീകരണിയാണ്. താഴികക്കുടത്തിൽ സ്ഥാപിക്കുന്ന നാണയ രൂപത്തിലുള്ള ഇറിഡിയം ആണ് ഇതിൻറെ പ്രധാന കേന്ദ്രം. ഇതിന് 2000 ഡിഗ്രി സെൽഷിയസ് വരെയുള്ള ചൂട് താങ്ങാൻ ശേഷിയുണ്ട്.

വിഷമയമുള്ള ഭക്ഷണങ്ങൾ, വെള്ളം, വായു, പരിസ്ഥിതി ഇവയുടെ ഒക്കെ സ്വാധീനത്തിൽ ജീവജാലങ്ങളുടെ സ്പന്ദനതാളം തെറ്റും. ദുർചിന്തകളും ഈ ഗതിക്കു ആക്കം കൂട്ടും. പ്രകൃതി ജീവനോപാധികൾ, പ്രകൃതി ചികിത്സ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ മൂലസ്പന്ദന താളങ്ങളിൽ ശരീരത്തെ കൊണ്ടുവരാൻ കഴിയും. അതുപോലെ പ്രായോഗികമാണ് യോഗാ പരിശീലനവും ഓം പോലുള്ള മന്ത്രോച്ചാരണങ്ങളും, ധ്യാന കർമ്മങ്ങളും, അത് പോലുള്ള കർമ്മാനുഷ്ഠാനങ്ങളും. അതിലൂടെയും രോഗ സൌഖ്യം സാദ്ധ്യമാകും. ചെയ്യും. ചെടികൾക്ക് രാസവളം ഉപയോഗിക്കുമ്പോഴും ചെടികൾ എളുപ്പത്തിൽ രോഗഗ്രസ്തമാകുന്നു. അവ കഴിക്കുന്ന മനുഷ്യരും രോഗികളാവാൻ അത് സഹായിക്കുന്നു. ജൈവകൃഷിയുടെ പ്രാധാന്യം മനസ്സിലാക്കാൻ ഈ സത്യവും ഗ്രഹിച്ചിരിക്കേണ്ടതുണ്ട്.

**സക്കറിയാസ് നെടുങ്കനാൽ**

ഇത്രയും വിശദമായും സാങ്കേതികധ്വനികളോടെയും ആത്മശരീരോർജ്ജങ്ങളെപ്പറ്റിയും അവയെ നിയന്ത്രിച്ചും വികസിപ്പിച്ചും കൊണ്ടുനടക്കേണ്ട രീതികളെപ്പറ്റിയുമൊക്കെ വായിക്കുമ്പോൾ ഞാൻ തികച്ചും ഏതോ മനഃപ്രയാസത്തിന്റെ അങ്കലാപ്പിലായിപ്പോകുകയാണ്. ആദ്ധ്യാത്മികമായ മികവിലേയ്ക്ക് നയിക്കേണ്ട പാതയിൽ ഗുരുക്കന്മാരും പണ്ഡിതരുമൊക്കെ തിരഞ്ഞുപിടിച്ച് കുറിച്ചുവച്ചിട്ടുള്ള വിഭവങ്ങളാണല്ലോ ഇവയൊക്കെ. എന്നാൽ ഇതൊക്കെ ആനന്ദത്തെ തേടുന്ന സാധാരണക്കാരന് ആവശ്യമുണ്ടോ. പരമാനന്ദപ്രാപ്തിയെന്നത് സാധാരണ ജീവിതം നയിക്കുന്ന ഏതൊരാള്ക്കും അനായാസം എത്തിച്ചേരാവുന്ന ഒന്നായിരിക്കേണ്ടതല്ലേ? ആയിരിക്കണം എന്നാണ് യേശു പഠിപ്പിച്ചത്. അതാണ് ഭഗവത് ഗീതയും പഠിപ്പിക്കുന്നത്. 'ഏതു സാധാരണ ജീവിതകർമം ചെയ്തുകൊണ്ടിരിക്കുന്നവനും എന്നെ ശരണം പ്രാപിച്ചാൽ എന്റെ പ്രസാദംകൊണ്ട്, നിത്യമായ, ഒരിക്കലും നീക്കുപോക്കുവരാത്ത ആനന്ദപദം (ബ്രഹ്മസ്ഥിതി) പ്രാപിക്കുകതന്നെ ചെയ്യും എന്നു് ഗീതയുടെ അവസാനത്തെ അദ്ധ്യായം അന്പത്താറാം ശ്ളോകത്തിൽ നാം വായിക്കുന്നു.

ഇളവില്ലാതെ ഓടിനടന്ന് പണിയെടുക്കുന്നവർക്ക് പോലും, ദൂരദേശങ്ങളിൽ തീർഥാടനത്തിനു പോകാതെയും ചെലവുള്ള യജ്ഞം ചെയ്യാതെയും യാഗങ്ങളും ഹോമബലികളും നടത്താതെയും ദൈവപ്രസാദത്തിന്റെ ധന്യതയിൽ ജീവിക്കാനാവും എന്നു തന്നെയാണ് അതിനർഥം.

ഞാനിതു വെറുതേ കുറിക്കുകയല്ല. എനിക്ക് നല്ല പരിചയമുള്ള ഒന്നിൽകൂടുതൽ ഉദാഹരണങ്ങൾ നിരത്താനുണ്ട്. ഉദാ. എന്റെയൊരു സുഹൃത്ത്, പത്തുമുപ്പതു വർഷം ഉന്നതമായ ഉത്തവവാദിത്വം ഏറ്റെടുത്ത് വളരെപ്പേർക്ക് നേതൃത്വം കൊടുത്ത്, അതിമനോഹരമായ ഒരു സ്ഥലത്ത് ജീവിച്ചിരുന്നു. ഒരു സുപ്രഭാതത്തിൽ അദ്ദേഹം ഉടുത്തിരുന്ന വസ്ത്രമൊഴിച്ചുള്ളതെല്ലാം ഉപേക്ഷിച്ച് ഇറങ്ങിപ്പോയി. ലാളിത്യത്തോടുള്ള അഭിവാഞ്ച മാത്രമായിരുന്നു കാരണം. ഇന്നദ്ദേഹം ആരോ കൊടുത്ത പഴയ വസ്ത്രങ്ങളും ഭക്ഷണം പാകം ചെയ്യാനുള്ള അത്യാവശ്യ ഉപകരണങ്ങളും അല്ലറചില്ലറ വസ്തുക്കൾ സൂക്ഷിക്കാൻ അദ്ദേഹത്തിന്റെ പകുതി പ്രായമുള്ള ഒരു പെട്ടിയും ഇവകളെ സൂക്ഷിക്കാനും കിടക്കാനുമായി മങ്കട്ടകൊണ്ട് സ്വയം നിർമിച്ച ഒരു മുറിയും മാത്രമായി, കൂലിപ്പണി ചെയ്തു ജീവിക്കുന്നു. എന്റെ ഈ സുഹൃത്ത് മേല്പറഞ്ഞ ബ്രഹ്മാവസ്തയിലാണെന്നാണ് എന്റെ വിശ്വാസം. നേരം കിട്ടുമ്പോൾ തന്റെ കരവിരുതുകൊണ്ടുണ്ടാക്കിയ ഉപകാരമുള്ള ഓരോരോ സാധനങ്ങൾ ആവശ്യക്കാർക്ക് കൊടുക്കുന്നതിൽ അദ്ദേഹം സന്തോഷിക്കുന്നു. ഒരിടത്തും പറ്റിപ്പിടിക്കാത്ത സ്വാതന്ത്ര്യത്തിന്റെ ഉടമകളായിട്ടാണ് ഇത്തരം വ്യക്തികളെ ഞാൻ കാണുന്നത്. അതാണ് ആ ജീവിതത്തിന്റെ ഒരേയൊരു വിശേഷണം. ഒന്നും സ്വന്തമാക്കണമെന്നില്ലാതെ, എന്നാൽ പ്രകൃതിയിലും മനുഷ്യരിലുമുള്ള എല്ലാ നന്മയും ആസ്വദിച്ച് പരിപൂർണ സംതൃപ്തിയിൽ ജീവിക്കുക.

ഇത്തരക്കാർക്ക് ഈശ്വരതാത്പര്യം പോലും ഒരു സ്വത്തല്ല. ഒരു സംഹിതയിലെയും ഒരു വിധിയും അവർക്ക് ബാധകമല്ല. ഗുരുവെന്ന ബഹുമാനം സമർപ്പിച്ച് ഒരാൾദൈവത്തിന്റെയും മുമ്പിൽ കുനിഞ്ഞു നിൽക്കേണ്ടതില്ല. ഈശ്വരനെയല്ലാതെ മറ്റാരെയും ഒന്നും ബോധ്യപ്പെടുത്തേണ്ടതുമില്ല. സർവഭൂതഹിതമായി ഹൃത്തിൽ തെളിഞ്ഞു നില്ക്കുന്ന ഈശ്വരന്റെ പ്രസാദം ഓരോ നിമിഷവും അനുഭവിക്കുന്ന ഇത്തരം ജീവിതാവസ്ഥ എന്നെ വല്ലാതെ ആകർഷിക്കുന്നതുകൊണ്ടും, എന്റെ ജീവന ചുറ്റുപാടിൽ അതുപോലെതന്നെ ആവുംവിധം ചെയ്ത് തത്ഫലം അനുഭവിക്കുന്നതുകൊണ്ടുമാണ് ഇത്രയുമെഴുതിയത്. തുടരെത്തുടരെ 'പ്രണവത്തിൽ' വരുന്ന ധന്യവിചാരങ്ങൾ ശ്രദ്ധയോടെ വായിക്കുമ്പോഴും, എന്തുകൊണ്ടോ അവയോട് വേണ്ടവണ്ണം പ്രതികരിക്കാനോ ഗഹനമായ ചർച്ചകളിൽ പങ്കുചേരാനോ ഒരാക്കം തോന്നുന്നില്ല.

ഊർജ്ജപഥങ്ങളെപ്പറ്റിയുള്ള ലേഖനപരമ്പര വായിക്കുമ്പോൾ എന്നിൽ പൊന്തിവരുന്ന ചോദ്യങ്ങളിൽ ചിലത് ഇങ്ങനെ. സൂക്ഷ്മതലത്തിലും സ്ഥൂലതലത്തിലും വിവിധ ഊർജ്ജങ്ങളുടെ പ്രവാഹവും പ്രവർത്തനവും വിശകലനം ചെയ്തുകൊണ്ടിരിക്കുക ആരുടെയാവശ്യമാണ്? ഒരു ശ്രീകോവിലിനെ നവഗ്രഹോർജ്ജം സ്വീകരിക്കാനാവുംവിധം നിർമ്മിച്ചിരിക്കുന്നു എന്ന് പറയുമ്പോൾ എത്രമാത്രം അത് വിശ്വാസയോഗ്യമാണ്? ആന്റിക്ളോക്ക്വൈസ് സ്പൈറൽ രൂപത്തിൽ താരാപഥങ്ങളെ സങ്കല്പിച്ച വാങ്ഗോഖുമായി സംവദിക്കാവുന്നവർ എത്രപേരുണ്ടാവും? സ്വന്തം ആത്മനവീകരണത്തിനല്ലാതെ മറ്റൊരു പ്രായോഗികവശവും

ഇല്ലാത്ത സവിശേഷ സിദ്ധികൾ ഒരു നിമിഷത്തേയ്ക്ക്പോലും എന്തിനുവേണ്ടി നമ്മെ ആകർഷിക്കണം? സ്വന്തം ആത്മാവ് പ്രകാശിതമല്ലെങ്കിൽ വൃക്ഷത്തലപ്പുകളിൽ 'ഓറ' കണ്ടുപിടിച്ചിട്ട് എന്തുനേടാൻ?

**അനൂപ്**

എല്ലാ ആനന്ദാനേഷണങ്ങളും ബ്രഹ്മത്തെതേടൽ തന്നെയാണ് ,തേടുന്നവൻ അറിയുന്നില്ല എന്നു മാത്രം . ബ്രഹ്മാനന്ദമാണ് പരമസുഖം. ഊർജ്ജ സംരക്ഷണത്തെപ്പറ്റി ഒന്നും അറിയാത്ത സാധാരണക്കാർക്കു വേണ്ടി ഊർജ്ജശരീരത്തെ സംരക്ഷിക്കാനുള്ള ലളിതമായ ചിട്ടകൾ ആചാരങ്ങളും പണ്ടുള്ളവർ ഒരുക്കിയിരുന്നു . ആരതി ഉഴിയുന്നതും ,തുളസിയുടെ സാമീപ്യവും ,മുങ്ങിക്കുളിയുമെല്ലാം ഊർജശരീരത്തെ ശുദ്ധീകരിയ്ക്കുന്നു. ഊർജ്ജം യഥേഷ്ടം ആർജ്ജിക്കാനുള്ള മാർഗ്ഗങ്ങളിൽപ്പെട്ടതാണ് യോഗ. .ഊര്ജ്ജത്തിന്റെ നിയമങ്ങൾ മനസ്സിലാക്കി ശരീരത്തിലെ ഊർജനില ഉയർത്തിക്കൊണ്ടു വന്നാലെ മനുഷ്യശരീരം എന്ന മഹാത്ഭുതത്തിന്റെ സാദ്ധ്യതകൾ മൻസ്സിലാക്കാനാവൂ . ഊർജ്ജ കൈമാറ്റ / മോഷണത്തെ ക്കുറിച്ച് അറിയുന്നത് ആത്മീയ ജീവിതത്തിലും സഹായകമാണ് .അടുത്ത് വരുന്ന ആളുകളുടെ എനർജി സെൻസ് ചെയ്യാൻ കഴിവുണ്ടെങ്കിൽ /ഓറ കാണാൻ കഴിയുമെങ്കിൽ ആളെ മനസ്സിലാക്കാൻ ഏതാനും നിമിഷങ്ങൾ മതി.

**ജോസഫ് മറ്റപ്പള്ളി**

സാക്കിന്റെ ഹൃദയത്തിൽ തൊട്ടുള്ള കുറിപ്പിന് തക്കതായ മറുപടിയാവില്ല ഞാൻ കുറിക്കുന്നത്. ഇത് അന്ധകാരത്തിൻറെ കാലമാണ്. വെളിച്ചത്തിന്റെ സ്പുലിംഗങ്ങൾക്ക് അങ്ങിങ്ങ് നിലയുറപ്പിക്കാൻ കഴിയുന്നൂവേന്നെയുള്ളൂ. സാക്ക് പറഞ്ഞത് 1000 ശതമാനവും ശരിയാണ്. ഈ അറിവുകൾ എന്നല്ല ഒരറിവും ആവശ്യമില്ല പരമാത്മാവിൽ എത്തിച്ചേരാൻ. അറിവുകൾ ഇല്ലാതെ ശൂന്യവത്കരിക്കപ്പെടുകയാണ് ആത്മീയ മുന്നേറ്റത്തിൽ പ്രസക്തിയുള്ളതും. അറിവുകൾ അന്വേഷിക്ക് ഭാരം ആവുക തന്നെ ചെയ്യും. പക്ഷെ, ശാസ്ത്ര സത്യങ്ങളെ പാടെ അവഗണിച്ചു കൊണ്ട് ഒരു വിശ്വാസ സംഹിത രൂപപ്പെടുത്താൻ മതങ്ങൾ ശ്രമിക്കുമ്പോൾ ഇത്തരം ലേഖനങ്ങൾക്ക് പ്രസക്തിയുണ്ട്. പ്രസിദ്ധമായ Jesus the Zealot എന്ന റെസ്സാ അസ്ലാന്റെ ചരിത്രത്തിലെ യേശുവിനെ പരിചയപ്പെടുത്തുന്ന ഗ്രന്ഥവും, ഡാവിഞ്ചി കോഡ് ആധാരമാക്കിയ Holy Blood, Holy Grail എന്ന പുസ്തകവുമൊക്കെ അവസാനിക്കുന്നത് ചുരുക്കത്തിൽ പറഞ്ഞാൽ ഈ ജ്ഞാനമൊക്കെ എന്തിന് എന്ന് പരോക്ഷമായി ചോദിച്ചു കൊണ്ടാണ്.

അടുക്കി വെച്ചാൽ ഒരു പക്ഷെ ചന്ദ്രനോളം വരെ വന്നേക്കാവുന്ന ജ്ഞാനഗ്രന്ഥങ്ങളെല്ലാം അർത്ഥമാക്കുന്നത് പരമമായ സ്നേഹത്തിൽ എത്തിച്ചേരുകയാണ് പരമ പ്രധാനം എന്ന് തന്നെയാണ്. അതിനുള്ള നേർവഴി ലളിതമായി പറഞ്ഞു തന്ന യേശു അതുകൊണ്ട് തന്നെ എനിക്കെന്നും ഗുരുവാണ്, ഗുരുക്കന്മാരുടെ ഗുരു. പക്ഷെ, ഇതിൻറെ അർത്ഥം ബാക്കിയെല്ലാം തെറ്റെന്നല്ല.

നഗരത്തിലേക്ക് പോവാൻ അനേകം മാർഗ്ഗങ്ങളുണ്ടല്ലോ, ബസ്സ് മുതൽ സൈക്കിൾ വരെ. ഓരോന്നും അതിൻറേതായ പരിമിതികളോടെ ഉപയോഗിച്ചാലെ പ്രയോജനപ്പെടൂ. ഒരാൾ ഏതു മാർഗ്ഗം ഉപയോഗിക്കുന്നുവെന്നല്ല അത് നന്നായി ഉപയോഗിക്കുന്നുണ്ടോ എന്നതാണ് ചോദ്യം. ആ മാർഗ്ഗത്തിൽ ചരിക്കുന്നവരെയെല്ലാം വളരെ ബഹുമാനത്തോടെയെ ഞാൻ കാണുന്നുള്ളൂ, ഹിന്ദുവായാലും മുസ്ലീമായാലും. ശാസ്ത്ര/ഗൂഢ സത്യങ്ങളെല്ലാം ഒപ്പം അണിനിരത്തിക്കൊണ്ട് ബൈബിൾ വായിച്ചാൽ ആരും സമ്മതിക്കും, ബൈബിൾ ഒരു ശാസ്ത്ര ഗ്രന്ഥം തന്നെ. അതിനെ ഒരു മത ഗ്രന്ഥമായി വ്യാഖ്യാനിക്കുന്നവർ അറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ പറഞ്ഞല്ലേ ഒക്കൂ. സാക്ക് എവിടെ വരെ വളർന്നു എന്നതല്ല എന്നെ അലട്ടുന്ന ചോദ്യം. സാക്ക് അദ്ദേഹത്തിന്റെ ധർമ്മം എത്ര ഭംഗിയായി നിറവേറ്റി എന്നതാണ്. ഈ പ്രപഞ്ചത്തിന്റെ സൗന്ദര്യവും നിലനിൽപ്പിന്റെ രഹസ്യവും വൈവിദ്ധ്യമാണ്. ഒരു മനുഷ്യ ശരീരത്തിൽ എല്ലാ കോശങ്ങളും കണ്ണുകൾ മാത്രമായി പരുവപ്പെട്ടിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ഓരോരുത്തർക്കും അവരവരുടേതായ ദൌത്യങ്ങളുണ്ട്, ചിലർക്ക് നായക വേഷം, ചിലർക്ക് വില്ലൻ വേഷം. കിട്ടുന്നതെന്തോ അത് മനസ്സിലാക്കി ഓരോരുത്തരും പ്രവൃത്തിക്കുക. എന്നെ ദൈവം ഏൽപ്പിച്ച പ്രവൃത്തി ഇതാണ് എന്നുള്ള ഉത്തമ ബോദ്ധ്യത്തോടെയാണ് 'അറിഞ്ഞതും അറിയേണ്ടതും' ഞാൻ എഴുതുന്നത്. ഒരു സത്യം പറയട്ടെ, ഇങ്ങിനെ ഒരു പരമ്പര മനസ്സിൽ കണ്ടുകൊണ്ടല്ല ഇതിൻറെ ആദ്യത്തെ പോസ്റ്റ് പ്രണവത്തിൽ ഇട്ടത്.

# ഊർജ്ജ വലയങ്ങൾ

## 10

മനുഷ്യശരീരത്തെ ആകമാനം ആവരണം ചെയ്തിരിക്കുന്ന സൂഷ്മോർജ്ജ മേഖലകളെപ്പറ്റിയുള്ള പഠനം പാശ്ചാത്യ രാജ്യങ്ങളില് വ്യാപകമാണ്. 1911 ൽ ഡോ. വാൾട്ടർ കിൽമർ ആണ് ഓറാ നോക്കി രോഗങ്ങൾ മനസ്സിലാക്കുന്ന വിദ്യ ആവിഷ്കരിച്ചത്. ഇത് കാണാൻ സഹായിക്കുന്ന ഉപായങ്ങൾ പുരാതന ബുദ്ധമഠങ്ങളിൽ ഉണ്ടായിരുന്നുവെന്ന് അവരുടെ തന്നെ കൃതികൾ സാക്ഷ്യപ്പെടുത്തുന്നു. ഒരു പ്രത്യേക ഔഷധ കൂട്ട് നിറച്ച പാത്രത്തിലേക്ക് നോക്കി അവർ ഇത് കാണുമായിരുന്നു. വിവിധ വർണ്ണങ്ങളിലുള്ള സദാ ചലിച്ചു കൊണ്ടിരിക്കുന്ന കണ്ണാടികളിലൂടെ പ്രതിശ്ചായ കടത്തിവിട്ട് ഊർജ്ജശരീരം കാണുന്ന ഉപകരണവും അവർക്കുണ്ടായിരുന്നു. എല്ലാം ഹിമാലയ പർവ്വതനിരയിലെ ഏതോ ഒരു മലമടക്കിലുള്ള ഗുഹയിൽ അഭംഗുരം സൂക്ഷിച്ചിരിക്കുന്നുവത്രേ. ഇന്ന് ഓറാ ഗോഗ്ഗിൾസ് (കണ്ണടകൾ) വിദേശ മാർക്കറ്റുകളിൽ വാങ്ങാൻ കിട്ടും.
മനുഷ്യശരീരത്തിനു ചുറ്റുമുള്ള ഈ ഊർജ്ജ മേഖലയെയാണ് ബയോ എനർജിഫീൽ!ഡ്, ഹ്യൂമൻ എനർജി ഫീൽ!ഡ് (HEF), ഓറാ (Aura) എന്നൊക്കെയുള്ള പദങ്ങൾ കൊണ്ട് വിശേഷിപ്പിക്കുന്നത്. ഈ ബയോപ്ലാസ്മിക് ഊർജ്ജ മേഖല, വസ്തുവിൻറെ ഖരം, ദ്രവം, വാതകം, പ്ലാസ്മ അവസ്ഥകൾക്കും മുകളിലാണെന്ന് വാദിക്കുന്നവരും ഉണ്ട് (Dr. Victor Inyushim – Kazak Universtiy). ശരീരകോശങ്ങളിൽ നിന്ന് വമിച്ചുകൊണ്ടിരിക്കുന്ന, അല്ലെങ്കിൽ അങ്ങോട്ട് എത്തികൊണ്ടിരിക്കുന്ന ബഹുലക്ഷം കോടി കോടി ഊർജ്ജ തരംഗങ്ങളുടെ ഒരു വൻകടൽ തന്നെയാണ് ബയോ എനർജി ഫീൽ!ഡ്, ഇവിടെ, ശരീരത്തിൻറെ എല്ലാ മേഖലകളെയും പ്രതിനിധീകരിച്ചുള്ള ഊർജ്ജ രശ്മികളുണ്ട്. ഈ വലയങ്ങൾ ഒന്നിന് മുകളിൽ ഒന്നായി ചിത്രീകരിക്കപ്പെടുന്നത് മനസ്സിലാക്കാനുള്ള സൌകര്യത്തിനു വേണ്ടി മാത്രമാണ്. ഭൌതിക ശരീരത്തിനോട് ചേർന്നുള്ള ഏഴു തലങ്ങൾ ആണ് കൂടുതലായും പരാമർശിക്കപ്പെടുന്നത് എന്നത് കൊണ്ട് ഏഴു തലങ്ങളെ ഉള്ളൂവെന്ന് കരുതരുത്. അനാദിവരെ നമ്മെ ബന്ധിപ്പിക്കുന്ന എത്ര അതിസൂഷ്മ തലങ്ങളാണ് അതിലുള്ളതെന്ന് ആരും തിട്ടപ്പെടുത്തിയിട്ടില്ല. ചിത്രം ശ്രദ്ധിക്കുക.

ഒന്നാമത്തെ മേഖല ഭൌതികവലയമാണ്. രണ്ടാമത്തെത് വൈകാരിക വലയം, മൂന്നാമത്തേത് മാനസിക വലയവും നാലാമാത്തേത് മുതൽ ആത്മീയ വലയങ്ങളുമാണ്. ഇത്രയും കാണാൻ കഴിഞ്ഞാൽ, ഒരു മനുഷ്യൻറെ ഉള്ള് ഒരു തുറന്ന പുസ്തകം പോലെ ആർക്കും വായിക്കാം. ഊർജ്ജശരീരങ്ങളെപ്പറ്റി കേട്ടിട്ടേയില്ലാത്തവർക്ക് മനസ്സിലാക്കാവുന്ന രീതിയിൽ മാത്രം വിശദീകരണങ്ങൾ പരിമിതപ്പെടുത്തിയാണ് ഇതെഴുതുന്നത്. ഭൌതിക ശരീരത്തിലെ രോഗ കാരണങ്ങൾ ഭൂരിഭാഗവും ഊർജ്ജ ശരീരത്തിൻറെ പ്രാഥമിക വലയങ്ങളിൽ കാണും. അവയാണ് പ്രാണിക് ഹീലിംഗ് സമ്പ്രദായത്തിലൂടെ ഒഴിവാക്കി രോഗശമനം സാധിക്കുന്നത്. ഏതാണ്ട് ഒരു മുട്ടയുടെ ആകൃതിയാണ് ഊർജ്ജ ശരീരത്തിനുള്ളത്. ഗ്രാമങ്ങളിൽ സാധാരണ ഒരാളുടെ ഊർജ്ജ ശരീരത്തിൻറെ പ്രാഥമിക വലയങ്ങൾക്ക് ആറടി വ്യാസം കാണാം. ആളുകൾ ഇടതിങ്ങി പാർക്കുന്നിടങ്ങളിൽ ഇത് പകുതിയായി കുറയും. വളരെ ശക്തിയേറിയ ഊർജ്ജശരീരങ്ങളുള്ള ഗുരുക്കന്മാരുടെ പ്രാഥമിക വലയത്തിൻറെ വ്യാപ്തി ബഹുശതം കിലോമീറ്ററുകളോളം വരാം.

ഈ ഊർജ്ജശരീരം എത്രമാത്രം തെളിമയോടെ പരമാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നോ അത്രയും ശക്തമായ ഒരു ഊർജ്ജ സംഭരണിയുമായിരിക്കും ഈ വലയങ്ങൾ. അതിലൂടെ ലഭിക്കുന്ന സൂഷ്മോർജ്ജവും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഭക്ഷണത്തിലും സൂഷ്മോർജ്ജത്തിൻറെ അംശമുണ്ട്. സാത്വിക ഭക്ഷണങ്ങൾ നിഷ്കർഷിക്കപ്പെടുന്നതിൻറെ കാരണം ഇതാണ്. ശരീരത്തിന് ഇതിനെപ്പറ്റി വേവലാതി ഇല്ലെങ്കിലും അബോധമനസ്സിനുണ്ട്. ശരീരത്തിലെ 90% ദൌത്യങ്ങളും നിയന്ത്രിക്കുന്നത് അബോധമനസ്സാണെന്ന് അറിയാത്തവരില്ലല്ലോ. ബോധം കൊണ്ട് ആഹാരം ദഹിപ്പിക്കാനും ഹൃദയതാളം നിയന്ത്രിക്കാനുമൊന്നും മനുഷ്യനാവില്ല. രണ്ടു പേർ അടുത്തുവന്നുവെന്നു പറഞ്ഞാൽ രണ്ടു പേരുടെയും ഊർജ്ജശരീരങ്ങൾ പ്രതിപ്രവർത്തിക്കുന്നു എന്ന് സാരം. വളരെ എളുപ്പത്തിൽ കൂടുതലുള്ളിടത്തു നിന്ന് കുറഞ്ഞതിലേക്ക് ഊർജ്ജത്തിൻറെ ഒരു ഒഴുക്ക് ഉണ്ടാവും. രണ്ടിൻറെയും ഊർജ്ജ സ്ഥിതി തുല്യമാകുന്നത് വരെ ഇത് തുടരും. അതുകൊണ്ടാണ് ചന്തയിലും തിരക്കിലും പെട്ട് മടങ്ങുന്നവർക്ക് അകാരണമായ ക്ഷിണം അനുഭവപ്പെടുന്നത്. രണ്ടോ അതിലേറെയോ ഊർജ്ജ ശരീരങ്ങൾ ഒന്നായും പ്രവർത്തിക്കും. ഇങ്ങിനെ പ്രവർത്തിക്കണമെങ്കിൽ അവ തീവ്രമായ പരസ്പര സ്നേഹം കൊണ്ട് ജ്വലിക്കുക തന്നെ വേണം. പ്രേമത്തെ

സൂചിപ്പിക്കുന്ന അടയാളം. സ്വർഗ്ഗത്തിലേക്കുള്ള പാത ഇടുങ്ങിയതാണെന്ന യേശുവിൻറെ വചനം ഗ്രഹിക്കാൻ സ്നേഹത്തിൻറെ ഈ സവിശേഷത മനസ്സിലാക്കിയാൽ മാത്രം മതി. അതിരുകളില്ലാത്ത, പരിമിതികളില്ലാത്ത, വ്യവസ്ഥകൾക്കതീതമായ ദൈവം എന്ന സ്നേഹത്തിൻറെ മൂല ബോധത്തിൽ എത്തിച്ചേരണമെന്നുണ്ടെങ്കിൽ പ്രപഞ്ചത്തിലുള്ള സർവ്വതിനെയും സ്നേഹം കൊണ്ട് സ്വാംശീകരിച്ച് ഒന്നായി ചുരുക്കിയവനേ സാധിക്കൂ. ബുദ്ധ സൂക്തങ്ങളിൽ 'സംഘം ശരണം ഗച്ഛാമി' എന്നൊരു പ്രമാണം ഉണ്ട്. സത്ജനങ്ങൾ കൂട്ട് ചേർന്ന് പരസ്പരം വളരണം എന്നാണ് അതുദ്ദേശിക്കുന്നത്. സമാന സ്വഭാവമുള്ള കാന്തിക തരംഗങ്ങൾ ഒന്ന് ചേർന്ന് കൂടുതൽ ശക്തിയേറിയ ഒരു കാന്തിക മേഖലക്ക് രൂപം കൊടുക്കും എന്നതുപോലെയാണിവിടെയും; സത് സംഗിലൂടെ ഓരോരുത്തരുടെയും ഊർജ്ജ ശേഷി വർദ്ധിക്കും. ദുർജ്ജനങ്ങളുമായുള്ള സമ്പർക്കം, സമ്പാദിച്ച സാത്വികൊർജ്ജത്തെ അപ്പാടെ ദഹിപ്പിക്കാൻ പോന്നതാണ്. ഒരാളുടെ കൂട്ട്കെട്ട് ആരൊക്കെയായിട്ടാണ് എന്നറിഞ്ഞാൽ അയാളുടെ ഊർജ്ജ സ്ഥിതി അതായത് സ്വഭാവം എന്തായിരിക്കുമെന്ന് പ്രവചിക്കാൻ പ്രത്യേക സിദ്ധിയൊന്നും ആവശ്യമില്ല. വ്യത്യസ്ഥ സാഹചര്യങ്ങളിലും വിശുദ്ധി നിലനിർത്തുന്ന ഒരു ഗ്രഹസ്ഥൻ ഒരു താപസ്സനെക്കാൾ മൂന്നുമടങ്ങ് അനുഗ്രഹീതനാണെന്ന് നേരത്തെ ഞാൻ പറഞ്ഞിരുന്നു.

എന്ത് മാത്രം ഊർജ്ജം നഷ്ടപ്പെട്ടിട്ടും ആചാര്യന്മാരെന്തേ പിന്നെയും ഉന്മേഷവാന്മാരായി തുടരുന്നു എന്ന് ന്യായമായും സംശയിക്കാം. ഉത്തരം വ്യക്തമല്ലേ? അവർ ഈശ്വരന് എന്ന ഊർജ്ജ ശ്രോതസ്സുമായി സദാ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. മെയിൻ ടാങ്കുമായി നേരിട്ടുബന്ധിപ്പിച്ച ഒരു ടാപ്പായി അവർ പ്രവർത്തിക്കുന്നു. അവരിൽ നിന്ന് ശക്തി ചോരുന്നത് അവരെന്തിന് പ്രശ്നമാക്കണം? അക്ഷരാർത്ഥത്തിൽ ഇതുപോലെ ശക്തരായ നായകന്മാരാണ് പുരോഹിതരായി എല്ലാ മതങ്ങളിലും ഉണ്ടാവേണ്ടത്. ഇവർ കുടിക്കുന്നത് ദൈവത്തിൽ നിന്നും ഒഴുകുന്ന അമൃതായത് കൊണ്ട് ചില സവിശേഷതകൾക്കൊണ്ട് അവരെ തിരിച്ചറിയാം. അവർ എപ്പോഴും എന്തിനെയും സ്നേഹിക്കും, അവർ എപ്പോഴും സന്തോഷവാന്മാരായിരിക്കും, അവർക്ക് സർവ്വതും സ്വീകാര്യമായിരിക്കും, അവർക്ക് എല്ലാത്തിനോടും നന്ദിയുണ്ടായിരിക്കും, അവർ എല്ലാത്തിനെയും അനുഗ്രഹിച്ചുകൊണ്ടുമിരിക്കും. ഈ അഞ്ചു ദൈവിക ഗുണങ്ങൾ ആരിലെങ്കിലും കണ്ടാൽ എല്ലാം ഉപേക്ഷിച്ച് അവരെ അനുഗമിക്കുന്നതിൽ ഒരു തെറ്റുമില്ല. അല്ലാത്തവരുടെ പിന്നാലെ പോയാൽ നഷ്ടമേ നിങ്ങൾക്കുണ്ടാവൂ.

**സക്കറിയാസ് നെടുങ്കനാൽ**

26.7.7 ൽ എന്റെ ഡയറിയിൽ കുറിച്ചിട്ടിരുന്ന ഈ ചിന്ത ഇവിടെ ചേരുമെന്ന് വിചാരിക്കുന്നു. അന്തരീക്ഷത്തെപ്പറ്റിയാണത്. അന്തർഭാഗത്തുള്ള ജഗത്തോടുകൂടിയത് എന്നാണ് അന്തരീക്ഷത്തിന്റെ അക്ഷരാർഥം. ഭൂമിക്ക് അതിന്റെ അന്തരീക്ഷം ഒരു ബാഹ്യജഗത്തിന്റെ, ബാഹ്യ ലോകത്തിന്റെ, ബാഹ്യാവരണത്തിന്റെ പ്രയോജനം ചെയ്യുന്നുണ്ട്.

മറ്റൊരർഥത്തിൽ അന്തരീക്ഷം ആകാശത്തിനും ഭൂമിക്കുമിടക്കുള്ളത് ഋക്ഷങ്ങൾ (നക്ഷത്രങ്ങൾ) ഉള്ളയിടം ആണ്. ഭൂമിക്ക് ഈ ആവരണമുള്ളതുകൊണ്ടാണ്, നിസ്സാരമല്ലാത്ത വേഗത്തിൽ സ്വയം കറങ്ങുകയും സൂര്യന് ചുറ്റും ഓടിക്കൊണ്ടിരിക്കുകയും ചെയ്തിട്ടും, നമ്മൾ ഭൂനിവാസികൾക്ക് ഈ വേഗങ്ങൾ അനുഭവപ്പെടാത്തത്. കാരണം, അന്തരീക്ഷവും ഒരു കവചമെന്നോണം ഭൂമിയോടൊപ്പം സഞ്ചരിക്കുന്നു.

ഈ സംവിധാനം ഒരോന്നിനുമനുയോജ്യമായ രീതിയിൽ ഓരോ ജീവിയേയും ജീവകോശത്തെയും പൊതിഞ്ഞുമുണ്ട്. ഈ ആവരണവും പേറിക്കൊണ്ടാണ് അവയെല്ലാം ചരിക്കുന്നത്. നമ്മളും അങ്ങനെത്തന്നെ. ഈ കവചത്തിനു പുറത്തു കടന്നാൽമാത്രമേ മറ്റൊരു ജീവിയുമായി സംസർഗം, സംവേദനം സാദ്ധ്യമാകൂ. അല്ലാത്തിടത്തോളം അഹത്തിന്റെ സ്വന്തം ഗുരുത്വം ഐക്യത്തെ ത്ടഞ്ഞുകൊണ്ടിരിക്കും.

മറ്റൊരു വ്യക്തിയുടെ ഊർജ്ജവലയത്തിലേയ്ക്കുള്ള പ്രവേശനാനുമതിയായി സ്നേഹത്തെ കണക്കാക്കാം. അത് ഉഭയപ്രക്രിയയാവുംപോൾ അനുരാഗവും തദ്ജന്യമായ ആനന്ദവും ഉണ്ടാവുന്നു.

**പ്രണവം**

ധ്യാനം, ഉൾക്കാഴ്ച ഇതൊക്കെ ആധുനിക മതങ്ങൾക്ക് അന്യം. പക്ഷെ ഈ രീതിയിൽ ചിന്തിക്കുകയും പ്രത്യാശയോടെ മുന്നേറുകയും ചെയ്യുന്ന ശ്രീ. സാക്ക് വളരെ മുന്നേ പോയിരിക്കിന്നുവെന്ന് അദ്ദേഹത്തിൻറെ കുറിപ്പ് സൂചിപ്പിക്കുന്നു. ശാസ്ത്രവും മതവും ഒരേ ദിശയിൽ തന്നെ സഞ്ചരിക്കുന്നു. ശ്രീ. മറ്റപ്പള്ളിയുടെ വിശദീകരണത്തിന് കുറേക്കൂടി തെളിമ വരാൻ ഈ കുറിപ്പ് സഹായിക്കുന്നുവെന്ന് വ്യക്തം.

**സക്കറിയാസ് നെടുങ്കനാൽ**

15. 10. 07. വൈകീട്ട് ഒരു വ്യായാമത്തിനായി ഞാൻ ഓടാൻ പോകുന്ന വഴിത്താരയിൽ ഇടക്കൊന്നു നിന്നപ്പോൾ യാദൃശ്ചികമായിട്ടാണ് മുകളിലേയ്ക്ക് നോക്കിയത്. വഴിയുടെ ഇരു വശങ്ങളിലായി 20 മീറ്ററെങ്കിലും അകലത്തിൽ ദീർഘകായന്മാരായ രണ്ടു മരങ്ങൾ നില്പുണ്ടായിരുന്നു. അവയുടെ ഇടതൂർന്നയഗ്രങ്ങൾ തമ്മിൽ അന്തരീക്ഷത്തിൽ കോർത്തുപിണഞ്ഞ് ഒന്നുചേർന്നു നില്ക്കുന്നു! അത് സാദ്ധ്യമെന്നു ഊഹിക്കാനാവില്ലായിരുന്നു. കാരണം, തായ്ത്തടികൾ തമ്മിൽഅത്രക്കകലമുണ്ട്. മരങ്ങളിലൊന്നു മുകളിലെത്തുമ്പോൾ പടിഞ്ഞാറോട്ടും മറ്റേതു കിഴക്കോട്ടും ചരിഞ്ഞു നിന്നാണ് ഇങ്ങനെ സംപർക്കം പുലർത്തുന്നത്. അവയ്ക്കുമുണ്ടായിരിക്കണം സ്പർശനസുഖങ്ങൾ. അവരും അതിനുള്ള വഴി തേടുന്നുണ്ടാവണം. നമ്മുടെ കാഴ്ച്ചയിൽ വേറിട്ട് നില്ക്കുന്ന മരങ്ങൾ തീർച്ചയായും മണ്ണിനടിയിൽ വേരുകളിലൂടെ പരസ്പരം സ്പർശിച്ച് വിനിമയമയം നടത്തുന്നുണ്ടെന്നത് തീർച്ച.

മരം  രണ്ടക്ഷരമുള്ള ഒരു ശബ്ദം. മനുഷ്യശരീരഭാഗങ്ങൾ മിക്കവാറും രണ്ടക്ഷര നാമങ്ങൾ വഹിക്കുന്നു എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? തല, മുഖം, കണ്ണ്. ചെവി, മൂക്ക്, ചുണ്ട്, ... ഉള്ളിലും പുറത്തുമുള്ള മിക്ക അവയവയങ്ങളുടെയും ഭാഷാനാമങ്ങൾ ഇത്തരമാണ്.

**ജോസഫ് മറ്റപ്പള്ളി**

Awareness ആണ് ഒരു അന്വേഷിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണം. ചുറ്റും കാണുന്നതിൽ നിന്ന് മനസ്സിലാക്കാനും പഠിക്കാനും ധാരാളം, ഒപ്പം 'ഞാൻ എവിടെയാണ്?' എന്ന് അനുനിമിഷം തിരിച്ചറിഞ്ഞുകൊണ്ട് ജീവിക്കാനും ഇത് നമ്മെ സഹായിക്കും. ഒരാളുടെ ദൌത്യം നിറവേറ്റപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനും ഇതിലൂടെ ഒരാൾക്ക് കഴിയും. പ്രകൃതി എപ്പോഴും പുതിയ പുതിയ മുഖങ്ങളും ഭാവങ്ങളുമായി നമ്മുടെ മുമ്പിലുണ്ട്. നമുക്ക് വേണ്ട എല്ലാ പാഠങ്ങളും പ്രകൃതി നിശ്ശബ്ദമായി നമുക്ക് തരുന്നുണ്ടെന്നു നാം അറിയുന്നില്ലെന്നെയുള്ളൂ. സ്വസ്ഥമായിരുന്നു ചുറ്റും നിന്ന് വരുന്ന ശബ്ദങ്ങൾ ഒന്ന് ശ്രദ്ധിക്കൂ. നാം ഒരിക്കലും കേൾക്കാത്ത ശബ്ദങ്ങൾ നാം കേട്ടെന്നിരിക്കും. മണ്ണിൻറെ മണവും വേർതിരിച്ചു ആസ്വദിക്കാനും അത് സഹായിക്കും. സാക്കിൻറെ നിരീക്ഷണം വളരെ ഹൃദയസ്പർക്കാണ് പ്രപഞ്ചത്തിൽ കൌതുകത്തിന് വേണ്ടി പരസ്പരം കൊല്ലുന്ന ഒരേ ഒരു വർഗ്ഗമായ മനുഷ്യൻ ചരാചരങ്ങൾ തമ്മിലുള്ള സ്നേഹം കാണുമ്പോൾ ലജ്ജിക്കണം. പക്ഷെ അവയെയും നാം പരസ്പരം പോരാടാൻ പ്രേരിപ്പിക്കുന്നുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. ഓരോ സസ്യവും പരമാവധി മറ്റുള്ളതിനു വേണ്ടി ഉപയോഗിക്കപ്പെടാൻ കൊതിക്കുന്നു. അത് സത്യമാണ്. ബോധത്തിൻറെ ആവേശം കൂടുതലാകുമ്പോൾ ആ പ്രേരണയിൽ നിന്ന് ഒളിച്ചോടാൻ ഓരോന്നും ശ്രമിക്കുന്നു. പരിണാമം മനുഷ്യൻ വരെയായപ്പോൾ തത്ത്വം നേരെ തിരിച്ചായി, എല്ലാം എനിക്കുവേണ്ടി എന്നോ അല്ലെങ്കിൽ നമുക്കുവേണ്ടി എന്നോ ഒക്കെ ആയി. ഒരു ചെടിയിൽ ഒരു പൂവുണ്ടാകുമ്പോൾ അത് മനോഹരമാക്കാൻ വേണ്ടി ആ ചെടിയിലെ മറ്റെല്ലാ അംശങ്ങളും ഒരു പടി താഴുന്നു  സ്വയം. അതിൻറെ സൌന്ദര്യത്തിനുവേണ്ടി ഇലകളും കമ്പുകളും തടിയും വേരുകളും എല്ലാം അദ്ധ്വാനിക്കുന്നു.

പ്രപഞ്ചത്തിലെ ഈ സ്വർഗ്ഗീയ താളം മനുഷ്യൻ അനുവർത്തിച്ചിരുന്നെങ്കിലോ? ഇവിടുത്തെപ്പോലെ അവിടെയും ആകണമേയെന്നു ദൈവങ്ങൾ പ്രാർഥിച്ചേനെ. അതിനു നമുക്ക് കഴിയുമോ? കഴിയേണ്ടതാണ്.

# ഊർജ്ജ മോഷണം

## 11

മനുഷ്യരുടെ പെരുമാറ്റം ശ്രദ്ധിച്ചാൽ എത്രയും കൂടുതൽ ഊർജ്ജം എങ്ങിനെയും സമ്പാദിക്കാനുള്ള ഒരു വ്യഗ്രത കാണാൻ കഴിയും. ഇവിടെ, ഉപബോധമനസ്സിൻറെ ഇംഗിതത്തിനനുസരിച്ചാണ് അവൻറെ പെരുമാറ്റരീതി തന്നെ. ആരാധനാലയങ്ങളിലേക്കും, ആചാര്യ സന്നിധാനങ്ങളിലേക്കും, പുണ്യ സ്ഥലങ്ങളിലേക്കും, യോഗാ ക്രമങ്ങളിലേക്കുമെല്ലാം ഓരോരുത്തരെയും നയിക്കുന്നത് ഉപബോധ മനസ്സ് സൃഷ്ടിക്കുന്ന ഈ ഉൾപ്രേരണമൂലമാണ്. പുറത്തു നിന്നുള്ള പ്രേരണയല്ല അടിസ്ഥാനപരമായി ഒരുവനെ സത്യാന്വേഷി ആക്കുന്നതെന്ന് സാരം. ഒരു രോഗിയുടെ അടുത്ത് ഏറെ നേരം ആയിരിക്കുന്ന ഒരാൾ ക്ഷിണിതനായി മടങ്ങുന്നത് രോഗിയുടെ അബോധമനസ്സ് അടുത്തു വന്നവൻറെ സൂഷ്മോർജ്ജം ചോർത്തിയെടുത്തതുകൊണ്ടാണ്. രോഗിക്കത് ആശ്വാസം നൽകും. വാസ്തവത്തിൽ ഗുരുതരമായി കാണേണ്ട ഒരു കാര്യം തന്നെയാണ് വ്യാപകമായ ഈ ഊർജ്ജ ശോഷണം. ഒരാളുടെ ഉപബോധമനസ്സ് മറ്റൊരുവൻറെ ഉപബോധമനസ്സ് അറിയാതെയല്ല ഊർജ്ജം ചോർത്തുന്നത്, ചിലപ്പോൾ അത് ഉഭയസമ്മതപ്രകാരം ആയിരിക്കാം അല്ലെങ്കിൽ ബലപ്രയോഗത്തിലൂടെയായിരിക്കാം. അനന്ത സ്നേഹമായ ശ്രോതസ്സുമായി സദാ ബന്ധപ്പെട്ടിരിക്കുന്നവർ സ്വമനസ്സോടെ ഊർജ്ജം കൈമാറുന്നവരിൽ പെടും. വേറൊരാളുടെ സൌഖ്യം തീവ്രമായി ഇശ്ചിക്കുന്ന ഒരാൾ ഉള്ളത് നഷ്ടപ്പെടുത്തിയെന്നിരിക്കും. ഇങ്ങിനെയുള്ള ഊർജ്ജ കൈമാറ്റങ്ങൾ നോക്കെത്താത്ത ദൂരത്തുള്ള കേന്ദ്രങ്ങളുമായും സംഭവിക്കും.

ഉപബോധമനസ്സ് തട്ടിയെടുക്കുന്നത് സാത്വികൊർജ്ജം മാത്രമല്ല. ഏത് ഊർജ്ജ ശരീരത്തിലോട്ടാണോ അത് കടന്നു കയറുന്നത് ആ ശരീരത്തിലെ മാലിന്യങ്ങളുടെയും ആ ശരീരത്തിൻറെ കർമ്മ ദോഷങ്ങളുടെയും ഒരു വീതം കൂടി അത് സ്വന്തമാക്കും. സാത്വികജീവിതം നയിക്കുന്നവർക്ക് കൂട്ടം കൂടാൻ താൽപ്പര്യം കുറയും. പക്ഷെ തമസികാംശം കൂടുതലുള്ളവർ എപ്പോഴും അന്യരുടെ സഹവാസം ഇഷ്ടപ്പെടും, അവർക്കറിയാം, കൂട്ടുകെട്ടിലൂടെ സ്വന്തം അസ്തിത്വത്തിൽ വാരിക്കൂട്ടിയ മാലിന്യങ്ങൾ കുറെയെങ്കിലും ആർക്കെങ്കിലുമൊക്കെ വിതരണം ചെയ്യാമെന്ന്. അവിഹിത മാർഗ്ഗത്തിലൂടെ ഊർജ്ജ സംഭരണം നേടേണ്ടി വരുമ്പോൾ ഉണ്ടാകുന്ന അപകടമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഒരു സമൂഹമായി ജീവിക്കാനുള്ള മനുഷ്യൻറെ ത്വരയുടെ രഹസ്യം ഇതാണ്. ഒരു ശരീരത്തിലെ ഊർജ്ജം മുഴുവൻ ചോർന്നു പോയാൽ എന്ത് സംഭവിക്കും? ഫലം മരണം ആയിരിക്കേണ്ടതാണ്. പക്ഷെ, അങ്ങിനെയൊന്നു സംഭവിക്കാൻ ഉപബോധമനസ്സ് സമ്മതിക്കില്ല. എടുക്കാവുന്നതിൻറെ പരമാവധിക്കപ്പുറത്തെക്ക് കടക്കാൻ എളുപ്പമല്ല. കാട്ടാനയുടെ മുമ്പിൽ ചെന്നുപെട്ടാൽ നാം പേടിച്ചു വിറക്കുകയല്ലെയുള്ളൂ, മരിച്ചു വീഴുന്നില്ലല്ലോ?

ഭയം, ഒരുവനിലെ സൂഷ്മോർജ്ജം നഷ്ടപ്പെടുത്തുവാൻ ഇടയാക്കും. നഷ്ടപ്പെടുന്ന ഊർജ്ജം ഭയത്തിനു കാരണമായതിലേക്കാവും ഒഴുകുക. ശപിക്കപ്പെടുന്നവൻറെ പകുതി ഊർജ്ജം ശപിക്കുന്നവന് കിട്ടും എന്നൊരു വരം ദുർവ്വാസാവ് മഹർഷിക്കുണ്ടായിരുന്നല്ലോ. വളരെ സാധാരണമായി മിക്ക ഉപബോധമനസ്സുകളും അവലംബിക്കുന്ന സൂത്രമാണ് ബലപ്രയോഗം. അച്ഛനമ്മമാരും അദ്ധ്യാപകരുമൊക്കെ കുട്ടികളുടെ നേരെ കയർക്കുന്നുവെങ്കിൽ അതിൻറെ കാരണം ഇത് തന്നെ. അവർക്ക് വേണ്ടത്ര ഊർജ്ജം സമൃദ്ധമായി ഉണ്ടെങ്കിലോ, ആരുടേയും നേരെ കുതിരകയറാൻ ആരും തുനിയില്ല. കായിക കയ്യേറ്റമായും ഈ തന്ത്രം വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. അധികാരികളാണെങ്കിലും അമരക്കാരനായാലും അടിയാന്മാരാണെങ്കിലും ആരെയെങ്കിലും ഭീഷണിപ്പെടുത്താനോ കുറ്റപ്പെടുത്താനോ കിട്ടുന്ന അവസരങ്ങളൊന്നും പൊതുവേ കളയാറില്ല. മറ്റുള്ളവരിൽ ഒരു ഇൻഫിരിയോരിറ്റി കോമ്പ്ലക്സ് സൃഷ്ടിക്കുന്നതിലൂടെ അപരനെ അധമനാക്കി ഊർജ്ജാപഹരണം നടത്തുന്നതും വളരെ വ്യാപകമാണ്. ഈ വിഭാഗത്തിൽ അപവാദപ്രചാരണങ്ങൾ നടത്തുന്നവർ മാത്രമല്ല, കൂട്ടത്തിൽ പ്രത്യേക ഇരിപ്പടം ആവശ്യപ്പെടുന്നവരും പ്രത്യേക പരിഗണന ഇഷ്ടപ്പെടുന്നവരും ഉണ്ടാവും. ആവശ്യമില്ലാത്ത എല്ലാ വാർത്തകളും ആവശ്യമില്ലാത്തിടത്തൊക്കെ കടന്നു കയറി ശേഖരിക്കുന്ന ആളുകൾ പ്രഗൽഭരായ ഊർജ്ജ മോഷ്ടാക്കളാണ്. മറ്റുള്ളവരെ ചെറുതാക്കാൻ കിട്ടുന്ന ഒരവസരവും ഇവർ നഷ്ടപ്പെടുത്താറില്ല. മറ്റുള്ളവരെ എളിമപ്പെടുത്തി മാത്രമല്ല, സ്വന്തം സ്ഥാനം ഉയർത്തിയും

ചിലർ ശക്തരാവും. മുന്തിയ വീടും അതിനു ചേർന്ന ആഡംബരങ്ങളും എല്ലാം സ്വരുക്കൂട്ടുന്നവർ ഉദ്ദേശിക്കുന്നത് ശക്തി സംഭരണം അല്ലാതെ മറ്റെന്ത്? ചിലർ ഉപയോഗിക്കുന്നത് വേറൊരു തന്ത്രമാണ്. അവരോടെന്തു ചോദിച്ചാലും അവ്യക്തമായ ഉത്തരമേ ലഭിക്കൂ. എവിടെയൊക്കെ പോയിട്ടുണ്ടെന്ന് ചോദിച്ചാൽ 'ഒരുപാടിടത്ത്' എന്നേ അവർ മറുപടി പറയൂ. കേൾക്കുന്നവർക്ക് ലോകം മുഴുവൻ അയാൾ പോയിട്ടുണ്ടെന്ന് തോന്നുന്ന രീതിയിലായിരിക്കും ഉത്തരം പറയുന്നതും.

വളരെ വ്യാപകവും ഫലപ്രദവുമാണെന്ന് തെളിഞ്ഞ ഒരു തന്ത്രമാണ് അനുകമ്പ പിടിച്ചു പറ്റൽ. ഭിക്ഷക്കാർ മാത്രമല്ല ഈ മാർഗ്ഗം അവലംബിക്കുന്നത്, പിരിവുകാരും രാഷ്ട്രീയക്കാരുമെല്ലാം ഇതുപയോഗിക്കാറുണ്ട്. 'എൻറെ വീടും ബന്ധുക്കളുമെല്ലാം വെള്ളപ്പൊക്കത്തിൽ നശിച്ചു പോയി. ഞാൻ വികലാംഗനുമാണ് സഹായിക്കണം' എന്നൊരാൾ പറഞ്ഞാൽ അയാൾ ഉദ്ദേശിക്കുന്നത്, ദൈവം നിങ്ങൾക്കൊക്കെ ധാരാളം ഐശ്വര്യങ്ങൾ നൽകി, എനിക്ക് കിട്ടിയ യാതനകൾക്ക് നിങ്ങളും ഉത്തരവാദിയാണെന്നാണ്. ദൈവം അയാളോട് അനീതി കാട്ടിയല്ലോ, നഷ്ടപരിഹാരമായി ഞാൻ ഒരു വിഹിതം തരാം എന്ന് ചിന്തിച്ചു കൊണ്ട് ദാനം കൊടുക്കുന്നവൻ അവൻറെ ഊർജ്ജം ഏറെ നഷ്ടപ്പെടുത്തുന്നു. അനുകമ്പയ്ക്കുള്ള ഒരു പോരായ്മയാണിത്. ദൈവം നീതികേട് കാട്ടി എന്ന ചിന്തയും ദോഷം ചെയ്യും. ഇവിടെ അത്തരക്കാരെ കൈകാര്യം ചെയ്യേണ്ടത് സഹാനുഭൂതിയോടെയാണ് അല്ലാതെ സഹതാപത്തോടെയല്ല. ഊർജ്ജ മോഷണങ്ങളൊന്നും വൈദ്യുതി കടത്തിക്കൊണ്ടു പോകുന്നതു പോലെ ഒരു ചാലകത്തിലൂടെയല്ല സംഭവിക്കുന്നത്. ഈ കൈമാറ്റത്തിന് ഖരമാധ്യമം തന്നെ വേണമെന്നുമില്ല.

യേശുവിൻറെ വസ്ത്രാഞ്ചലത്തിൽ സ്പർശിക്കുക വഴി രോഗ സൌഖ്യം പ്രാപിച്ച രക്തശ്രാവക്കാരിയുടെ കഥ ബൈബിൾ പറയുന്നു. ഇതിൽ അസ്വാഭാവികമായി യാതൊന്നുമില്ല. യോഗികളുടെ അനുഗ്രഹം കൊണ്ട് രോഗശാന്തി നേടിയവരുടെ അനേകം കഥകൾ എല്ലാ മതങ്ങളിലും ഉണ്ട്. ഇത്തരം സിദ്ധരുടെ ഊർജ്ജ ശക്തി അവരുടെ ഓരോ കോശങ്ങളിലും, അവരുപയോഗിക്കുന്ന വസ്തുക്കളിലും അവർ ആയിരിക്കുന്ന ഇടങ്ങളിലും എല്ലാം ഉണ്ട്. വിശുദ്ധരായ ആളുകളുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നതിൻറെയും വണങ്ങുന്നതിൻറെയും പിന്നിൽ ഈ വസ്തുതയാണ്. അറിയില്ലാത്ത ഒരാൾ ഉപയോഗിച്ച വസ്തുക്കൾ ഉപയോഗിക്കുമ്പോൾ ദോഷം സംഭവിക്കാനും ഇടയുണ്ട്.

ഊർജ്ജനഷ്ടം തടയാൻ പര്യാപ്തമായ ചില അടവുകൾ പ്രകൃതി തന്നെ മനുഷ്യന് പറഞ്ഞു കൊടുക്കാറുണ്ട്. ഇരു കൈകളും നെഞ്ചിനോട് ചേർത്തു കെട്ടിവെയ്ക്കുന്നത് ഇതിനൊരുദാഹരണമാണ്. കുറ്റാന്വേഷകർ പ്രതികളെ ചോദ്യം ചെയ്യുന്നതിനു മുമ്പ് തന്നെ കൈ അഴിച്ചിടാൻ ആവശ്യപ്പെടും. ഊർജ്ജ നാഡികളിലൂടെയുള്ള പ്രവാഹം തടയപ്പെടാതിരിക്കാനാണ് യോഗ പരിശീലിക്കുമ്പോൾ പ്രത്യേക ആസനങ്ങൾ തന്നെ നിഷ്കർഷിക്കപ്പെടുന്നത്.



# ചക്രാകൾ

## 12

അചിന്തനീയമായ വിധത്തിലും എണ്ണത്തിലും തരത്തിലുമുള്ള കോടാനുകോടി ഊർജ്ജ രശ്മികൾ തലങ്ങും വിലങ്ങും പായുന്ന ഒരു വൻ കടലാണ് ഓരോരുത്തരുടേയും ഊർജ്ജ ശരീരം എന്ന് മനസ്സിലാക്കുമ്പോൾ തന്നെ, ആരുടെ മനസ്സാണ് അത്ഭുതപ്പെടാത്തത്? ഇതിനേക്കാൾ വലിയ അത്ഭുതം ഇനിയുണ്ടോയെന്നാവും അവർ ചോദിക്കുക. ഉണ്ട്, എന്നാണ് എൻറെ ഉത്തരം. ഈ ഊർജ്ജ രശ്മികൾ ആകർഷിക്കപ്പെടുന്നതിൻറെയും വികർഷിക്കപ്പെടുന്നതിൻറെയും ഫലമായി അനേകമനേകം ചുഴികൾ ഊർജ്ജ ശരീരത്തിൽ രൂപപ്പെടും. ഈ ചുഴികൾ ഒത്തു ചേർന്ന് കൂടുതൽ ശക്തിയേറിയ ചുഴികൾക്ക് രൂപം കൊടുക്കും. അവയെപ്പറ്റിക്കൂടി പരാമർശിക്കാതെ ഊർജ്ജ ശരീരത്തെപ്പറ്റിയുള്ള പഠനം പൂർത്തിയാവുന്നില്ല. ഈ ചുഴികളാണ് ശരീരത്തെ ഊർജ്ജചാലകങ്ങൾ ആക്കി മാറ്റുന്നത്. ഒരു ബൾബിൻറെ ഫിലമെൻറ് കത്തണമെങ്കിൽ അതിലൂടെ വൈദ്യുതി പ്രവഹിക്കണം. മനുഷ്യശരീരത്തിൽ ജീവനും ബോധവും നിലനിൽക്കണമെങ്കിലും അതിലൂടെ സൂഷ്മോർജ്ജം അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരിക്കണം. ഊർജ്ജത്തെ സ്വീകരിക്കുകയും വിന്യസിപ്പിക്കുകയും ചെയ്യുകയെന്ന ദൌത്യം നിർവ്വഹിക്കുന്നത് ഈ ചുഴികളാണ്. അതായത്, ഈ ഊർജ്ജരശ്മികൾ കാരണമായ ചുഴികൾക്ക് ഊർജ്ജത്തെ സ്വീകരിക്കുകയും പ്രസരിപ്പിക്കുകയും ചെയ്യുന്ന രണ്ടു മുഖങ്ങൾ ഉണ്ട് എന്നർത്ഥം. ഇവയെയാണ് ചക്രാ എന്ന സംസ്കൃത പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

മനുഷ്യൻറെ നിലനിൽപ്പിന് സ്ഥൂലോർജ്ജവും വേണം സൂഷ്മോർജ്ജവും വേണം; ആദ്യത്തേതു ശരീരത്തിനും രണ്ടാമത്തെത് ആത്മാവിനും (മനസ്സിൻറെ തലങ്ങൾ). സൂഷ്മോർജ്ജമാണ് സമൃദ്ധമായി ലഭിക്കുന്നതെങ്കിൽ അവയിൽ നിന്ന് സ്ഥൂലോർജ്ജം വേർതിരിച്ചെടുത്ത് ശരീരത്തിനു നൽകാൻ ചക്രാകൾക്ക് കഴിയും. ഭക്ഷണത്തിൽ നിന്ന് സാത്വികാംശം വേർതിരിച്ചെടുത്ത് ആത്മാവിനു നൽകാനും ചക്രാകൾക്ക് ശേഷിയുണ്ട്. സാത്വിക ഭക്ഷണം മാത്രം കഴിക്കുന്ന വ്യക്തികൾ ന്യായമായും സത്സ്വഭാവികളുമായിരിക്കും. ഇനി സൂഷ്മോർജ്ജം സമൃദ്ധമായി സ്വീകരിച്ചു കൊണ്ടിരിക്കുന്ന വ്യക്തികളോ, അവർക്ക് സ്ഥൂല ഭക്ഷണം ആവശ്യമായെന്നുമിരിക്കില്ല. ചക്രാകളിൽ നിന്ന് നാഡികളിലൂടെ നേർവസ് സിസ്റ്റത്തിലേക്കും അവിടെനിന്ന് എന്ടോക്രൈൻ സിസ്റ്റത്തിലേക്കും തുടർന്ന് രക്തത്തിലേക്കും, അങ്ങിനെയാണ് ഊർജ്ജ കൈമാറ്റം നടക്കുന്നത്. ഖരഭക്ഷണം കഴിക്കാതെ അനേകം വർഷങ്ങൾ കഴിഞ്ഞ ഏറെപ്പേർ ഇവിടെ ജീവിച്ചിരുന്നിട്ടുണ്ട്. ഒരു സദ്ഗുരുവും ഭക്ഷണപ്രിയരായിരുന്നിട്ടുമില്ല; ഭക്ഷണപ്രിയരായിട്ടുള്ളവർക്ക് നല്ല നായകരാവാനും സാധിക്കില്ല. ജീവിക്കാൻ ഭക്ഷണമായി വചനവും വേണമെന്ന് യേശു പറഞ്ഞത് ഓർമ്മിക്കുക. 'അന്നന്ന് വേണ്ട അപ്പം ഞങ്ങൾക്കെന്നും തരേണമേ' യെന്നു പ്രാർഥിക്കാൻ ആവശ്യപ്പെട്ടപ്പോൾ യേശു ഉദ്ദേശിച്ചത്, ഈ സൂഷ്മോർജ്ജത്തെ ആവാനാണ് വഴി. എൻറെ ശരീരം എന്നതുകൊണ്ട് ഉദ്ദേശിച്ചതും മറ്റൊന്നായിരിക്കില്ല.

ചക്രാകളെ, ശരീരത്തിലെ സൈക്കിക് കേന്ദ്രങ്ങൾ എന്നാണ് വിളിക്കുന്നത്. ചിത്രം ശ്രദ്ധിക്കുക. പ്രധാന ചക്രാകൾ ആറെണ്ണം (ഷഡ്ചക്രാകൾ) മാത്രം. പക്ഷെ, ഒട്ടും അപ്രധാനമല്ലാത്ത മൂർദ്ധാവിലുള്ള ചക്രായെയും (സഹസ്രാരാ) പ്രധാന ചക്രാകളിൽ ഉൾപ്പെടുത്തി പ്രധാന ചക്രാകൾ എഴെന്നു പൊതുവേ പറയുന്നു. നട്ടെല്ലിനെ ആസ്പദമാക്കിയാണ് പ്രധാന ചക്രാകളുടെ പ്രവർത്തനം. ഓരോ ചക്രായ്ക്കും ഒരു സ്വീകരണിയും വിക്ഷേപണിയും ഉണ്ട്. സഹസ്രാർ ചക്രയുടെ തുടർച്ചയായി പ്രവർത്തിക്കുന്നത് നട്ടെല്ലിൻറെ താഴത്തെ അഗ്രത്തിലുള്ള മൂലാധാര ചക്രായാണ്. സഹസ്രാരായിൽ സ്വീകരിക്കുന്ന സൂഷ്മോർജ്ജം ഒരു കുഴലിലൂടെയെന്നപോലെ നട്ടെല്ല് ആസ്പദമാക്കി താഴേക്ക് മൂലാധാർ ചക്രയിലൂടെ കടന്നു പോവുന്നു. വഴിയിലുള്ള മറ്റു ചക്രാകൾക്ക് അത് യഥേഷ്ടം സ്വീകരിക്കുകയുമാവാം. ഓരോ ചക്രാകൾക്കും സ്വതന്ത്ര സ്വീകരണികളുമുണ്ട്, ഈ സിദ്ധാന്തം അറിയാതെ ആണെങ്കിലും നമ്മളെല്ലാം പ്രയോജനപ്പെടുത്തുന്നുണ്ട്.

കൊച്ചുകുട്ടികൾ കരയുമ്പോൾ അവരെ തോളിൽ കമഴ്ത്തി കിടത്തി ചന്തിക്ക് മുകളിൽ അമ്മമാർ തട്ടുന്നത് കണ്ടിട്ടില്ലേ? ഒരുവനിലെ വികാരങ്ങൾ മുഴുവൻ സമാഹരിച്ചിരിക്കുന്നത് ആ ഭാഗത്തുള്ള സ്വാധിഷ്ഠാന ചക്രയുടെ ചുറ്റുമാണ്. ആ ചക്രായെ ഊർജ്ജവത്കരിച്ച് കുട്ടിയെ ശാന്തമാക്കുകയാണ് അമ്മ ചെയ്യുന്നത്. ഒരാൾ മറ്റൊരാളെ

ആശ്വസിപ്പിക്കുന്നത് പുറത്തു തട്ടിയാണ്. ഓരോ ചക്രായും വൈകാരിക തലത്തെയും പ്രതിനിധീകരിക്കുന്നു. ശിരസ്സ് അഹത്തിൻറെ സ്ഥാനമായും നെഞ്ചിൻറെ മദ്ധ്യഭാഗം അസ്തിത്വത്തിൻറെ കേന്ദ്രമായും കരുതപ്പെടുന്നു. അഹം കൂടുമ്പോൾ തലക്കനം കൂടും, 'നാം' 'നമ്മൾ' എന്നൊക്കെ പറയുമ്പോൾ നാം വിരൽ ചൂണ്ടുന്നത് നെഞ്ചിൻറെ മദ്ധ്യ ഭാഗത്തേക്കാണല്ലോ. ഭാഗത്തേക്കാണല്ലോ. ഭാരതത്തിലെ ദാർശനികർ ഇതെല്ലാം അടിസ്ഥാനമാക്കിയാണ് നമ്മുടെ ആചാര പെരുമാറ്റ രീതികൾ ഈ നാട്ടിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇവിടെ ഗുരുക്കന്മാരേ കാണുമ്പോൾ ആളുകൾ പാദ നമസ്കാരം ചെയ്യുമായിരുന്നു. ഗുരുവിൻറെ പാദങ്ങളാണ് അഹത്തിൻറെ നാശസ്ഥാനം എന്നറിഞ്ഞുകൊണ്ടായിരുന്നു അത്. ഗുരുവിൻറെ കാൽ തൊട്ടു ശിരസ്സിൽ വെയ്ക്കുന്നതിലൂടെ 'ഞാൻ എൻറെ സ്വന്തം അഹങ്കാരം ഇവിടെ സമർപ്പിക്കുന്നുവെന്നാണ്' പറയുന്നത്. ഗുരു തലയിൽ വലതു കൈവെച്ച് 'നിനക്ക് ശാന്തി ഉണ്ടാവട്ടെ' എന്ന് അനുഗ്രഹിക്കുകയും ചെയ്യുന്നു. കൈകളിലൂടെയാണ് ആത്മബോധം പ്രവഹിക്കുന്നത്. ആത്മാവിൻറെ ദൃശ്യസ്ഥാനം കണ്ണുകളാണ്. അതുകൊണ്ടാണ് നമ്മൾ കണ്ണുകളിൽ നോക്കി സംസാരിക്കുന്നത്. ആത്മലോഭം സംഭവിച്ച മൃതദേഹത്തിൻറെ കണ്ണുകൾ നാം അടയ്ക്കുകയാണ് പതിവ്.

ചക്രാകൾ ആകെ ഏഴല്ല; ഉപചക്രാകളും ചെറു ചക്രാകളുമൊക്കെയായി എഴുന്നൂറിലേറെ ചക്രാകൾ ശരീരത്തിൽ ഉണ്ട്. പരമാവധി ഊർജ്ജ രശ്മികൾ സംഗമിക്കുന്ന കേന്ദ്രങ്ങൾ എന്നും പ്രധാന ചക്രാകളെ വിശേഷിപ്പിക്കാം. ഇവയുടെ പ്രവർത്തനം ട്രാൻസ്ഫോർമറുകളുടെതുമായി താരതമ്യപ്പെടുത്താം. ട്രാന്സ്ഫോർമറുകളിൽ എത്തുന്ന വൈദ്യുതി അതാതിൻറെ അടുത്തുള്ള സ്ഥലങ്ങളിൽ വിതരണം ചെയ്യപ്പെടുന്നുവെന്നത് പോലെ പ്രധാന ചക്രാകളുടെ സമീപത്തുള്ള ശരീരഭാഗങ്ങൾക്ക് ശക്തി കിട്ടുന്നത് തൊട്ടടുത്തുള്ള പ്രധാന ചക്രാ/ചക്രാകളിൽ നിന്നാണ്. ഗർഭിണിയായ ഒരു സ്ത്രീയുടെ ഉദരത്തിലുള്ള കുഞ്ഞ് എന്നീ ചക്രാകളിൽ നിന്നാണ് ഊർജ്ജം സ്വീകരിക്കുന്നത്. സാധാരണയിലേറെ ഊർജ്ജം കുഞ്ഞിന് വേണ്ടി ഉപയോഗിക്കപ്പെടുന്നതുകൊണ്ട് ഈ ചക്രാകളുടെ നിയന്ത്രണത്തിലുള്ള കാലുകൾക്ക് ആവശ്യത്തിന് കിട്ടാതെ വരും. ഇതാണ് ഗർഭിണികൾക്ക് കാലുകൾക്ക് വേദനയും ബലക്കുറവും അനുഭവപ്പെടാൻ കാരണം.



# ചക്രാകളുടെ പ്രവർത്തനം

## 13

ചക്രാകൾ ഏഴ്; എഴെന്ന സംഖ്യ ഭൌതികമായും ആത്മിയമായും പൂർണ്ണതയെ സൂചിപ്പിക്കുന്നു. വെളിപാടിൻറെ പുസ്തകത്തിൽ ഏഴ് ദേവാലയങ്ങളെപ്പറ്റിയും ഏഴ് മാലാഖാമാരെപ്പറ്റിയുമൊക്കെ പറയുന്നുണ്ട്. ഈ പരാമർശങ്ങൾ, ശരീരത്തിലെ ഏഴ് ചക്രാകളെപ്പറ്റി ആയിക്കൂടെന്നില്ലെന്ന് പണ്ഡിതരും പറയുന്നു. എന്തായാലും, ഏഴ് ഒരു വിശിഷ്ട സംഖ്യയായിട്ടാണ് ബൈബിൾ കാണുന്നത്; സൃഷ്ടിയുടെ നാൾവഴി ഏഴാം ദിവസത്തിലെ വിശ്രമത്തോടെയാണ് അവസാനിക്കുന്നത്.

ഓരോ ചക്രാകളുടെയും ആരോഗ്യം അനുസരിച്ചായിരിക്കും അതിനോട് ചേർന്നുള്ള എൻഡോക്രൈൻ ഗ്ലാൻറിൻറെയും ശരീരഭാഗങ്ങളുടെയും ആരോഗ്യവുമെന്ന് പറഞ്ഞു. ഉപചക്രാകൾ എന്ന മർമ്മകേന്ദ്രങ്ങളെ ഉദ്ദീപിപ്പിച്ചാൽ അതുമായി ബന്ധപ്പെട്ട നാഡികളുടെ നിയന്ത്രണത്തിലുള്ള ശരീര ഭാഗങ്ങളുടെ പോരായ്മകൾ പരിഹരിക്കാൻ സാധിക്കും. പ്രാണവാഹികളായ ലക്ഷക്കണക്കിന് നാഡികൾ ശരീരത്തിലുണ്ട്, ചിലതാവട്ടെ ഒരു തലമുടിനാരിൻറെ ആയിരത്തിലൊരംശം പോലും വണ്ണമില്ലാത്തവയാണ്. രോഗം ബാധിച്ച ശരീരഭാഗങ്ങളെ നിയന്ത്രിക്കുന്നതിൽ പങ്കുള്ള നാഡികളുടെ തൊലിയോട് ചേർന്ന് വരുന്ന ഉപചക്രാകളെ ഉദ്ദീപിപ്പിക്കുന്ന തന്ത്രം അക്കുപ്രഷർ ചികിത്സാ സമ്പ്രദായം പ്രയോജനപ്പെടുത്തുന്നു. ശരീരത്തെ എല്ലാ ഭാഗങ്ങളെയും തന്നെ പ്രതിനിധീകരിക്കുന്ന നാഡികളുടെയെല്ലാം പ്രചോദന കേന്ദ്രങ്ങൾ ഒരുമിച്ചു വരുന്ന സ്ഥലങ്ങളാണ് ഉള്ളംകാലുകൾ, കൈത്തലങ്ങൾ, ചെവികൾ എന്നിവ. കുറച്ചു നേരം തുടർച്ചയായി കൈകൊട്ടിയാലും സുഖം കിട്ടും. ചെവിയുടെ ആകൃതി തന്നെ അമ്മയുടെ ഗർഭ പാത്രത്തിൽ ചുരുണ്ട്കൂടി കിടക്കുന്ന ഒരു കുഞ്ഞിൻറെ രൂപമാണ്. അതിൻറെ ശിരസ്സിനെ കുറിക്കുന്ന ഭാഗമാണ് അദ്ധ്യാപകർ ശിക്ഷയായി തിരുമ്മി വേദനിപ്പിക്കുന്നത്. ഇത് ബുദ്ധി ശേഷി വർദ്ധിപ്പിക്കാനുള്ള ഒരു അക്കുപ്രഷർ ഉപായമാണ്. ചെരിപ്പില്ലാതെ നടക്കുന്നതും ഒരു തരം ഹീലിംഗ് മാർഗ്ഗം തന്നെ. ആകമാന ചക്രാകളുടെ ആരോഗ്യവത്കരണം ലക്ഷ്യമിടുന്ന ഒരു ഹോളിസ്ടിക് ഹീലിംഗ് രീതിയാണ് റെയ്ക്കി. ഒരു പ്രത്യേക ചക്രയുടെ മാത്രം നിയന്ത്രണത്തിലും, അതിനെ മാത്രം ആശ്രയിച്ച് നിലനിൽക്കുന്നതുമായും ഒരു ശരീര ഭാഗവുമില്ല. ഒരു ചക്രായെ ഉദ്ദീപിപ്പിച്ചാൽ മറ്റു ചക്രാകളും ചെറുതായി ഉദ്ദിപിപ്പിക്കപ്പെടും. ഓരോ ചക്രാക്കും പ്രത്യേകം പ്രത്യേകം ദൌത്യങ്ങളും സവിശേഷതകളുമുണ്ട്.

ചക്രാകളുടെ പ്രവർത്തനം കാണാൻ ചക്രാ പെൻറുലങ്ങൾ ഉപയോഗിക്കാം. പെൻറുലം ചക്രായുടെ അടുത്തു നേരെ മുകളിൽ പിടിച്ചാൽ, ചക്രായുടെ ഭ്രമണദിശയും ശക്തിയും രീതികളുമെല്ലാം മനസ്സിലാക്കാം, അതിലൂടെ അതിൻറെ നിയന്ത്രണത്തിലുള്ള ശരീര ഭാഗങ്ങളുടെ ആരോഗ്യസ്ഥിതിയും. ക്രിസ്ടലുകൾ വളരെ ശക്തിയേറിയ പെൻറുലങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കപ്പെടുന്നു. ഇത് തന്നെയാണ് ഭൂമിയുടെ പുറം അടുക്കുകളിലൂടെയുള്ള ജലധാരകൾ കണ്ടുപിടിക്കാൻ ഉപയോഗിക്കുന്ന പെൻറുലങ്ങളുടെയും പ്രവർത്തന രഹസ്യവും. പെൻറുലം ഉപയോഗിക്കാൻ വളരെ എളുപ്പമാണ്. ഊർജ്ജചക്രാകളോട് എളുപ്പത്തിൽ പ്രതികരിക്കാൻ കഴിയുന്ന ഒരു വസ്തു പെൻറുലമായി വേണം. രണ്ടാമത്, പെൻറുലം പ്രവൃത്തിക്കുമ്പോൾ മനസ്സ് അതിൽ നിന്നെടുത്തു മാറ്റണം എന്നതാണ്. ഒരു പെൻറുലത്തിലേക്ക് നോക്കിക്കൊണ്ട് ഒരു പ്രത്യക രീതിയിലുള്ള ചലനം ഇശ്ചിച്ചാൽ പെൻഡുലം അതുപോലെ കറങ്ങുന്നത് കാണാം. അതുകൊണ്ടാണ് പെൻറുലങ്ങൾ അതുപയോഗിക്കുന്നത് എവിടെയാണെങ്കിലും യാതൊരു മുൻവിധിയുമില്ലാതെ ചലിക്കാൻ അനുവദിക്കണം എന്ന് പറയുന്നത്. ചക്രാകളെപ്പറ്റി ചുരുക്കത്തിൽ പറയാം. ഒന്നാമത്തെ ചക്രാ എന്ന് പറയുന്നത് മൂലാധാർ (Root) ചക്രായാണ്. കാലുകളുടെ ഇടയിൽ, നട്ടെല്ലിൻറെ അഗ്രത്ത് ഭൂമിയിലേക്ക് തിരിഞ്ഞിരിക്കുന്ന ചക്രായാണിത്. ഭൌതിക നിലനിൽപ്പുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഇത് ദുർബ്ബലമായാൽ പണവും ആഡംബരങ്ങളും പ്രശസ്തിയും ഒക്കെ ആർജ്ജിക്കാനുള്ള ആവേശം ഉണ്ടാവും; മാത്രമല്ല ആത്മഹത്യാ വ്രവണതയും ഉണ്ടാവാം. രണ്ടാമത്തെ ചക്രായാണ് സ്വാധിഷ്ഠാന(Hara). ഒരാളുടെ വികാരങ്ങളും വിചാരങ്ങളുമെല്ലാം അമർത്തി വെച്ചിരിക്കുന്നത് ഇവിടെയാണ്. ഇതിൻറെ സ്ഥാനം പൊക്കിളിനു രണ്ടിഞ്ചു താഴെ. ലൈംഗികോർജ്ജത്തിൻറെ കേന്ദ്രവും ഇതാണ്. മൂന്നാമത് വരുന്നത് മാനിപ്പുര (Solar Plexus) ചക്രായാണ്. ഇത് ആരോഗ്യമുള്ളതാണെങ്കിൽ മാനസികവും വൈകാരികവുമായ ഒരു സന്തുലിതാവസ്ഥയിലായിരിക്കും ആ വ്യക്തിയും. ഇതിനെ

ശരീരത്തിലെ ഹീലിംഗ് സെൻറർ എന്നും വിളിക്കുന്നു. ഇത് രോഗശാന്തി ശുശ്രൂഷകരിൽ വളരെ ശക്തിയുള്ളതായിരിക്കും.

നാലാമത് ചക്രായാണ് അനാഹത (Heart Chakra). നെഞ്ചിൻറെ മദ്ധ്യത്തിലാണ് ഇതിൻറെ സ്ഥാനം. ഇടതുവശത്തുള്ള ഭൌതികഹൃദയം ഈ ചക്രയുടെ കീഴിൽ വരും. ഇത് കൈകാര്യം ചെയ്യുന്നത് സ്നേഹം എന്ന അടിസ്ഥാനോർജ്ജം ആയതു കൊണ്ട് ഇതിനെ കേന്ദ്ര ചക്രായെന്നാണ് വിശേഷിപ്പിക്കുന്നത്. സ്നേഹം സ്വീകരിക്കുന്നതും വിന്യസിപ്പിക്കുന്നതും ഈ ചക്രായാണ്. അനാഹത മുതൽ മുകളിലോട്ടുള്ള ചക്രാകൾ ശുദ്ധ ചക്രാകളാണ്, ഭൌതിക ശരീരത്തിൻറെ പ്രവർത്തനങ്ങളുമായല്ല അവക്ക് കൂടുതൽ ബന്ധം. അഞ്ചാമത് വരുന്ന വിശുദ്ധിചക്രായുടെ (Throat Chakra) സ്ഥാനം മുമ്പിൽ കഴുത്തിനു മദ്ധ്യേ. കഴിവുകൾ പ്രകടിപ്പിക്കാനുള്ള ശേഷിയുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഈ ചക്രാ ശക്തിയുള്ളതാണെങ്കിൽ അവർ പ്രഗൽഭരായ വാഗ്മികളോ, എഴുത്തുകാരോ, കവികളോ ഒക്കെയായിരിക്കും. പ്രകടിപ്പിക്കാൻ തിക്കുമുട്ടുണ്ടാവുമ്പോൾ അറിയാതെ പലരും കഴുത്തിൽ തിരുമ്മുന്നത് ശ്രദ്ധിക്കുക. ആറാമത് ചക്രായാണ് ജ്ഞാന(ഗുരു) ചക്രാ (Third Eye). ഇതിൻറെ ക്ഷേത്രസ്ഥാനം പുരികങ്ങൾക്ക് നടുവിലാണ്. വിശേഷജ്ഞാനം ഈ ചക്രാ ഉപയോഗിച്ചു നേടുന്നു. ആറാം ഇന്ദ്രിയം എന്ന് പറയുന്നത് ഈ ഗുരു ചക്രായെ ആണ്. അവസാനത്തേതാണ് സഹസ്രാർ ചക്രാ (Crown Chakra). ഇതിൻറെ സ്ഥാനം ശിരസ്സിനു മുകളിൽ മൂർദ്ധാവിൽ. ഈ ചക്രായാണ് ഓരോരുത്തരെയും പ്രാപഞ്ചിക ഊർജ്ജ ശ്രോതസ്സുമായി ബന്ധിപ്പിക്കുന്നത്. ഇത് ശക്തമല്ലെങ്കിൽ ആത്മിയത എന്നത് അയാൾ ഒരിക്കലും മനസ്സിലാക്കാൻ പോകുന്നില്ല. ചക്രാകളെപ്പറ്റി ചുരുക്കമായിപ്പോലും ഞാൻ ഇവിടെ വിശദീകരിച്ചിട്ടില്ല. ഒരു കുഞ്ഞിനെ മാമ്മൊദീസാ മുക്കുമ്പോൾ വൈദികൻ ശുദ്ധചക്രാകളിലെല്ലാം കുരിശടയാളം വരക്കും.

ചക്രാകൾക്ക് പ്രത്യേകം പ്രത്യേകം നിറങ്ങളും സ്വരവും തരംഗ ഭാവവുമുണ്ട്. ചക്രാകളെ ഊർജ്ജവത്കരിച്ചാൽ മാനസികമായും ശാരീരികമായും ആരോഗ്യമുള്ള ഒരു വ്യക്തിയായിത്തിരാൻ സാധിക്കും. ആധുനിക മനുഷ്യന് വ്യാപകമായി ഹൃദ്രോഗങ്ങൾ ഉണ്ടാകാൻ കാരണം അനാഹത ചക്രായുടെ പ്രവർത്തന ശേഷി കുറയുന്നതാണ്. മറ്റുള്ളവരെ കൈയ്യയച്ചു സഹായിക്കുന്നത് കൊണ്ടോ സ്നേഹിക്കുന്നതുകൊണ്ടോ മാത്രം ഈ ചക്രാ ശക്തി ആർജ്ജിക്കുന്നില്ല. മറ്റുള്ളവരിൽ നിന്ന് സ്നേഹം സ്വീകരിക്കാനും കൂടി കഴിഞ്ഞില്ലെങ്കിൽ ആ ചക്രാ ശോഷിച്ചിരിക്കും. പലപ്പോഴും നമ്മുടെ അഹാധിഷ്ഠിത മനോഭാവമായിരിക്കും പുറമേ നിന്ന് സ്നേഹം നിർല്ലോഭം സ്വീകരിക്കുന്നതില് നിന്ന് നമ്മെ വിലക്കുന്നത്. പ്രപഞ്ചത്തിലെ ഏറ്റവും ശക്തിയേറിയ ഊർജ്ജമാണ് സ്നേഹം. ശുദ്ധ സ്നേഹത്തെ പ്രതിരോധിക്കാൻ യാതൊന്നിനും കഴിയുകയുമില്ല. ഈ സ്നേഹം നേരിട്ട് നാം സ്വീകരിക്കുന്നു. നാം സ്വീകരിച്ചതു മറ്റുള്ളവർക്കും ജീവജാലങ്ങൾക്കുമൊക്കെ പകർന്നു കൊടുക്കുന്നത് വഴി അപരന് രോഗ സൌഖ്യവും ദോഷമോചനവും നൽകി സഹായിക്കാൻ നമുക്കാവും.



# കൈവെയ്പ്പു ശുശ്രൂഷ

## 14

മനുഷ്യൻ ഉണ്ടായ കാലം മുതൽ രോഗങ്ങളുമുണ്ട്. ആരോഗ്യവാന്മാരായിരിക്കുമ്പോൾ സുഖം, സുഖത്തിൽ നിന്ന് മാറുമ്പോൾ രോഗം; ഇതാണ് സ്ഥിതി. പൂർണ്ണമായും പ്രപഞ്ചത്തോടൊപ്പം, അത് നൽകുന്ന വിശിഷ്ടോർജ്ജവും സ്വീകരിച്ചു കൊണ്ട് ജീവിക്കുകയെന്നാൽ ഭൌതികയുടെ എല്ലാ മായാജാലങ്ങളിൽ നിന്നും ഭ്രമങ്ങളിൽ നിന്നും പൂർണ്ണമായ മുക്തി പ്രാപിക്കുകയെന്നർത്ഥം. അതത്ര എളുപ്പമല്ല. പിന്നെ നമുക്ക് ചെയ്യാവുന്നത് അസുഖമാണെന്ന് മനസ്സിലാക്കി സുഖത്തിലേക്ക് വളരെ സാവധാനം അടുക്കുകയെന്നത് മാത്രം. സുഖം തരാൻ അനേകം മാർഗ്ഗങ്ങളുണ്ട്. ആകമാന സമ്പ്രദായങ്ങൾ അല്ലാത്ത ചികിത്സാ രീതികൾ രോഗത്തിൽ നിന്ന് വിടുതൽ തരാൻ സഹായിച്ചേക്കും പക്ഷെ സുഖത്തിൽ നമ്മെ എത്തിക്കുന്നില്ല. സുഖം തരാൻ ശേഷിയുള്ള ഒരേ ഒരു ശക്തിയേ പ്രപഞ്ചത്തിലുള്ളു, ഇശ്വരൻ മാത്രം. രോഗങ്ങൾക്ക് നാം മരുന്ന് കഴിക്കുന്നു, പക്ഷേ, മരുന്നുകൾ സൌഖ്യഹേതുവായേ പ്രവർത്തിക്കുന്നുള്ളൂ. മുറിവിന് വെച്ചുകെട്ടുന്ന മരുന്ന് തൊലിയായി മാറുന്നില്ല. ശരീരം സ്വയം പ്രവർത്തിക്കുമ്പോഴാണ് മുറിവ് കരിയുന്നത്. മുറിവ് കരിക്കാൻ ശരീരത്തെ ഉത്തേജിപ്പിക്കുന്ന (Catalyst) ഒരു മാധ്യമം മാത്രമേ ആവുന്നുള്ളൂ അവിടെ ഉപയോഗിക്കുന്ന മരുന്ന്.

ഈശ്വരൻ എന്ന ശക്തിയേ പ്രാപഞ്ചിക ജീവോർജ്ജം എന്ന് വിശേഷിപ്പിച്ചുകൊണ്ട് വൈദ്യശാസ്ത്രത്തിന് അടിത്തറയിട്ട ഹിപ്പോക്രിറ്റസും സൂചിപ്പിച്ചു, അദൃശ്യമായ ഒരു ശക്തിയുടെ പ്രവർത്തനം നടക്കുന്നുവെന്ന്. ഈ അദൃശ്യമായ ജീവോർജ്ജം നമുക്ക് ചുറ്റും സമൃദ്ധമായി ഉണ്ട് താനും, അതിനെ സ്വീകരിക്കാൻ മാത്രമായി മൂർദ്ധാവിൽ സഹസ്രാർ ചക്രായുമുണ്ട്. ഈ പ്രവർത്തനം സുഗമമാണെങ്കിൽ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളും പ്രകൃതിദത്ത താളത്തിൽ തന്നെ ആയിരിക്കും. ആ താളത്തിൽ ആയിരിക്കാൻ എല്ലാവരെയും പ്രാപ്തരാക്കുകയാണ് അനുഷ്ഠാനങ്ങളുടെ ആത്യന്തിക ലക്ഷ്യവും. ആ താളത്തിൽ നിന്ന് മാറുമ്പോൾ സൌജന്യമായി ലഭിക്കേണ്ട ജീവോർജ്ജം നമുക്ക് സ്വീകരിക്കാൻ പരിമിതികൾ ഉണ്ടാവുന്നു, നാം രോഗികളുമാവുന്നു. വെള്ളം കൊണ്ട് തന്നെ ചെളി കഴുകിക്കളയുന്നതു പോലെ, നമ്മുടെ ശരീരത്തിൽ ജീവോർജ്ജത്തിൻറെ ഒഴുക്കിന് അനുഭവപ്പെടുന്ന തടസ്സങ്ങൾ ജീവോർജ്ജം കൊണ്ട് തന്നെ ശുദ്ധമാക്കാം. ഇതിനു വിലയേറിയ ഒരു യന്ത്രവും ആവശ്യമില്ല. പ്രാപഞ്ചികോർജ്ജം സ്വീകരിക്കാൻ ശേഷിയുള്ള ഒരാൾക്ക് വളരെ എളുപ്പത്തിൽ ഇത് ചെയ്യാവുന്നതേയുള്ളൂ. ഈ ഊർജ്ജം ശരീരത്തിൽ നിന്ന് പുറത്തേക്ക് ഒഴുകാൻ അയാളുടെ കൈകൾ മാത്രം മതി. ഈ തത്വമാണ് കൈവെയ്പ്പു ശുശ്രൂഷകളുടെ രഹസ്യം.

കൈകൾ, തിന്നാനും ഉടുക്കാനും ജോലി ചെയ്യുവാനുമുള്ള അവയവങ്ങളായി മാത്രം കരുതരുത്, അവ ഭൌതികമായും ആത്മീയമായും ഹൃദയത്തിൻറെ ഭാഗമാണ്. ഹൃദയാഘാതം ഉണ്ടാകുന്നതിനു മുമ്പ് കൈകൾക്ക് വേദന അനുഭവപ്പെടാം, കൈകളിൽ നിന്നും ഹൃദയത്തിൽ നിന്നുമുള്ള സന്ദേശങ്ങൾ തലച്ചോറിൽ സ്വീകരിക്കുന്നത് ഒരേ നാഡികളിലൂടെയാണെന്നതാണ് കാരണം. ഹൃദയം, ശരീരത്തിലെ സ്നേഹത്തിൻറെ സംഭരണിയാണ്. കൈകൾ നീട്ടിയാണ് നാം സ്നേഹം പ്രകടിപ്പിക്കുന്നതും, കൈകൾ കാട്ടിയാണ് നാം വെറുപ്പ് പ്രകടിപ്പിക്കുന്നതും. കൈകളിലൂടെ സ്നേഹോർജജം പ്രവഹിപ്പിക്കാൻ നിരവധി തന്ത്രങ്ങളുണ്ട്. തന്ത്രങ്ങൾ എന്ന് പറഞ്ഞത് കൊണ്ട് തെറ്റിദ്ധരിക്കരുത്, വെള്ളം കുടിക്കാൻ പല മാർഗ്ഗങ്ങളുണ്ട് എന്ന് പറയുന്നതുപോലെയേ ഇതുമുള്ളൂ. തന്ത്രം എന്തായാലും, കൈകൾ ആരുടേതായാലും എല്ലാം മാധ്യമങ്ങൾ അല്ലെങ്കിൽ ഉപകരണങ്ങൾ മാത്രം; പ്രവൃത്തിക്കുന്ന ഊർജ്ജം സ്വയബുദ്ധിയുള്ള പ്രാപഞ്ചികൊർജ്ജം ആണെന്ന് കാണുക. ഫലപ്രദമായി കൈവെയ്പ്പു ശുശ്രൂഷകൾ നടത്തുന്ന പലരും ലഭിക്കുന്ന രോഗശാന്തി സ്വന്തം കഴിവാണെന്ന് ധരിക്കാറുണ്ട്, സ്വന്തം വിശ്വാസപ്രമാണങ്ങളിലെ വിശിഷ്ട ദൈവത്തിൻറെ പ്രവർത്തനം ആണെന്ന് വിശദീകരിക്കാറുമുണ്ട്. ഇതൊക്കെ അഹത്തിനുള്ളിലെ അവിദ്യാനുഭവം കൊണ്ട് സംഭവിക്കുന്നതാണ്.

ഇടതു കൈയ്ക്ക് സ്വീകരിക്കാനും വലതു കൈയ്ക്ക് കൊടുക്കാനും ഉള്ള സിദ്ധികൾ പ്രത്യേകമായും ഉണ്ട്. കൈകൾ മുകളിലേക്ക് ഉയർത്തി പ്രാർഥിക്കുന്നതും, വലതു കരം ഉയർത്തി അനുഗ്രഹിക്കുന്നതുമെല്ലാം ഇതുകൊണ്ടാണ്. മറ്റൊരാളുടെ നേരെ കൈചൂണ്ടി സംസാരിക്കുമ്പോൾ അപരൻ അസ്വസ്ഥനാകുന്നത്

സാധാരണം. കൈകളിലൂടെ ലഭ്യമാക്കുന്ന ഊർജ്ജം സ്പർശനം വഴിയാണ് സാധാരണ പ്രവഹിപ്പിക്കുന്നത്. എങ്കിലും, സമയത്തിനും സ്ഥലത്തിനും അതീതമായി ഊർജ്ജം പ്രവഹിപ്പിക്കാൻ മനുഷ്യന് കഴിയും, അതിനുള്ള ഉപായങ്ങൾ ഗുരുക്കന്മാരിൽ നിന്ന് തന്നെ നേടേണ്ടതാണ്. ശരീരത്തിൽ ഒരു വേദന ഉണ്ടായാൽ നാം ആദ്യം ചെയ്യുന്നത് കൈകൊണ്ട് ആ ഭാഗം സ്പർശിക്കുകയാണ്. ഇത് ഉൾപ്രേരണകൊണ്ട് സംഭവിക്കുന്നതാണ്. ഇതേ ചോദനകൊണ്ട് തന്നെയാണ് കരയുന്ന കുട്ടിയെ അമ്മ സ്പർശിക്കുന്നതും. കുട്ടികൾ മുതിർന്നവരുടെ സാമിപ്യം ഇഷ്ടപ്പെടുന്നതിനു പിന്നിലും ഇങ്ങിനെയൊരു കാര്യമുണ്ട്. ഞാൻ ഇപ്പറഞ്ഞ തത്ത്വങ്ങളുടെ നേർ പ്രദർശനമാണ് ഒരു ഗുരു ശിക്ഷ്യനെ അനുഗ്രഹിക്കുന്ന രീതി. ഗുരുവിൻറെ കൈകൾ മൂർദ്ധാവിൽ സഹസ്രാർ ചക്രയുടെ മദ്ധ്യത്തിൽ തന്നെ അമർത്തി വെച്ചാണ് ഗുരു ശിക്ഷ്യനെ അനുഗ്രഹിക്കുന്നത്. തീവ്രമായ ഒരു പ്രവാഹം ശക്തനായ  ഒരു ഗുരുവിന് സൃഷ്ടിക്കാൻ കഴിയും. അത് കൊണ്ടാണ് ഗുരുക്കന്മാരുടെ അനുഗ്രഹത്തിനു എല്ലാവരും എന്നും വിലകൽപ്പിക്കുന്നത്.

കൈവെയ്പ്പുവഴിയുള്ള രോഗശാന്തിക്ക് ആരുടേയും അനുവാദം ആവശ്യമില്ല. അത് ഒരു വ്യക്തിയുടെ അവകാശവും കടമയുമാണ്. പക്ഷെ, അതിനു വേണ്ടി പ്രത്യേക ഉപായങ്ങൾ പ്രയോഗിക്കുമ്പോൾ ആ ഉപായങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും അനുസരിക്കേണ്ടതുണ്ട്. കൈവെപ്പു വഴി എങ്ങിനെ രോഗശാന്തി സാധ്യമാക്കാം എന്ന് വിശദീകരിക്കുകയല്ല ഈ ലേഖനത്തിൻറെ ലക്ഷ്യം, പകരം കൈവെയ്പ്പു ശുശ്രൂഷകൾ പ്രകൃതിദത്ത മാർഗ്ഗം ആണ്  എന്ന് പറയുക മാത്രം. എല്ലാ മനുഷ്യർക്കും ഇതിനുള്ള കഴിവുണ്ട്. ചിലപ്പോൾ അത് ഏറിയും കുറഞ്ഞുമിരിക്കും എന്നേയുള്ളൂ. ഏറെ ശുദ്ധോർജ്ജം പ്രവഹിപ്പിക്കാൻ കഴിയുന്നവരുടെ കൈകൾ കൊണ്ട് നിർമ്മിക്കുന്നവയും, നടുന്നവയുമെല്ലാം പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റും. അങ്ങിനെയുള്ളവർ നൽകുന്ന സാധനങ്ങൾ പൊലിക്കാറുമുണ്ടല്ലോ. മറ്റുള്ളവരെ ആത്മാർത്ഥമായി സഹായിക്കുന്നതിന് കൈകൊടുത്തു സഹായിക്കുക എന്ന് തന്നെയല്ലേ പറയുന്നത്?

എല്ലാ മതങ്ങളിലുമുണ്ട് കൈവെയ്പ്പു പ്രാർഥനകളും കൈ ഉപയോഗിച്ചുള്ള ഊർജ്ജ പ്രസരണവും. ഭാരതീയ ആചാര്യന്മാർ കൈകൾ ഉയർത്തി അനുഗ്രഹിക്കാൻ അവലംബിച്ച അതേ മുദ്ര തന്നെയാണ് ബുദ്ധനും യേശുവും അനുവർത്തിച്ചത്. ക്രിസ്തു മതത്തിൽ കൈവെയ്പ്പാധിഷ്ഠിത പ്രാർഥനാനുഷ്ഠാനങ്ങൾക്ക് ആ മതത്തോളം തന്നെ പഴക്കമുണ്ട്. ഇവിടെ,  കിട്ടുന്നവരെക്കൊണ്ടെല്ലാം തലക്കു പിടിപ്പിക്കുന്നതും സൂക്ഷിച്ചില്ലെങ്കിൽ അപകടം വരുത്തും, കൊടുക്കുന്നവനും കിട്ടുന്നവനും. പ്രാണിക് ഹീലിംഗിൽ അതിനുള്ള മുൻകരുതലുകളെപ്പറ്റിയും പരാമർശമുണ്ട്. ഗുരുക്കന്മാരുടെ മുമ്പിൽ സാഷ്ടാംഗ പ്രണാമം നടത്തുന്നവർ ഊർജ്ജ വിനിമയത്തിന് ഏറ്റവും അനുയോജ്യമായ ഒരു സാഹചര്യം സൃഷ്ടിക്കുകയാണെന്ന് അറിയുക. ചക്രാകളുടെ മുൻവശത്തുള്ള കവാടങ്ങൾ പുറത്തേക്കും പിൻവശത്തുള്ള കവാടങ്ങൾ അകത്തേക്കും ഊർജ്ജം കടത്തി വിടുന്നു. പിൻഭാഗത്തുള്ള എല്ലാ ചക്രാ കവാടങ്ങളും തുറന്നു നിൽക്കാൻ കമിഴ്ന്നു കിടക്കുന്നത് സഹായിക്കും. നീണ്ടുനിവർന്നുള്ള കിടപ്പ് നാഡികളുടെ സമ്മർദ്ദം കുറയ്ക്കുകയും ചെയ്യും. അഹം പൂർണ്ണമായും പാദങ്ങളിൽ അർപ്പിക്കുന്നു എന്നൊരു പ്രഖ്യാപനവും ഇങ്ങിനെ പ്രണാമം നടത്തുന്നവർക്കുണ്ട്.



# ഊർജ്ജ മാലിന്യങ്ങൾ

## 15

മനുഷ്യ ശരീരത്തിനു ചുറ്റുമുള്ള ഊർജ്ജശരീരത്തെ ചെറുതായി ഒന്ന് പരിചയപ്പെട്ടല്ലോ. ഒരുവൻ എന്തെല്ലാം കാരണങ്ങളുമായാണോ ജനിക്കുന്നത്, ഒരുവൻ ജീവിത കാലത്ത് എന്തെല്ലാം കാരണങ്ങൾ സൃഷ്ടിക്കുന്നുവോ അതിൻറെയെല്ലാം അടയാളങ്ങൾ മരങ്ങളിലെ വാർഷിക വളയങ്ങൾ പോലെ ഈ ഊർജ്ജ ശരീരത്തിൽ കാണും, അവൻറെ ചിന്തകളും മനോഭാവവും എല്ലാം. ഒരു മാലിന്യരഹിതനായ മനുഷ്യൻറെ ഊർജ്ജ വലയം മൃദുവും തെളിമയുള്ളതും ഏറെ പ്രകാശമാനവുമായിരിക്കും. ഒരു ദുർവൃത്തൻറെതാവട്ടെ ഇരുണ്ടതും കീറിപ്പറിഞ്ഞതും, ഉടയുന്നതും, ദുർഗന്ധമുള്ളതും, നിറക്കൂട്ടുകൾ അലക്ഷ്യമായി വാരി വലിച്ചെറിഞ്ഞതുപോലെ വൃത്തിഹീനവുമായിരിക്കും. ഈ അടയാളങ്ങളെ യാണ് ഊർജ്ജമാലിന്യങ്ങൾ (Dead Orgone Energy) എന്ന് വിളിക്കുന്നത്. കർമ്മദോഷങ്ങളും ഈ അടയാളങ്ങളിൽ പെടും. ഇത് അതാതുകളുമായി ബന്ധപ്പെട്ട ശരീര ഭാഗങ്ങളിൽ രോഗങ്ങളായോ അംഗ വൈകല്യമായോ പ്രത്യക്ഷപ്പെടുകയും മൂല ഊർജ്ജധാരയിൽ നിന്ന് ഒരുവനെ അകറ്റുകയും ചെയ്യും. ഇവയെയാണ് പാപങ്ങൾ എന്ന് നമുക്ക് വിളിക്കാൻ കഴിയുക.

പാപം (ടശി) എന്ന വാക്ക് പുരാതന ഗ്രീസിലെ ഒരു ചെറിയ അളവ് മാത്രയാണ്. അമ്പ് എയ്ത് പരിശീലിക്കുമ്പോൾ ലക്ഷ്യത്തിൽ നിന്ന് എത്ര അകലെയാണ് അത് പതിച്ചതെന്നത് ടശി എന്ന തോത് ഉപയോഗിച്ച് അളക്കുന്നു. ഒരാൾ മൂല ഊർജ്ജത്തിൻറെ അനുരണനങ്ങളിൽ നിന്ന് എത്ര അകലെയാണ് എന്ന് സൂചിപ്പിക്കുന്ന രീതിയിൽ ആദ്യകാലത്ത് ഉപയോഗത്തിലിരുന്ന ഈ പദമാണ് നിരവധി വ്യത്യസ്ഥ അർത്ഥവ്യഖ്യാനങ്ങളോടെ വിവിധ ഭാഷകളിലേക്ക് കുടിയേറിയതെന്നു ഞാൻ കരുതുന്നു. ഒരു ശിശുവും പൂർണ്ണമായി മാലിന്യങ്ങൾ ഇല്ലാത്ത ഒരു ഊർജ്ജ ശരീരവുമായല്ല ജനിക്കുന്നത്. ജന്മനാ കിട്ടുന്ന അന്തർചോദനകളും ഇവിടെ വെൺമേഘ കൂട്ടുകൾ പോലെയെങ്കിലും ഊർജ്ജ ശരീരത്തിൽ അടിഞ്ഞു കൂടിയിരിക്കും. ഉത്ഭവപാപം എന്ന ആശയത്തിന് ഒരു പക്ഷെ ഈ സ്ഥിതിയുമായി ബന്ധം ഉണ്ടായിരിക്കാം. ഈ പാപങ്ങൾ മാറ്റിയാലേ എന്തായാലും ആത്മാവ് വളരുന്നുള്ളൂ. നാം ആർജ്ജിച്ച മുജ്ജന്മ കാരണങ്ങളായാലും തല്ജന്മ കാരണങ്ങളായാലും എല്ലാം ഊർജ്ജ ശരീരത്തിലുണ്ട്; ഇത് കാണാൻ കഴിയുന്നവൻറെ മുമ്പിൽ മലർക്കെ തുറന്ന ഒരു പുസ്തകം പോലെയായിരിക്കും സർവ്വരുടേയും ഭൂതവും ഭാവിയും. ഈ ഊർജ്ജ മാലിന്യങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു, മനുഷ്യനും തന്ത്രങ്ങൾക്കും മാറ്റാവുന്നതെന്നും മൂല ഊർജ്ജത്തിൻറെ (ഈശ്വരൻറെ) സ്വയംബോധത്തിന് മാത്രം മാറ്റാവുന്നതെന്നും. യോഗാ ധ്യാനം മുതലായ സാധനകൾ സ്ഥിരം പരിശീലിക്കുന്ന ഒരാളുടെ ഊർജ്ജ ശരീരത്തിൽ സാധകൻ അറിയാതെ തന്നെ ശുദ്ധീകരണം (healing) നടക്കുന്നുണ്ട്.

ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം, കാർബൺ ഡയോക്സൈഡിനെ പ്രകൃതി ഓക്സിജൻ ആയി മാറ്റുന്നതുപോലെ ഈ മാലിന്യങ്ങളെ അവസ്ഥാന്തരം ചെയ്യാൻ ഈശ്വരൻറെ സഹായം വേണം എന്നുള്ളതാണ്. മറ്റൊരു മാർഗ്ഗം ഇങ്ങിനെ അവസ്ഥാന്തരം ചെയ്യാൻ ശേഷിയുള്ളതോ അല്ലാത്തതോ ആയ വേറൊരു ഊർജ്ജ ശരീരത്തിലേക്ക് ഇതിനെ മാറ്റുകയാണ്. ഗുരുക്കന്മാർ മറ്റുള്ളവരുടെ മാലിന്യങ്ങൾ ഏറ്റെടുക്കാറുണ്ട്, അതിൻറെ ഫലം അനുഭവിച്ചു തീർക്കാറുമുണ്ട്. യേശുവിനെപ്പോലെ ഒരു മഹാഗുരു, നിങ്ങളുടെ പാപങ്ങൾക്ക് വേണ്ടിയാണ് ഞാൻ ഈ പീഢാനുഭവം സ്വയം ഏൽക്കുന്നതെന്ന് പറഞ്ഞത് വളരെ ശാസ്ത്രിയമായ ഒരു സത്യം തന്നെയാണ്. അങ്ങിനെ പറയാൻ ശേഷിയുണ്ടായിരുന്ന ഏറെ ഗുരുക്കന്മാർ ഭൂമുഖത്തുണ്ടായിരുന്നിട്ടുമില്ല. അമാനുഷിക ശക്തി ഉണ്ടായിരുന്ന യേശുവിന് ആ മഹാശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ലായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നില്ല. ദൈവമായിരുന്നെങ്കിൽ ഇത്തരം ഒരു പരീക്ഷണം ആവശ്യമായിരുന്നോ എന്ന ചോദ്യം ഇവിടെ അസ്ഥാനത്തല്ല താനും. ഊർജ്ജ ശരീരത്തിനു മരണമില്ല, യേശു ഇപ്പോഴും ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നതല്ല, പകരം നമ്മുടെ മാലിന്യങ്ങൾ യേശുവിലൂടെ അവസ്ഥാന്തരം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാമതിന് ഇഛിക്കുക മാത്രം ചെയ്താൽ മതിയെന്നതാണ് നാം മനസ്സിലാക്കേണ്ട കാര്യം. നിങ്ങളുടെ പാപങ്ങൾ ഇങ്ങോട്ട് തരൂവെന്ന് പറഞ്ഞ ഒരു ഗുരുവിൻറെയും കൊടുക്കാൻ ആഗ്രഹിക്കുന്നവൻറെയും ഇടയിൽ ഒരു മാധ്യമം ആവശ്യമേയില്ലെന്നും കാണേണ്ടത്.

ഒരാൾക്ക് കോപം ഉണ്ടായാൽ അത് അയാളുടെ ഊർജ്ജ വലയത്തെ കറുത്ത മേഘങ്ങൾ കൊണ്ട് നിറക്കുമെന്നും ഓരോ വികാരങ്ങൾക്കും അതാതിന്റേതായ നിറങ്ങളുണ്ടെന്നും പറയപ്പെടുന്നു.

ഊർജ്ജശരീരങ്ങൾ പരസ്പരം ആകർഷിക്കപ്പെടുകയോ വികർഷിക്കപ്പെടുകയോ ചെയ്യാം. അടുത്തു നിൽക്കുന്ന ആൾ കോപിച്ചാൽ അത് ചുറ്റും നിൽക്കുന്നവരെ അസ്വസ്ഥരാക്കും. ഇവിടെ എല്ലാവർക്കും വികർഷണമാണ് സംഭവിക്കുന്നത്. ആകർഷണത്തിലൂടെയുള്ള സമന്വയം വ്യക്തികളോടോ സാഹചര്യങ്ങളോടോ വസ്തുക്കളോടോ അവസ്ഥയോടോ ആവാം. ഇങ്ങിനെ സംഭവിച്ചാൽ അതിൽ നിന്ന് അകലേണ്ടി വരുന്ന സാഹചര്യങ്ങൾ അവർക്ക് വേദനാജനകമായിരിക്കും. ഇവിടെ മനസ്സിൻറെ വിവിധ തലങ്ങളും അവയിലെ പ്രോഗ്രാമുകളുമാണ് പ്രവർത്തിക്കുന്നത്. രണ്ടു കമിതാക്കളുടെ ഊർജ്ജ ശരീര ചിത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നത്.

ഊർജ്ജ ശരീരത്തിൽ നടക്കുന്ന പല പ്രവർത്തനങ്ങളും ബോധ മനസ്സിൻറെ നിയന്ത്രണത്തിലല്ല നടക്കുന്നത്. കമ്പ്യൂട്ടറുകളിൽ പ്രോഗ്രാമുകൾ ഉപയോഗിക്കുന്നതുപോലെ മനസ്സ് കൊണ്ട് ഇവിടെ പ്രോഗ്രാമുകൾ സ്ഥാപിക്കാനും കഴിയും. ഒരു പ്രത്യേക കാര്യം ചെയ്താൽ ഒരു പ്രത്യേക ഫലം കിട്ടുമെന്ന് ഉറച്ചു വിശ്വസിച്ചാൽ അങ്ങിനെ തന്നെ സംഭവിച്ചേക്കാം എന്നെ പറയുന്നുള്ളൂ, കാരണം നേരത്തെ തന്നെ ഊർജ്ജ ശരീരത്തിലുള്ള പ്രോഗ്രാമുകളുടെ അവസ്ഥയും കൂടി പരിഗണിച്ചാലെ ഇതിനു തീരുമാനമാകൂ. അതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് ഒരാളുടെ ജന്മ ലക്ഷ്യവും. ഒരാത്മാവ് എന്തുദ്ദേശത്താലാണോ ശരീരം സ്വീകരിച്ചത് ആ ലക്ഷ്യത്തിൽ നിന്ന് മാറുന്ന ഒരു പ്രോഗ്രാമും ആരുടേയും ജീവിതത്തിൽ പ്രവർത്തിക്കണമെന്നില്ല. എന്ത് ചെയ്താലും എൻറെ തലവേദന പോകില്ലായെന്നുള്ള ഒരു ശക്തമായ പ്രോഗ്രാം ഉള്ളിൽ കിടപ്പുണ്ടെങ്കിൽ മറ്റു ലഘു പ്രോഗ്രാമുകൾക്കും കൂടുതലൊന്നും ചെയ്യാനുണ്ടാവില്ല. ഈ പ്രോഗ്രാമുകളുടെയും ആകെ ഊർജ്ജ ശരീരത്തിന്റെയും ഒരു പതിപ്പ് ഒരുവൻ ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളിലും അവൻ ആയിരിക്കുന്നിടത്തും അവൻറെ ഭൌതിക അസാന്നിദ്ധ്യത്തിലും അവശേഷിക്കും; മറ്റൊരാൾ ഉപയോഗിച്ച വസ്തുക്കൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കുക. ഊർജ്ജ വലയത്തിന്റെ സമന്വയത്തിലൂടെ, പരസ്പരം മനസ്സിലാക്കുക മാത്രമല്ല അറിവുകൾ കൈമാറാനും കഴിയും. ഭഗവാൻ കൃഷ്ണൻ അർജ്ജുനന് ഗീത ഉപദേശിച്ചു കൊടുത്തത് വാക്കുകളിലൂടെ ആയിരുന്നിരിക്കാൻ ഇടയില്ല, അതിനുള്ള സമയം അവർക്കുണ്ടായിരുന്നില്ല. ഗുരു സാന്നിദ്ധ്യം എപ്പോഴും എല്ലാവരും ഇഛിക്കുന്നതിന്റെ പിന്നിൽ ഇങ്ങിനെയും ഒരു ശാസ്ത്രമുണ്ട്.

ഊർജ്ജ ശരീരങ്ങളെപ്പറ്റിയും ചക്രാകളെപ്പറ്റിയും പ്രാണായുടെ പ്രവർത്തനങ്ങളെപ്പറ്റിയുമൊക്കെ ഇങ്ങിനെ ചുരുക്കം ചില സത്യങ്ങൾ മനസ്സിലാക്കിയാൽ തന്നെ എത്രമാത്രം തെറ്റായ ധാരണകളായിരുന്നു നാം പരിചരിച്ചുകൊണ്ടിരുന്നതെന്ന് മനസ്സിലാകും. ഒരു ശരിയായ ധാരണയോടെ വി. ഗ്രന്ഥങ്ങൾ വായിച്ചാൽ വളരെ വ്യത്യസ്തമായ ഒരർത്ഥമായിരിക്കും ഓരോരുത്തർക്കും കിട്ടുക. എല്ലാ മതങ്ങളിലെയും ഉൾക്കാഴ്ചയുള്ള ദാർശനികർ മതത്തിന്റെ ചട്ടക്കൂട്ടിൽ നിൽക്കുന്നവരായിരുന്നില്ല; രണ്ടു കൂട്ടരുടെയും മനസ്സിലാക്കൽ വ്യത്യസ്തമായിരുന്നതാണ് കാരണം. അവരുടെ ധ്യാനം നിശ്ശബ്ദതയിലൂടെ ആഴങ്ങളിലേക്ക് ഊളിയിട്ടിറങ്ങി തെളിമയാർന്ന ഊർജ്ജശരീരം സ്വരൂപിക്കുന്നതിന് വേണ്ടിയായിരുന്നു, അത് വിപ്ലവകരമായ ഒരു പരിണാമം ലക്ഷ്യം വെച്ചുള്ളതുമായിരുന്നു. അവർക്ക് മാത്രമായി ഒരു സ്വർഗ്ഗം ഉണ്ടെന്ന് അവരാരെങ്കിലും കരുതിയിരുന്നെന്നും ഞാൻ ചിന്തിക്കുന്നില്ല. അവർ വളരുന്നതിന് ആനുപാതികമായി ലോകവും വളരണമെന്നെ അത്തരക്കാർ ആഗ്രഹിക്കുകയുമുള്ളൂ. ഇവിടെ ചിലത് മായയിൽ കുടുങ്ങിക്കിടക്കുമ്പോൾ ഒരാൾക്ക് മാത്രമായി എന്ത് രക്ഷ? എഴുതപ്പെട്ടതിനും കാണപ്പെടുന്നതിനും പുതിയ വ്യാഖ്യാനങ്ങൾ നൽകാൻ ശേഷിയുള്ള പുതിയ മനുഷ്യരായി ഓരോരുത്തരും മാറുമ്പോൾ ലോകം ആത്മിയമായി തളരുകയായിരിക്കില്ല, വളരുകയായിരിക്കും ചെയ്യുക.



# ചിന്തകളുടെ ലോകം

## 16

ഒരു സാധാരണ മനുഷ്യൻ ദിവസവും അറുപതിനായിരത്തോളം ചിന്തകളും പതിനായിരത്തോളം വാക്കുകളും കൈകാര്യം ചെയ്യുന്നുവെന്നാണ് ഇതെപ്പറ്റിയുള്ള പഠനങ്ങൾ പറയുന്നത്. ഉപയോഗിക്കുന്ന ബഹുഭൂരിപക്ഷം വാക്കുകളും അസ്ഥാനത്താണ് പ്രയോഗിക്കപ്പെടുന്നതെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു. ചിന്തകളുടെ കാര്യത്തിലും ഇതൊക്കെ തന്നെ സ്ഥിതി. നാം ആർജ്ജിക്കുന്ന സൂക്ഷ്മോർജ്ജത്തിൻറെ 80% വും തലയാണ് ചിലവിടുന്നത്, അതാകട്ടെ, കൂടുതലും വൃഥാ ചിന്തിക്കാനും സംസാരിക്കാനുമായാണെന്നത് അറിയുമ്പോൾ ഒരു വിഷമം തോന്നുന്നുണ്ടാവും. ഊർജ്ജനഷ്ടം ഒഴിവാക്കാനാണ് എല്ലാ അർത്ഥത്തിലുമുള്ള പഞ്ചേന്ദ്രിയങ്ങളുടെ ബന്ധനം ആചാര്യന്മാർ ഇഷ്ടപ്പെട്ടിരുന്നത്. സൃഷ്ടിയുടെ പടവുകളാണ് ചിന്ത, വാക്ക്, ക്രിയ. ഇതിൽ ആദ്യത്തെ രണ്ടു നടപടികളിലും പിഴച്ചാൽ സൃഷ്ടി വികലമായിരിക്കും എന്നത് അംഗീകരിക്കാതിരിക്കാൻ പറ്റുമോ? ആ അർത്ഥത്തിൽ, ആവശ്യമില്ലാത്ത ചിന്തകളും വാക്കുകളും ദോഷം ചെയ്യുമെന്ന് കാണണം. അതായത്, നമ്മുടെ ഭാവി തകർക്കുന്നത് നാം തന്നെയാണെന്നത് നാം കാണുന്നില്ല. 'നീ തന്നെയാണ് നിൻറെ നാഥൻ, നീ തന്നെ നിൻറെ ഭാവിയും നിശ്ചയിക്കുന്നു' വെന്നാണ് ബുദ്ധിസ്റ്റ് പ്രമാണം. ഇവിടെയാണ്, ഒരു വ്യക്തി തത്വസംഹിതകളും പ്രസ്ഥാനങ്ങളുമായി ഇടയുന്നത്. മതങ്ങൾ പറയുന്നു, നിങ്ങൾക്ക് വേണ്ടി ഞങ്ങൾ ചിന്തിക്കാമെന്ന്. മടിയൻ പറയുന്നു, കൊള്ളാം നല്ല കാര്യം, കൂലി ഞങ്ങൾ തന്നുകൊള്ളാമെന്ന്. മടിയൻറെ പണവും ഭാവിയും ഒരുപോലെ അറ്റുപൊയ്ക്കൊണ്ടുമിരിക്കും. ഇത് നാം എന്നും കാണുന്ന ഒരു പ്രതിഭാസം.

വാക്കുകൾ ഊർജ്ജ തരംഗങ്ങളാണെന്ന് നമുക്കറിയാം. ചിന്തകളും അങ്ങിനെ തന്നെ, നമുക്ക് കാണാൻ ആവില്ലായെന്നെയുള്ളൂ. പക്ഷെ, ചിന്തകളുടെ ശക്തിയും സ്വഭാവവുമെല്ലാം രേഖപ്പെടുത്തുന്ന ഉപകരണങ്ങൾ നമുക്കിന്നുണ്ട്. ചിന്തകൾക്ക് രൂപവും നിറവും ഭാരവും പിണ്ഡവും ഗുണവും ശക്തിയും എല്ലാം ഉണ്ടെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. ആത്മീയ ചിന്തകളുടെ നിറം മഞ്ഞയും സ്വാർഥതയുടെ നിറം ഇളം തവിട്ടയും ആണെന്ന് കരുതപ്പെടുന്നു. ചില നിറങ്ങളോടുള്ള നമ്മുടെ ആസക്തി ചിന്താസരണിയുടെ സ്വഭാവവുമായി ബന്ധപ്പെട്ടതാണ്. ഒരേ രീതിയിൽ ചിന്തകളെയും പരുവപ്പെടുത്തുകയാണ് യൂണിഫോമുകളുടെ ലക്ഷ്യം. അതേ സമയം, ഒരു പ്രത്യേക നിറവുമായി ബന്ധപ്പെട്ട ഊർജ്ജചക്രാകളെ ഉത്തേജിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സന്യാസിമാർ കാവി വസ്ത്രം ധരിക്കുന്നത്. വെള്ളയുടെ ലക്ഷ്യവും മറ്റൊന്നല്ല, ഫലം അൽപ്പം വ്യത്യാസമുണ്ടെങ്കിലും. റഷ്യൻ ശാസ്ത്രജ്ഞനായ ഫെയ്ദെവ്, ചിന്തകൾക്കനുസരിച്ച് മനോശരീരത്തിലെ ആറ്റമുകൾ പുന:ക്രമീകരിക്കപ്പെടുന്നുവെന്നും തത്തുല്യമായ അനുരണനങ്ങൾ ഭൌതിക ശരീരത്തിൽ സംഭവിക്കുമെന്നും തെളിയിച്ചു. ചിന്തകളുടെ ശരീരത്തിലുണ്ടാകുന്ന ഫലങ്ങളെപ്പറ്റി മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ, നിയന്ത്രിത സാഹചര്യത്തിൽ കായിക പരിശീലനം നടത്തിയ ആളുകളിൽ 33% പേർക്ക് പേശീവളർച്ച സംഭവിച്ചുവെന്നു രേഖപ്പെടുത്തിയപ്പോൾ, കായിക പരിശീലനം നടത്തുന്നതായി ചിന്തിക്കുക മാത്രം ചെയ്ത രണ്ടാമത് വിഭാഗത്തിലെ 18% ആളുകളിലും അതേ തോതിലുള്ള പേശീവളർച്ച കാണാനായി. സൈക്കോന്യൂറോഇമ്മ്യൂണോളജി പറയുന്നത് എല്ലാ ചിന്തകളും എൻഡോക്രൈൻ ഗ്ലാണ്ടുകളെ സ്വാധീനിക്കുന്നുവെന്നാണ്.

പ്രപഞ്ചത്തിൻറെ ഉത്ഭവത്തെ സംബന്ധിച്ചിട്ടുള്ള ദുരൂഹതകൾ ഇപ്പോഴും അവശേഷിക്കുന്നു. എങ്കിലും, ചിന്ത വാക്ക്പ്രവൃത്തി (ചിന്തവചനംമാംസം) ഈ പടികളുടെ പ്രസക്തി ആരും ചോദ്യം ചെയ്യുന്നില്ല. സൃഷ്ടി പൂർണ്ണമായിട്ടില്ലെന്നും പ്രപഞ്ചം ഇപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്നുവെന്നും നമുക്കറിയാമല്ലോ. ഒരു മനുഷ്യൻറെ ചിന്തകൾക്കുള്ള സൃഷ്ടിക്കാനുള്ള ശേഷിയും മനുഷ്യൻ കണ്ടെത്തിയിട്ടുണ്ട്, അളന്നിട്ടുമുണ്ട്. ചിന്തകളുടെ പ്രവർത്തനം മനസ്സിലാക്കാൻ ചാൾസ് ലെഡ്ബീറ്റർ എന്ന ഗവേഷകൻ പരിചയപ്പെടുത്തുന്ന എലമെന്റൽ സിദ്ധാന്തം മനസ്സിലാക്കിയാൽ മതി. അദ്ദേഹം പറയുന്നത് നമ്മൾ തിരിച്ചറിഞ്ഞിട്ടുള്ള ബോധത്തിൻറെ പല അടുക്കുകളിൽ ഉപബോധമനസ്സിൻറെ തലങ്ങളാണ് ഒരു ലക്ഷ്യം വിക്ഷേപിക്കാൻ പറ്റിയ വിക്ഷേപണത്തറകൾ എന്നാണ്. അതായത്, ഒരു ലക്ഷ്യം സൃഷ്ടിക്കാൻ ബോധമനസ്സിനെക്കാൾ ശക്തി ഉപബോധമനസ്സിനാണ് എന്നർത്ഥം. ബോധമനസ്സിൽ നിന്നും ഉപബോധമനസ്സിലേക്ക് മനുഷ്യൻ വഴുതുന്ന

സന്ധ്യക്കും, ഉപബോധമനസ്സിൻറെ പിടിയിൽ നിന്നും സാവധാനം ഉണരുന്ന പ്രഭാതത്തിലും ചെയ്യുന്ന പ്രാർത്ഥനകൾക്ക് ബലം കൂടും. ഇതുപോലെ ബോധ മനസ്സ് മയങ്ങുന്ന അനുഭവങ്ങൾ സൃഷ്ടിക്കാൻ പഞ്ചേന്ദ്രിയങ്ങളെ ഉദ്ദീപിപ്പിക്കുന്ന തന്ത്രങ്ങൾക്ക് കഴിയും. പക്ഷെ, ഇവ കൃത്രിമമായതുകൊണ്ട് നിയന്ത്രിത സാഹചര്യങ്ങളിലെ പ്രയോജനപ്പെടൂ.

ഒരു ഇശ്ചയെ (ലക്ഷ്യം) ചാൾസ് ലെഡ്ബീറ്റർ ഒരു എലമെന്റൽ ആയി പരിചയപ്പെടുത്തുന്നു. ഈ എലമെന്റലിലുള്ള ഇശ്ചയാണ് പിന്നീട് സ്വയം പ്രവർത്തിച്ചു ക്രിയയാകുന്നതെന്ന് അദ്ദേഹം പറഞ്ഞു. സ്വരൂപിക്കുന്ന എലമെന്റലിന്റെ ശക്തി വ്യത്യസ്തമായിരിക്കും. ശക്തനായ ഒരാചാര്യൻറെ ഇശ്ച അപ്പോൾ തന്നെ ക്രിയയാകാൻ മാത്രം ശക്തിയുള്ളതാവാം. ശാപവും ഒരിശ്ച തന്നെ. ഗുരുക്കന്മാർക്ക് ഒരു എലമെന്റിന്റെ ശക്തി ബഹുമടങ്ങ് കൂട്ടാൻ ശേഷിയുണ്ട്. അതുകൊണ്ടാണ് ഗുരുവിൻറെ അനുഗ്രഹത്തിനു നാം ഇത്രമേൽ പ്രാധാന്യം കൊടുക്കുന്നത്. ഒരാൾ സ്ഥാപിച്ച ഇശ്ചയുടെ ശേഷി നിർവ്വീര്യമാക്കാൻ വിരുദ്ധ ചിന്തകൾക്ക് കഴിയും. കഴിയുന്നതും ശാപവാക്കുകൾ ഏക്കാതിരിക്കാനും ഇശ്ചകൾ സ്ഥാപിക്കുന്നവർക്ക് കഴിഞ്ഞാലെ മനോഹരമായ ഒരു സൃഷ്ടിയും സാദ്ധ്യമാകൂ. ഒരേ ഇശ്ച വീണ്ടും നമ്മൾ രൂപീകരിക്കുമ്പോൾ ഈ എലമെന്റലിൻറെ ശക്തി രണ്ടാകും. പലപ്രാവശ്യം ഇതാവർത്തിച്ചാൽ എലമെന്റലിന്റെ ശക്തി ആനുപാതികമായി കൂടിക്കൊണ്ടിരിക്കും. പലര് കൂടി ആവർത്തിച്ചാലും ഇത് തന്നെ സ്ഥിതി. സമൂഹ പ്രാർഥനകൾ ഒരു നല്ല ഉദാഹരണമാണ്. ഗൃഹ പ്രവേശം മുതലായ ചടങ്ങുകളിൽ പരമാവധി ആളുകളെ പങ്കെടുപ്പിച്ചു സന്തോഷിപ്പിക്കുന്നതിന് പിന്നിലുള്ള രഹസ്യവും ഇത് തന്നെ. ഒരു നിശ്ചിത ശക്തി ഈ എലമെന്റലിനു കിട്ടുമ്പോൾ അത് സ്വയം ഉചിതമായി പ്രവർത്തിക്കുന്നു, അപ്പോൾ ഒരാൾ രൂപീകരിച്ച ഇശ്ച യാഥാർത്ഥ്യമാവുകയും ചെയ്യും. എല്ലാ സൃഷ്ടിയുടെയും പ്രവർത്തന രീതി ഇതാണ്.

ഇവിടെ അൽപ്പം വിശദീകരണം കൂടി ആവശ്യമുണ്ട്. നല്ല ഒരു ഭാവിക്ക് കൃത്യമായതും വ്യക്തമായതുമായ ഒരു എലമെന്റൽ രൂപീകരിക്കപ്പെടണം. ഇതാണ്, നിങ്ങൾ ആരായിത്തിരണം എന്നാണ് ആഗ്രഹിക്കുന്നതെന്ന് കുട്ടികളായിരിക്കുമ്പോഴേ അദ്ധ്യാപകർ നമ്മോടു ചോദിക്കുന്നത്. ആ ലക്ഷ്യം ഓരോ പ്രാവശ്യം മനസ്സിൽ കാണുമ്പോഴും ആ എലമെന്റലിൻറെ ശക്തിയും കൂടിക്കൊണ്ടിരിക്കുന്നു. ഇങ്ങിനെ എലമെന്റലിന്റെ ശക്തി കൂട്ടിക്കൊണ്ടിരിക്കുന്നതിലും കാര്യമില്ല. ഇതാണ് അതിൻറെ അർത്ഥം എന്ന് പ്രപഞ്ചത്തിനു (ഈശ്വരന്) മനസ്സിലായാലെ പ്രവൃത്തി സംഭവിക്കുന്നുള്ളൂ, കാരണം പ്രവൃത്തിക്കേണ്ടത് ഇശ്വരനാണല്ലോ. എലമെന്റലിന്റെ കാതൽ എന്താണെന്ന് ഈശ്വരന് മനസ്സിലാക്കുന്നത് അത് നമ്മൾ പറയുമ്പോഴും അതിനു വേണ്ടി നമ്മൾ ഒരുങ്ങുമ്പോഴുമാണ്. ചുരുക്കി പറഞ്ഞാൽ ഒരു കുട്ടിയുടെ ആഗ്രഹം ഒരു ഡോക്ടറാവണം എന്നാണെങ്കിൽ ഡോക്ടർ ആയാൽ എങ്ങിനെയോ അതിനനുസരിച്ചു ആ കുട്ടി പെരുമാറുകയും പ്രവൃത്തിക്കുകയും വേണം. ഒരു സ്യൂട്ട് വാങ്ങാൻ വേണ്ടി കുടുക്കയിൽ സ്ഥിരം പണം ഇടുക, കൺസല്ട്ടെഷന് സൌകര്യമുള്ള മുറി വീട്ടിൽ ഒരുക്കുക തുടങ്ങിയ കാര്യങ്ങൾ ഈ കുട്ടി ചെയ്യുകയും അതിനായി എല്ലാ സാഹചര്യങ്ങളും ക്രമപ്പെടുത്തുകയും ചെയ്യുമ്പോൾ ഈശ്വരന് കാര്യം പിടികിട്ടും. ചോദിക്കുന്നവരോടെല്ലാം ഞാൻ ഡോക്ടർ ആവാനാണ് പഠിക്കുന്നതെന്നു പറയുമ്പോഴും കാര്യം പിടികിട്ടും. ഏതെല്ലാം മാർഗ്ഗത്തിലൂടെ ഈ ലക്ഷ്യം പ്രപഞ്ചത്തെ അറിയിക്കുന്നോ അത്രയും നല്ല രീതിയിൽ കാര്യം സാധിക്കപ്പെടുകയും ചെയ്യും. ഇവിടെ, സംശയത്തിൻറെ അംശങ്ങൾ എവിടെയെങ്കിലും വന്നാൽ ഫലത്തിലും വൈകല്യങ്ങളും തടസ്സങ്ങളും അനുഭവപ്പെടും. ചുരുക്കത്തിൽ, ഒരു ഡോക്ടർ ആവാൻ ആഗ്രഹിക്കുന്നവൻ ഡോക്ടർ ആയാൽ എങ്ങിനെയോ അങ്ങിനെ തന്നെ ജീവിതം ചിട്ടപ്പെടുത്തണമെന്ന് മാത്രമല്ല, മറിച്ചുള്ള ചിന്തകൾ ഉത്തേജിപ്പിക്കാനും പാടില്ല. വേറൊരു അർത്ഥത്തിൽ പറഞ്ഞാൽ പ്രാർത്ഥന എന്ന് പറയുന്നത് ഉദ്ദേശിക്കുന്ന കാര്യം സാധിച്ചു എന്ന വിചാരത്തോടെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾക്ക് നന്ദി പറയുകയാണ്.

ഇതിനൊക്കെ വെറും വിശ്വാസം പോരാ, Belief ൻറെയും faith ൻറെയും തലം trust എന്ന് പറയുന്ന തലത്തിൽ എത്തിച്ചേരണം. ഇവിടെ മനുഷ്യൻ യാതൊന്നും ചെയ്യുന്നില്ല, എല്ലാം പ്രപഞ്ചം കൃത്യസമയത്ത് ഭംഗിയായി ചെയ്തിരിക്കും എന്ന് നാം അറിഞ്ഞിരിക്കുകയും ചെയ്യും. അലസതയെപ്പറ്റിയല്ല ഞാൻ പറഞ്ഞത്, ഒരുവൻ അതേ സമയം അവനെ ഏൽപ്പിച്ചിരിക്കുന്ന ദൌത്യം തുടരുകയും വേണം. ഓരോന്നും എന്തിനാണ് സംഭവിക്കുന്നതെന്ന് ഇവിടെ ആരും ചിന്തിക്കുകയുമില്ല, ഒന്നിനെയും യുക്തികൊണ്ട് ബന്ധിപ്പിക്കുകയുമില്ല. സംഭവിക്കുന്നതെല്ലാം നല്ലതിനെന്ന് കണ്ടുള്ള ഒരു ജീവിതം trust ൽ മാത്രമേ സംഭവിക്കൂ. ഇതിലേക്ക് വരാൻ നമ്മെ സഹായിക്കാത്ത മുഴുവൻ തത്ത്വസംഹിതകളും മനുഷ്യന് ദ്രോഹം ചെയ്യും, ഒരു സംശയവും വേണ്ട.

പോസിറ്റീവ് തിങ്കിംഗ് എന്ന് പറയുന്നത് ശാസ്ത്രിയമാണെങ്കിലും കാതൽ ഇത് തന്നെ. പ്രപഞ്ചത്തിൻറെ ശക്തിയെപ്പറ്റി സംശയിക്കുന്നവരാണ് അൽപ്പം മുന്നിലേക്ക് മാത്രം നീളുന്ന പരിമിതമായ യുക്തിയെ ആശ്രയിക്കുന്നത്. പ്രപഞ്ചം ആർക്കെന്തെങ്കിലും നൽകുന്നുവെങ്കിൽ അത് സമൃദ്ധമായിട്ടാണെന്ന് കാണാൻ നാം വിഷമിക്കുന്നു. ശ്വസിക്കാനുള്ള വായുവും കുടിക്കാനുള്ള വെള്ളവും ഉപയോഗിച്ച് തീർക്കാൻ നമുക്കാവില്ലെന്ന് ഓരോരുത്തരും അറിയുകയും ചെയ്യുന്നുവെന്നതാണ് വൈരുദ്ധ്യം. ഇവിടെ, ഓരോ കണികയും പ്രപഞ്ചത്തിൻറെ ഉള്ളം കൈയ്യിലാണ് എന്ന് ഓരോന്നിനും തോന്നത്തക്ക രീതിയിലാണ് പ്രപഞ്ചം ആയിരിക്കുന്നത്. ഇതാണ് ഏറ്റവും വലിയ അത്ഭുതവും. സ്ഥാപിച്ചിരിക്കുന്ന ലക്ഷ്യം പതറിപ്പോകാൻ പിന്നെയുമുണ്ട് കാരണങ്ങൾ. ഞാനത് അർഹിക്കുന്നില്ലെന്ന ചിന്ത, എനിക്കതിനു ശേഷിയില്ലെന്ന ചിന്ത, എനിക്കത് കിട്ടുകയില്ലെന്ന ചിന്ത, സാങ്കേതിക ബുദ്ധിമുട്ടുകൾ എങ്ങിഎൻ പരിഹരിക്കുമെന്നുള്ള ചിന്ത, വേണ്ട പണം എങ്ങിനെ കണ്ടെത്തുമെന്ന ചിന്ത ... അങ്ങിനെ പലതും. ഇതൊക്കെ ലക്ഷ്യത്തെയും വികലമാക്കും. ഇതെല്ലാം കൈകാര്യം ചെയ്യാനുള്ള ശേഷി പ്രപഞ്ചത്തിനുണ്ടെന്ന് വിശ്വസിക്കണമെങ്കിലും ഓരോരുത്തരും വെറും ഉപകരണങ്ങൾ മാത്രമാണെന്ന് മനസ്സിലാക്കണമെങ്കിലും trust അത്യാവശ്യമാണ്.



# എങ്ങിനെ ചിന്തിക്കണം?

**17**

എങ്ങിനെ ഒരാളുടെ ഉപബോധ മനസ്സിനെ പ്രോഗ്രാം ചെയ്യാമെന്ന് ജൊസഫ് മർഫി എഴുതിയ **'Powers of the Subconscious mind'** എന്ന ഗ്രന്ഥം വളരെ വിശദമായി വിവരിക്കുന്നു. അന്ധവിശ്വാസങ്ങൾക്കൊണ്ടായാലും എങ്ങിനെ അത്ഭുത രോഗശാന്തികൾ സംഭവിക്കുന്നുവെന്നും ഈ ഗ്രന്ഥം വിശദീകരിക്കുന്നു. ഇവിടെ വളരെ പ്രാധാന്യത്തോടെ അറിയേണ്ട ഒരു കാര്യം, നാം സംസാരിക്കുന്നതെന്തോ അത് മനസ്സിലുള്ള പ്രോഗ്രാമുകളെ സൂചിപ്പിക്കുന്നുവെന്നതാണ്. മുഖഭാവങ്ങൾ അത് പ്രതിഫലിപ്പിച്ചിരിക്കും. വാക്കുകൾ സൃഷ്ടിയുടെ ഇടയിലുള്ള ഒരു സുപ്രധാന കണ്ണിയാണ് (വചനമാണ് മാംസമാകുന്നത്), അവ വളരെ സൂക്ഷിച്ച് ഉപയോഗിക്കേണ്ടവയുമാണ്. നാം ഇശ്ചിക്കുന്നത് വാക്കുകളിലൂടെ സൃഷ്ടിക്കപ്പെടുന്നു, തമാശക്കാണെങ്കിൽ പോലും, നാം പറയുന്നതെന്തോ അതാവും സംഭവിക്കുക. ചിലത് സംഭവിക്കുന്നത് നാം പറയുന്നതുകൊണ്ടും ഭയപ്പെടുന്നതുകൊണ്ടുമാണെന്നത് ശ്രദ്ധിക്കാതിരുന്നാൽ കൂടുതൽ വലിയ അപകടങ്ങൾ ഉണ്ടാവാൻ മതി. നാമെന്തിനെയാണോ ഭയക്കുന്നത് അത് സംഭവിക്കും എന്ന് ഒരു ചൊല്ല് തന്നെയുണ്ട്. അങ്ങിനെ സംഭവിക്കും എന്നൊരു പ്രോഗ്രാം ഉള്ളിൽ ഉള്ളതുകൊണ്ടാണ് നമ്മിൽ ഭയം ഉണ്ടാകുന്നത്. ഇത്തരം വിരുദ്ധ പ്രോഗ്രാമുകൾ ഉള്ളിൽ നിന്ന് എടുത്തു മാറ്റാനും ഉപായങ്ങളുണ്ട്. ഒരു വ്യക്തിയുടെ ഒരു നിമിഷം സൃഷ്ടിക്കപ്പെടുന്നത് മൂന്നു കാരണങ്ങളാലാണ്: നിയന്ത്രണമില്ലാതേ ഉള്ളിൽക്കൂടി കടന്നുപോവുന്ന ചിന്തകളാൽ (uncotnrolled thoughts), പ്രത്യേക ഇശ്ചയിലേക്ക് നയിക്കുന്ന നിയന്ത്രിത ചിന്തകളാൽ (creative thoughts) സമൂഹബോധതലം (collective consciousness) സ്വയം തിരഞ്ഞെടുക്കുന്ന ചിന്തകളാൽ. എന്തായാലും മതിയായ ്രൗൈ ഒപ്പം ഉണ്ടെങ്കിലേ സുന്ദരമായ ഒരു സൃഷ്ടിയും രൂപപ്പെടൂ.

പോസിറ്റിവ് തിങ്കിംഗിൻറെ ഫലം ശരീരത്തിലും  അനുഭവപ്പെടും. നാം സന്തോഷവാന്മാരായിരുന്നാൽ ശരീരത്തിലെ മുഴുവൻ കോശങ്ങളും സന്തോഷവാന്മാരായിരിക്കും. ഇത് രോഗാവസ്ഥയിലുള്ള സെല്ലുകളെ സ്വാധീനിക്കുകയും ചെയ്യും. ഒരു മരുന്നിലോ ഒരു വൈദ്യനിലോ ഉള്ള വിശ്വാസം മാത്രം മതി മാരക രോഗങ്ങളിൽ നിന്ന് പോലും രക്ഷപ്പെടാൻ. ഇതിനെ ജഹമരലയീ ളളലരേ എന്ന് വിളിക്കും. ഒരു പ്രത്യേക ശരീരഭാഗം സുഖപ്പെടുന്നുവെന്നു നിങ്ങള്ക്ക് ചിന്തിക്കാൻ കഴിയുന്നുവെങ്കിൽ അവിടെ സൌഖ്യവും ആരംഭിച്ചിരിക്കും. എങ്ങിനെയാണോ ഒരു അവസരം ആയിരിക്കേണ്ടതെന്ന് ഒരാൾ കരുതുന്നുവോ അതുപോലെ തന്നെ അത് ഭാവനയിൽ കാണുക. അതങ്ങിനെതന്നെ സംഭവിക്കുന്നത് പോലെ പെരുമാറുകയും ചെയ്താൽ പ്രപഞ്ചത്തിൻറെ അത്ഭുതകരമായ  പ്രവർത്തനം കാണാം. സംശയത്തിൻറെ ഒരു നാമ്പ് പോലും ഇടയിൽ ഉണ്ടാവാൻ പാടില്ല. വി. ബൈബിളിൽ ലാസ്സറസ്സിനെ യേശു ഉയർപ്പിച്ച ഒരു സംഭവം വിവരിക്കുന്നുണ്ട്. മരിച്ചിട്ട് മൂന്നു ദിവസം കഴിഞ്ഞ ഒരാളുടെ കല്ലറയുടെ മുമ്പിൽ നിന്ന് 'പിതാവേ എൻറെ പ്രാർത്ഥന കേട്ടതിനു ഞാൻ നന്ദി പറയുന്നു, ലാസ്സറെ പുറത്തു വരിക' എന്ന് പറയുമ്പോൾ ലാസ്സർ ജീവിച്ചിരിക്കുകയായിരുന്നില്ലായെന്ന് ഓർക്കുക. പക്ഷെ, അങ്ങിനെ ഒരവസ്ഥയെപ്പറ്റിയല്ല യേശു സംസാരിച്ചതും ചിന്തിച്ചതും. ഇത്തരം ഒരു സമീപനത്തെയാണ് കടുക് മണിയോളം വലിപ്പത്തിലെങ്കിലും ഉള്ളിൽ ഉണ്ടായിരിക്കണമെന്ന് യേശു സൂചിപ്പിച്ചത്. ഇത്രയും ശക്തമായ ഒരു വിശ്വാസതലം ഉള്ളിലുള്ള ആർക്കും ഈ അത്ഭുതം ചെയ്യാവുന്നതേയുള്ളൂ. സ്വയം അങ്ങിനെ ഒരവസ്ഥാവിശേഷം ഉണ്ടാക്കാൻ ത്രാണിയില്ലെന്നു തോന്നുവർക്ക് ഈശ്വരസാന്നിദ്ധ്യം സങ്കൽപ്പിക്കുന്നത് പ്രയോജനം ചെയ്യും.  അത് ശരിയായാൽ ഇങ്ങിനെ ചെയ്യാം, ഇത് ശരിയാകുമോയെന്നു നോക്കട്ടെ  എന്നൊക്കെ ഒരിക്കലും പറയാൻ പാടില്ല, ചെറിയ കാര്യത്തിൽ ആയാൽ പോലും. പക്ഷെ, അത്യാഗ്രഹവും അമിതാത്മവിശ്വാസവും അപകടം വരുത്തും. ചിന്തിക്കുന്നതെന്തും പ്രകൃതിയുടെ നിയമങ്ങളോട് പൊരുത്തപ്പെടുന്നതാവണം. ചിന്തകളുടെ പ്രവർത്തനം മനസ്സിലാക്കിയാൽ ഒരു വ്യക്തിയും ഒരു സ്ഥിതി വിശേഷവും സ്വയം അങ്ങിനെ ആകുന്നതല്ല, ബോധപൂർവ്വമുള്ള ചിന്തകളിലൂടെ രൂപപ്പെട്ടതാണെന്നും കാണാം. പോസിറ്റിവ് ചിന്തകൾ എല്ലാ നിമിഷവും ഉണ്ടായിരിക്കാൻ പരിശീലിക്കേണ്ടത് അത്യാവശ്യമാണ്.

നെഗറ്റിവ് ചിന്തകൾ അപകടം വിളിച്ചു വരുത്തുമെന്ന് പറഞ്ഞു. നെഗറ്റിവ് ഇശ്ചയുള്ള എലമെൻടലുകൾ അനേകം പേർ സൃഷ്ടിച്ചത് ഒരുമിച്ചു ചേർന്നുണ്ടാക്കിയ വിപത്താണ് അമേരിക്കയിലെ ടിൻ ടവർ ദുരന്തം. ഇതുപോലൊരു രംഗം അമേരിക്കയിൽ ഏറെ വായിക്കപ്പെട്ട ഒരു നോവലിലുമുണ്ടായിരുന്നു, ഒരു ഹോളിവുഡ്

ചിത്രത്തിലുമുണ്ടായിരുന്നു. ലക്ഷക്കണക്കിന് ആളുകൾ അത് ഭാവനയിൽ കണ്ടു, അത് യാഥാർത്ഥ്യവുമായി. പല പ്രസ്ഥാനങ്ങളിലും അല്ലെങ്കിൽ രാഷ്ട്രങ്ങളിലും ഉള്ളിൽ രൂപം കൊള്ളുന്ന അസ്വസ്ഥതകൾ വളർന്നു വരുന്നത്, അത് എത്ര വലുതാണെങ്കിലും ശക്തമാണെങ്കിലും ദോഷം ചെയ്യുമെന്നുള്ളത് നിസ്തർക്കമായ കാര്യം തന്നെ. പ്രശ്നങ്ങളെ അതിൻറെ ശൈശവാവസ്ഥയിൽ തന്നെ ഉന്മൂലനം ചെയ്യുകയെന്നതാണ് അറിവുള്ളവർ ചെയ്യുന്നത്. ജനങ്ങളുടെ ഉള്ളിൽ അക്രമവാസന വർദ്ധിക്കുന്നത് അക്രമങ്ങൾ പെരുകാൻ കാരണമാകുന്നുണ്ട്. ഹിട്ലർ ഒരു വ്യക്തിയാണെന്ന് കരുതാൻ പാടില്ല. അനേകം ആളുകൾ വർഷങ്ങളായി മനസ്സിൽ കരുതിയ വംശവിദ്വേഷ ചിന്തകൾ ഒരു വ്യക്തിയിലൂടെ പുറത്തു വന്നുവെന്നെയുള്ളൂ. ഈ ലോകത്തു നടക്കുന്ന പല കണ്ടു പിടുത്തങ്ങളുടെ കാര്യത്തിലും ഇത് ശരിയാണ്. ആകാശത്തുകൂടെ സഞ്ചരിക്കാനും, ചന്ദ്രനിൽ കാലുകുത്താനുമൊക്കെയുള്ള അനേകരുടെ ഇശ്ചയാണ് ഓരോരുത്തരിലൂടെ യാഥാർത്ഥ്യമാകുന്നത്. നെഗറ്റിവ് ചിന്തകളാണ് ദരിദ്രരെ സൃഷ്ടിക്കുന്നത്. ദാരിദ്ര്യത്തിനെതിരായി പൊരുതണം എന്നൊരാൾ പറയുന്നത് തന്നെ ഒരു ദരിദ്രൻ കൂടിയെങ്കിലും ജനിക്കാൻ കാരണമാകും. നെഗറ്റിവ് ചിന്തകൾ ശല്യപ്പെടുത്തുന്നുവെങ്കിൽ ഉപബോധ മനസ്സിനെ പ്രവൃത്തിവാക്ക്ചിന്ത പ്രക്രിയയിലൂടെ തിരുത്താൻ കഴിയും. ഇവിടെ, എനിക്കത് ആവില്ലാ എന്നതിനു പകരം എനിക്കത് ആവും എന്ന ചിന്തയോടെ പ്രവൃത്തിച്ചു തുടങ്ങുകയും ആവുന്നു എന്ന് പറയുകയും അങ്ങിനെ തന്നെ ചിന്തിക്കുകയും ചെയ്താൽ മതി. പ്രപഞ്ചത്തിന് നിങ്ങളെ സഹായിക്കാൻ ഒരു പ്രത്യേക പദ്ധതിയുണ്ടെന്ന് തന്നെ വിശ്വസിക്കുന്നത് നല്ലത്, അത് സത്യമാണ് താനും.

ഊർജ്ജം നശിക്കുന്നില്ലാത്തതുകൊണ്ട് പ്രപഞ്ചത്തിൽ ആരൊക്കെ എന്തൊക്കെ ചിന്തിച്ചോ അത് മുഴുവൻ എപ്പോഴും നമുക്ക് ചുറ്റുമുണ്ട്. അചിന്തനീയമായ എണ്ണം ചിന്താ തരംഗങ്ങളുടെ ഒരു മഹാസമുദ്രത്തിലൂടെ നാം നീന്തിക്കൊണ്ടിരിക്കുന്നു. ഈ മഹാ സമുദ്രമാകട്ടെ പ്രപഞ്ചം മുഴുവൻ നിറഞ്ഞുമിരിക്കുന്നു. ഒരാൾ ഒരിടത്തിരുന്ന് ചിന്തിക്കുന്നത് പ്രപഞ്ചം മുഴുവൻ വ്യാപിക്കുന്നുവെന്ന സത്യം നാം ശ്രദ്ധിക്കുന്നില്ല. നമ്മുടെ ചിന്തകൾ അനേകർ വായിക്കുന്നുവെന്നത് മറ്റൊരു സത്യം. ഈ അവസ്ഥയെ ആകമാന ബോധതലം (Total Consciousness) എന്ന് വിളിക്കുന്നു. ഒരിടത്ത് ഒരു പ്രശ്നത്തിന് ഒരാൾ പരിഹാരം കണ്ടെങ്കിൽ അതെ പ്രശ്നത്തിനു പരിഹാരം തേടുന്ന മറ്റൊരാൾക്കും ആദ്യത്തവൻ കണ്ടെത്തിയ ഉത്തരം ലഭിക്കും. ആധുനിക ശിശുക്കളുടെ ബൌദ്ധിക നിലവാരം കൂടിക്കൊണ്ടിരിക്കുന്നത് ലോകത്താകെ ആനുപാതികമാണ് എന്നത് ഇതിനൊരുദാഹരണം. തീവ്രമായ ഇശ്ച സ്ഥാപിച്ചിട്ടുള്ള എലമെൻ്റലുകളെ കാലാതീതമായി സൂക്ഷിക്കാനുള്ള വിദ്യകൾ പുരാതന സംസ്കാരങ്ങൾ മനസ്സിലാക്കിയിരുന്നു. പിരമിടുകളിൽ ഇപ്പോഴും ചില ശാപങ്ങൾ നിലനിൽക്കുന്നുവെന്നത് ഏതാണ്ട് എല്ലാവരും അംഗീകരിക്കുന്നു. നല്ല ചിന്തകൾ മൂന്നു പ്രാവശ്യം അനുഗ്രഹിക്കപ്പെട്ടതാകുന്നു എന്നാണ് പറയപ്പെടുന്നത്. അത് പ്രസരിപ്പിക്കുന്നവൻറെ മനോശരീരത്തിൻറെ ആരോഗ്യം വർദ്ധിപ്പിക്കും, ആരെ സംബന്ധിക്കുന്നതാണോ ആ ചിന്ത അയാൾക്കത് ഉപകാരപ്പെടും, ആകമാന ബോധാതലത്തിലും അത് വ്യത്യാസം വരുത്തും. ദുർചിന്തകൾ ആദ്യം അതുണ്ടായ കേന്ദ്രത്തെ നശിപ്പിക്കും, മാത്രമല്ല ബൂമറാംഗുകളെപ്പോലെ അത് തിരിഞ്ഞു വന്ന് ആഘാതം ഏൽപ്പിക്കുകയും ചെയ്യും.

ആളുകൾ കാത്തിരിപ്പ് കേന്ദ്രങ്ങളിൽ വരികയും വിശ്രമിക്കുകയും പോവുകയും ചെയ്യുന്നതുപോലെ ചിന്തകൾ മനസ്സിലേക്ക് വരികയും പോവുകയും ചെയ്യും. പലതിനെയും നാം ശ്രദ്ധിക്കാറെയില്ല. ഒരെണ്ണത്തിനെ നാം ശ്രദ്ധിച്ചാലോ പുറത്താക്കാൻ ശ്രമിച്ചാലോ അല്ലെങ്കിൽ ഒന്ന് താലോലിക്കാമെന്നു കരുതിയാലോ? അതിൻറെ ഒരു നൂറു പതിപ്പുകൾ കൂടി അപ്പോൾ തന്നെ മനസ്സിൽ രൂപം കൊള്ളുകയായി. നല്ലത് ചീത്ത എന്നിങ്ങനെ അവയെ തരം തിരിക്കാൻ ശ്രമിച്ചാലും ഇത് തന്നെ സ്ഥിതി. ആചാര്യനായാലും ആശ്രിതനായാലും നടപടിക്രമം എല്ലാം ഒന്ന് തന്നെ. ചിന്തകളിൽ നിന്ന് മോചനം നേടാൻ ഏറ്റവും നല്ല മാർഗ്ഗം അവയെ അവഗണിക്കുകയാണ്. ക്ഷേത്രാങ്കണത്തിൽ ആയിരിക്കുന്ന ഒരാൾ ഈശ്വര ചിന്തകൾക്ക് പെട്ടെന്ന് അധീനനാവുന്നത് അത്തരം ചിന്തകൾ കൂമ്പാരം കൂട്ടിയിട്ടുള്ള ഒരു സ്ഥലത്ത് ആയിരിക്കുന്നതുകൊണ്ടാണ്. അനേകം വർഷം മദ്യശാലയായി പ്രവർത്തിച്ച ഒരു കെട്ടിടത്തിൻറെ സമീപത്തു നിന്നാൽ തന്നെ മദ്യപിക്കാനുള്ള ആസക്തി ഉണ്ടായെന്നിരിക്കും. ദ്രോഹ പ്രവൃത്തികൾ ചെയ്യുന്ന വ്യക്തിയും ഇതുപോലെ പുറത്തുനിന്നുള്ള ചിന്തകളുടെ സ്വാധീനത്തിൽ ആയി പോയതുകൊണ്ട് ദ്രോഹം ചെയ്തു പോയതാവാം. ഊർജ്ജ രശ്മികൾ എല്ലാം തീരുമാനിക്കുന്ന ഈ പ്രപഞ്ചത്തിൽ ഒരു കാര്യം ശരിയെന്നോ തെറ്റെന്നോ പറയാനോ ഒരാൾ നല്ലവനെന്നോ ദുഷ്ടനെന്നോ വിധിക്കാനും മനുഷ്യൻ ആളല്ല.

# എങ്ങിനെ പ്രാർഥിക്കണം?

## 18

പ്രാർത്ഥന ഒരു വ്യക്തിയുടെ ജീവിതത്തിലെ ഒരവിഭാജ്യ ഘടകമാണ്. ഒരു മാതൃകാ പ്രാർത്ഥന എപ്പോഴും ഒരു സൌഖ്യാനുഭവമായിരിക്കും. പ്രാർത്ഥന ഫലിച്ച ഒരനുഭവമെങ്കിലും ഉണ്ടാകാത്ത വ്യക്തികളും കുറവാണ്. പക്ഷെ, പ്രാർത്ഥനയുടെ ശക്തി അസന്നിഗ്ദമായി തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ലാറെ ദോസ്സി എന്ന ഗവേഷകൻ പറയുന്നത്, പ്രാർത്ഥന കൊണ്ടാണ് സംഭവിച്ചതെന്ന് കരുതുന്ന ഒരു കാര്യം പ്രാർത്ഥന കൊണ്ട് മാത്രമാണ് സംഭവിച്ചതെന്ന് പറയാൻ ഒരിക്കലും സാധിക്കില്ലായെന്നാണ്. ക്വാണ്ടം ഫിസിക്സ് പ്രാർഥനയെ നിരീക്ഷിച്ചപ്പോൾ പ്രാർത്ഥനയാൽ ബന്ധിക്കപ്പെട്ട കേന്ദ്രങ്ങൾ തമ്മിൽ ഒരു ഊർജ്ജപ്രവാഹം സംഭവിക്കുന്നുവെന്ന് കണ്ടെത്തി. വസ്തുവിൻറെ അഞ്ചാമത് അവസ്ഥയിലുള്ളതാണ് ഈ പ്രവാഹം എന്നും അവർ പറഞ്ഞു. ഈ ഊർജ്ജത്തെയാണ് ഭാരതം പ്രാണാ എന്ന് വിശേഷിപ്പിക്കുന്നത്. പ്രാർത്ഥനകൾക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെങ്കിലും അത്ഭുതമെന്നു കരുതുന്ന പലതും പ്രാർത്ഥനയുടെ മാത്രം ഫലമല്ലായെന്നും ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. യഥാർത്ഥ പ്രാർത്ഥനയെ ഈശ്വരനുമായുള്ള ഒരു ഒത്തുചേരൽ എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ ബന്ധം നിലനിൽക്കുന്നുവെങ്കിൽ ഓരോ ശ്വാസവും പ്രാർത്ഥനയുമാകും. ഭാരതീയ ചിന്തകൾ അനുസരിച്ച് ഈശ്വരനുമായുള്ള ഈ ബന്ധം വാചികം (speaking), ഉപാംശം (whispering) മാനസം (mental tracing) എന്നിങ്ങനെ മൂന്നു വിധത്തിൽ ആവാം. ഏറ്റവും തൃപ്തിപ്പെടുത്തുന്നത് വാചികവും ഏറ്റവും ശക്തിയേറിയത് ഏറെ ഏകാഗ്രത ആവശ്യമുള്ള ഉപാംശവുമാണ്.

പ്രാർത്ഥനയുടെ ആദ്യ ഘട്ടത്തിൽ മനുഷ്യൻ സംസാരിക്കുകയും ദൈവം കേൾക്കുകയും ചെയ്യുന്നു. ഇതിൻറെ രണ്ടാം ഘട്ടത്തിൽ ദൈവം സംസാരിക്കുകയും മനുഷ്യൻ കേൾക്കുകയും ചെയ്യുന്നു. മൂന്നാം ഘട്ടത്തിൽ നിതാന്തമായ നിശ്ശബ്ദതയാണ്, ആരും സംസാരിക്കുന്നുമില്ല ആരും ആരെയും കേൾക്കുന്നുമില്ല, പക്ഷെ പരസ്പരം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഈ ഘട്ടങ്ങളെപ്പറ്റി വി. ബൈബിളും പരാമർശിക്കുന്നുണ്ട്. എങ്ങിനെ പ്രാർഥിക്കണം എന്ന് ഗുരുവിനോട് ശിക്ഷ്യന്മാർ ചോദിക്കുന്ന മൂന്നവസരങ്ങൾ ബൈബിളിലുണ്ട്. ആദ്യം, നിങ്ങളുടെ ചിന്തകളും ആവശ്യങ്ങളും പിതാവ് അറിയുന്നുണ്ടല്ലോ അവിടത്തോട് ഒന്നും ആവശ്യപ്പെടേണ്ടതില്ലല്ലോ എന്നാണ് ഗുരു മറുപടി പറഞ്ഞത്. മുമ്പ് സൂചിപ്പിച്ച മൂന്നാം ഘട്ടമാണ് ഇവിടെ ഏറ്റവും മികച്ച പ്രാർഥനയായി യേശു സൂചിപ്പിക്കുന്നത്. മറ്റൊരവസരത്തിൽ ഇതേ ചോദം വീണ്ടും ഉണ്ടായപ്പോൾ യേശു പറഞ്ഞത് രണ്ടോ മൂന്നോ പേർ എൻറെ നാമത്തിൽ ഒന്നിച്ചു കൂടിയാൽ പിതാവ് അവിടെ ഉണ്ടാവും എന്നാണ്. ഇതുകൊണ്ടും തൃപ്തിയാവാതെ, മറ്റൊരവസരത്തിൽ പ്രാർഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേയെന്നു ശിക്ഷ്യന്മാർ അഭ്യർഥിച്ചപ്പോഴാണ്, പ്രസിദ്ധമായ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന് തുടങ്ങുന്ന പ്രാർത്ഥന യേശു പറഞ്ഞു കൊടുത്തത്. ഇത് ഒന്നാം ഘട്ടത്തിലുള്ള പ്രാർത്ഥന തന്നെ.

പ്രാർത്ഥന എന്തായിരുന്നാലും അതിൽ അടങ്ങിയിരിക്കുന്ന ഇശ്ച (Intention) വളരെ നിർണ്ണായകമാണ്. ഒരു ടാക്സിയിൽ കയറിയിരുന്നിട്ടു ഡ്രൈവറോട് പല ദിശകളിലേക്ക് പോകാൻ അതിലെ യാത്രക്കാർ ആവശ്യപ്പെട്ടാൽ, ഡ്രൈവർക്ക് നിങ്ങൾ ഉദ്ദേശിക്കുന്നിടത്ത് നിങ്ങളെ എത്തിക്കാൻ കഴിയില്ലാത്തതുപോലെയാണിതും. പ്രകടനങ്ങളുടെയും ഉരുവിടലുകളുടെയും ആവർത്തനം പ്രകാശമില്ലാതെ ചിത്രം എടുക്കുന്നതുപോലിരിക്കും എന്നാണ് ശ്രീ രാമകൃഷ്ണ പരമഹന്സർ പറഞ്ഞത്. അദ്ദേഹം പറഞ്ഞ കഞ്ചാവ് വിൽപ്പനക്കാരൻറെ ഉപമ വളരെ പ്രസിദ്ധമാണ്. കഞ്ചാവ് ചെറിയ ചെറിയ പൊതികളിലാക്കി കഞ്ചാവ് കഞ്ചാവ് കഞ്ചാവ് എന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരുന്ന ചെറുപ്പക്കാരന് ഒരിക്കലും ലഹരി പിടിക്കുന്നില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. കർത്താവേ കർത്താവേയെന്ന് അനേകം പ്രാവശ്യം ആവർത്തിച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് യേശുവും സൂചിപ്പിച്ചിട്ടുണ്ട്. ഒരഭ്യർത്ഥനയുടെ ആവർത്തനം, ആവശ്യങ്ങൾ അറിയാനും അത് പരിഹരിക്കാനുമുള്ള ദൈവത്തിൻറെ കഴിവിനെ സംശയിക്കലാണ്. ശരിയായ പ്രാർത്ഥന, ഹൃദയത്തിൽ നിന്നുള്ള നന്ദിയുടെ നൈസർഗ്ഗികമായ കുത്തൊഴുക്കാണെന്നു പറയാം. കൃതജ്ഞതയാണ് ദൈവവുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കാനുള്ള ഏക മാർഗ്ഗം.

ദൈവവും നമ്മളും മുന്തിരിച്ചെടിയും ശാഖകളും പോലെ അവിഭാജ്യ ഘടകങ്ങളാണെന്ന ചിന്ത പ്രാർഥനക്ക് അനിവാര്യമാണ്. സ്വാമി വിവേകാനന്ദൻറെ അഭിപ്രായം, ദൈവത്തെയും മനുഷ്യനെയും അകറ്റുന്ന ഏക ഘടകം അജ്ഞത മാത്രമാണെന്നാണ്. നാം പ്രാർത്ഥനയെന്നു വിളിക്കുന്നത് യാചനകളെയാണെന്നതാണ് രസകരം. 'ഉള്ളവന് സമൃദ്ധിയായി ലഭിക്കും' എന്ന വചനം ഇവിടെ പ്രത്യേകം സ്മരണിയമാണ്.  ഉള്ളവൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, പ്രപഞ്ചത്തിൻറെ /ദൈവത്തിൻറെ സമൃദ്ധിയെ തിരിച്ചറിഞ്ഞവനും ലഭിച്ചതിനെപ്പറ്റി ആഹ്ലാദിക്കുന്നവനെയുമാണ്. നാം എവിടെയാണോ ആയിരിക്കുന്നത് അത് നാം തിരഞ്ഞെടുത്തത് തന്നെയാണെന്ന വിചാരത്തോടെ നാം ആയിരിക്കുന്നിടത്തു തന്നെ നിലനിർത്താനാവും ദൈവവും ശ്രമിക്കുക. അതായത്, 'എനിക്ക് തരേണമേ' എന്ന് പ്രാർഥിക്കുന്നവൻ എന്നും അഭ്യർഥിച്ചുകൊണ്ടേയിരിക്കുന്ന ഒരവസ്ഥ തന്നെയാണ് ലഭിക്കുകയെന്ന് സാരം. പ്രാർത്ഥനയുടെ ഏറ്റവും നിർണ്ണായകമായ ഒരു ഘടകമാണ് കീഴടങ്ങൽ (Surrender). ഒരു ഭീരു സ്വീകരിക്കുന്ന കീഴടങ്ങൽ (Submission) അല്ല ഞാൻ ഉദ്ദേശിക്കുന്നത്. സ്വർഗ്ഗരാജ്യം ഉള്ളിൽ തന്നെയാണെന്നുള്ള തിരിച്ചറിവോടെ 'അവിടുത്തെ ഇഷ്ടം നിറവേറട്ടെ'യെന്ന ആഗ്രഹത്തോടെയുള്ള പ്രാർഥനയാണ് ശരിയായ പ്രാർത്ഥന. പൂർണ്ണമായും കീഴടങ്ങിയവൻ പ്രാർഥിക്കുന്നത് എൻറെ ഇഷ്ടമല്ല ശരിയായത് എന്ന ചിന്തയോടെ തന്നെയായിരിക്കും. ഇവിടെ, സൃഷ്ടിക്കാനുള്ള നമ്മുടെ വൈഭവക്കുറവും, യഥോചിതമായത് തിരഞ്ഞെടുക്കാനുള്ള നമ്മുടെ പരിമിതിയും നാം അംഗികരിക്കുന്നു. ശരിയായ പ്രാർഥനയാണെങ്കിൽ നിശ്ശ്ബ്ദതയിലൂടെ നമ്മുടെ തന്നെ അസ്ഥിത്വത്തിലേക്ക് നാം അലിഞ്ഞില്ലാതാവും. ആഘോഷമായി യേശു മൂന്നു പ്രാവശ്യം ദേവാലയത്തിൽ പ്രവേശിച്ചെങ്കിലും ഒരിക്കൽ പോലും അവിടെ പ്രാർഥിക്കാൻ സമയം ചിലവിട്ടെന്നു ബൈബിൾ പറയുന്നില്ല. പിതാവുമായി സംവദിക്കാൻ ആഗ്രഹിച്ചപ്പോഴെല്ലാം നിശ്ശബ്ദതയുടെ മലഞ്ചെരുവുകളിലെക്കും തടാക തീരത്തെക്കുമൊക്കെ ഉൾവലിയുന്ന ഒരു ഗുരുവിനെയാണ് ബൈബിൾ പരിചയപ്പെടുത്തുന്നത്. ഉള്ളു ശൂന്യമാക്കാൻ നിശ്ശ്ബ്ദതയ്ക്കുള്ള കഴിവു മറ്റൊന്നിനുമില്ല. ശൂന്യതയിലേക്ക് പോവുമ്പോൾ മാത്രമാണ് നാം പ്രപഞ്ചവുമായി/ ദൈവവുമായി കൂടുതൽ ലയവത്കരിക്കപ്പെടുന്നത്.

വളരെ ദോഷകരമായതോ വിനാശം വിതക്കുന്നവയോ ആണ് നെഗറ്റിവ് പ്രാർത്ഥനകൾ. ഒരുവൻറെ വിധിയാണ് അവൻ അനുഭവിക്കുന്നത് എന്ന ചിന്തയോടെ അവനെ സുഖപ്പെടുത്തണം അനുഗ്രഹിക്കണം എന്നൊക്കെ പ്രാർഥിക്കുന്നത് നെഗറ്റിവ് പ്രാർഥനയുടെ ഗണത്തിൽ പെടും, കാരണം അവൻ പറയുന്നതിനേക്കാൾ ശക്തിയോടെ അവൻ ഉള്ളിൽ സ്ഥാപിച്ച ഇശ്ച പ്രവർത്തിക്കുമെന്നുള്ളതാണ്. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയുമെല്ലാം ചെയ്യുന്ന മിക്ക പ്രാർത്ഥനകളും വിപരീത ഫലം ചെയ്യുന്നവയാണ്. ഒരു രോഗിക്ക് വേണ്ടി പ്രാർഥിക്കുമ്പോൾ മനസ്സിൽ വിഭാവനംചെയ്യുന്നത് അവൻറെ രോഗാവസ്ഥ വർദ്ധിക്കുന്നതായാണെങ്കിൽ രോഗിക്ക് അതെന്തുമാത്രം ദോഷം ചെയ്യുമെന്നു പറയേണ്ടതുണ്ടോ? പ്രാർഥിക്കാൻ അറിയാത്തവരെ ആ ചുമതല എല്പ്പിക്കരുതെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. സമൂഹ പ്രാർഥനകൾ പ്രഹസനമാകുന്നതിൻറെ കാരണമിതാണ്.

ആധുനിക പ്രാർഥനകൾ മിക്കതും ആത്മാവിൻറെ ശുദ്ധീകരണം ലക്ഷ്യമാക്കിയുള്ളതല്ല പകരം ഭൌതിക ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണ്. യഥാർത്ഥ പ്രാർത്ഥനയിൽ സ്വാർത്ഥ ചിന്തകൾക്ക്  സ്ഥാനമേയില്ല. എന്തിനുവേണ്ടിയാണോ പ്രാർഥിക്കുന്നത് അത് സാധിക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും പ്രാർഥിക്കുന്നവന് കഴിയണം. പ്രാർഥിക്കുമ്പോൾ പോസിറ്റിവ് ആയിട്ടുള്ള ഒരു ഫലചിത്രത്തെ മനസ്സിൽ സങ്കൽപ്പിക്കുക. അതേ ഇശ്ച സ്ഥാപിച്ചിട്ടുള്ള എല്ലാ പ്രാർത്ഥനകളുമായി നിങ്ങളുടെ പ്രാർത്ഥന ലയവത്കരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. സ്വർഗ്ഗിയമായ ഒരനുഭവത്തോടെ വേണം ഓരോ പ്രാർത്ഥനയും അവസാനിക്കാൻ. ഈ അനുഭവത്തിലായിരിക്കും എല്ലാവരുടെയും വിജയങ്ങളും. നന്നായി പ്രാർഥിക്കാൻ പഠിച്ചാൽ നന്നായി ജീവിക്കാനും പഠിച്ചുവെന്നർത്ഥം. .